പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 7 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ഒക്ടോബർ 2011



കേരളത്തിലെ കിഴങ്ങുവർഗ്ഗവിളകളും ഭക്ഷ്യസുരക്ഷയും

അധികാരവും പ്രയോഗതന്ത്രവും

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 നമുക്ക് വേണ്ടത്
ഒരു പുതിയ ശുചിത്വ അവബോധം
ഡോ. എം.കെ. മുനീർ

8 നവമാനവികതയുടെ ശബ്ദം
അജിത് വെണ്ണിയൂർ

10 കേരളത്തിലെ കിഴങ്ങുവർഗ്ഗവിളകളും
ഭക്ഷ്യസുരക്ഷയും
ഡോ. സി.എസ്. രവീന്ദ്രൻ

12 കിഴങ്ങുവർഗ്ഗ വിളകളുടെ
ശാസ്ത്രീയ കൃഷിരീതികൾ
സി.എസ്. രവീന്ദ്രൻ
ജി. സുജ

മരച്ചീനി 12
മധുരക്കിഴങ്ങ് 14
ചേന 16
കാച്ചിൽ 16
ചേമ്പ് 17
പാൽച്ചേമ്പ് 17
കൂവ 33
കൂർക്ക 33

18 സി.റ്റി.സി.ആർ.ഐ
കിഴങ്ങുവർഗ്ഗ ഗവേഷണത്തിൽ
അഭിമാനത്തോടെ...
ഡോ. എം. അനന്തരാമൻ
ഡോ. എസ്. രാമനാഥൻ

20 അധികാരവും പ്രയോഗതന്ത്രവും
അഡ്വ: കെ. പുഷ്പരാജൻ ആചാരി

24 പ്രൊക്യൂർമെന്റ് മാന്വൽ
കെ. വിനോദ് കുമാർ

28 ഇടിമിന്നൽ
ഡോ. പി.കെ. പ്രദീപ് കുമാർ

35 വികസനത്തിലേക്ക് കുതിക്കുന്ന
കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്
കെ. രാജഗോപാലൻ മാസ്റ്റർ

36 കരനെൽകൃഷിക്ക്
കിനാനൂർ മാതൃക
വീണാറാണി. ആർ

38 തേഞ്ഞു മാഞ്ഞു പോകുന്ന
ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

40 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

42 വാർത്തകൾ വിശേഷങ്ങൾ

ബോധവൽക്കരണം നടത്തണം

ആഗസ്റ്റ് ലക്കം പഞ്ചായത്ത് രാജ് മാസികയിൽ ആർ. ഹേലി എഴുതിയ 'ഭക്ഷ്യ സുരക്ഷ ജനപങ്കാളിത്ത പ്രസ്ഥാനമായി വളരണം' എന്ന ലേഖനം കൃഷിയുടെയും കർഷകന്റെയും പ്രശ്നങ്ങൾ വരച്ചു കാട്ടുന്നതായിരുന്നു.

ഒരു ഉപഭോഗ സംസ്ഥാനമായി മാറിയ കേരളം അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഭക്ഷ്യവസ്തുക്കൾ പ്രത്യേകിച്ച് പച്ചക്കറികൾ വരുന്നത് കാത്തിരിക്കയാണ്. കീടനാശിനിയിൽ കുളിപ്പിച്ച പച്ചക്കറികൾ വരുത്തുന്ന ആരോഗ്യ പ്രശ്നത്തിലേക്കും ലേഖനം വിരൽ ചൂണ്ടുന്നു. 1999ൽ തമിഴ്നാട്ടിലെ കൃഷി ഫാമിനെപ്പറ്റി നേരിട്ടറിയാനുള്ള ശ്രമത്തിന്റെ ഭാഗമായി ഒരു ഫാമിൽ ചെന്നു കൃഷിയെപ്പറ്റിയും അവർ തളിക്കുന്ന കീടനാശിനിയെക്കുറിച്ചും ചോദിച്ചറിഞ്ഞു. ഞങ്ങളുടെ സംഘം കാബേജിൽ (ഇലകൾ കൂടുന്നതിനുമുമ്പ്) തളിക്കുന്ന കീടനാശിനിയെക്കുറിച്ച് ചോദിച്ചു. ഇല കൂടികഴിഞ്ഞാൽ അതിൽ തളിക്കുന്ന വിഷം മഴമൂലവും മറ്റും നഷ്ടപ്പെടുന്നില്ലല്ലോ, അത് അത്യാപത്ത് വരുത്തുന്നതല്ലേ എന്ന ചോദ്യത്തിനുള്ള മറുപടി വിചിത്രമായിരുന്നു "അത് ഇങ്കയാരും ശാപ്പിടമാട്ടെ, ഇതെല്ലാം കേരളാവിലേക്ക് അൺപ്പിടും" എന്നായിരുന്നു. ഇത് കർഷകരുടെ സങ്കുചിതമായ ചിന്താഗതിയും തളിക്കുന്ന വിഷത്തെക്കുറിച്ചുള്ള അറിവില്ലായ്മയുമാണ് സൂചിപ്പിക്കുന്നത്. ഇതിനൊരു പരിഹാരം ഉണ്ടാവണമെങ്കിൽ സർക്കാരിന്റെ ഭാഗത്തു നിന്ന് കൃത്യമായ ബോധവൽക്കരണം അത്യാവശ്യമാണ്.

മുഹമ്മദ് വാവാട്ട്, *പാഴൂർ, കോഴിക്കോട്*

ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഉദ്ഘാടനം ചെയ്തു

പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽകൃത അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ഇക്കഴിഞ്ഞ ഒക്ടോബർ 2നു നടന്നു. ഗ്രാമ പഞ്ചായത്ത് നെഹ്റു പാർക്കിൽ സജ്ജീകരിച്ച വർണ്ണശബളമായ വേദിയിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ ഉത്ഘാടനം നിർവ്വഹിച്ചു. എളമരം കരീം എം.എൽ.എ അദ്ധ്യക്ഷനായിരുന്നു.

പഞ്ചായത്തുകളുടെ ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുതിയ സമ്പ്രദായം ഏറെ ഉപകരിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഡോ. എം.കെ. മുനീർ അഭിപ്രായപ്പെട്ടു. അധികാരവികേന്ദ്രീകരണത്തെതുടർന്ന് പഞ്ചായത്തുകൾക്ക് ഏറെ വിഭവങ്ങൾ ലഭിക്കുന്നുണ്ട്, കൂടുതൽ സാമ്പത്തിക അധികാരവും നൽകിയിട്ടുണ്ട്. കണക്കുകൾ എഴുതി, കൃത്യസമയത്ത് അക്കൗണ്ട് തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കുന്നതിന് പഞ്ചായത്തുകൾക്ക് സാധിക്കുന്നില്ല. പുതിയ സമ്പ്രദായം നിലവിൽ വരുന്നതോടു കൂടി വരവു ചെലവു കണക്കുകൾ അതാതു സമയം തന്നെ കമ്പ്യൂട്ടറുകൾ വഴി ലഭ്യമാകും. മാത്രവുമല്ല പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ ഗുണമേൻമയുള്ളതും വേഗത്തിലുമാക്കാൻ സാധിക്കും. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഈ സമ്പ്രദായം ഉടൻ വ്യാപിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു.

പഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി നൽകുന്നതിന് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തെ ഉപകാരപ്രദമാക്കി മാറ്റണമെന്ന് എളമരം കരീം എം.എൽ.എ അഭിപ്രായപ്പെട്ടു. പഞ്ചായത്തുകൾ പ്രധാനമായും ഊന്നൽകൊടുക്കേണ്ട മേഖല ശുചീകരണവുമായിബന്ധപ്പെട്ടതാണെന്നും അതിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാവരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സംസ്ഥാനത്ത് കമ്പ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻപിള്ള അവതരിപ്പിച്ചു.

ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിക്കുന്നു.

ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച 'സാംഖ്യ' ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ പ്രവർത്തന സഹായിയുടെ പ്രകാശനം IKM എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ നിർവ്വഹിച്ചു. കൊടുവള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റസിയ ഇബ്രാഹിമിന് പുസ്തകം കൈമാറിക്കൊണ്ടാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്.

ഡോ. എം. ഷംസുദ്ദീൻ, കില ഡയറക്ടർ ഡോ. പി.പി. ബാലൻ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ടി. ഭാസി എന്നിവർ ആശംസകൾ അർപ്പിച്ചു. ചടങ്ങിന് രാമനാട്ടുകര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.പി.എ. അസീസ് സ്വാഗതവും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.സി. സുരേന്ദ്രൻ നായർ നന്ദിയും രേഖപ്പെടുത്തി.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2011
പുസ്തകം 51
ലക്കം 7
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ

ജെയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

ശുചിത്വ സുന്ദര കേരളത്തിന്

കഴിഞ്ഞ ഒരു ദശാബ്ദമായി കേരള സംസ്ഥാനം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായി മാലിന്യസംസ്ക്കരണം മാറിയിരിക്കുകയാണ്. അധികാരവികേന്ദ്രീകരണത്തെ തുടർന്ന് പ്രാദേശിക ഭരണരംഗം കൈവരിച്ച ഒട്ടുമിക്ക നേട്ടങ്ങളെയും പിറകോട്ടടിപ്പിക്കുന്ന തരത്തിൽ ശുചിത്വവും മാലിന്യസംസ്ക്കരണവും ഒരു വെല്ലുവിളിയായിരിക്കുകയാണ്.

ശുചിത്വത്തിന്റെയും വൃത്തിബോധത്തിന്റെയും കാര്യത്തിൽ ഏറെ അഭിമാനിക്കുന്ന ഒരു ജനതയാണ് നമ്മുടേത്. എന്നാൽ അത് സ്വന്തം ദേഹവും വീടിനുമപ്പുറം പൊതുസ്ഥലങ്ങൾ ശുചിയാക്കി സാമൂഹ്യശുചിത്വം ഉറപ്പാക്കുന്നതിലേക്ക് എത്തപ്പെടുന്നില്ല എന്നതാണ് ദുഃഖകരമായ സത്യം. പരിസരശുചിത്വത്തിൽ സ്വന്തം വീടും കുടുംബവുമൊഴികെ മറ്റെല്ലാം മറ്റാരുടെയോ ചുമതലയോ ഉത്തരവാദിത്തമോ ആണെന്ന ധാരണ എങ്ങനെയോ മലയാളിയെ ഗ്രസിച്ചിരിക്കുന്നു. സ്വന്തം വീട്ടിലെ മാലിന്യം പ്ലാസ്റ്റിക് കവറുകളിലാക്കി യാതൊരു മനസാക്ഷിക്കുത്തുമില്ലാതെ പാതയോരത്ത് വലിച്ചെറിയുന്നതിന് പിന്നിലെ മനഃശാസ്ത്രം ഇതാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

പരിസരശുചിത്വവും മാലിന്യസംസ്ക്കരണവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്ത് ക്രമീകരിക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യ ചുമതലകളിൽ (Mandatory functions) പെടുന്നതാണ്. പ്രദേശത്തിന് അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മാലിന്യ സംസ്ക്കരണത്തിനു വേണ്ട സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം സാമൂഹ്യ ശുചിത്വത്തിന് ഓരോ വ്യക്തിയും ദൈനംദിന ജീവിതത്തിൽ സ്ഥാനം കല്പിക്കുക കൂടി ചെയ്താൽ മാത്രമേ ഈ ഗുരുതര പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയുള്ളൂ. ഇതിനുവേണ്ടി ശുചിത്വ–ആരോഗ്യ മേഖലയിലെ നിലവിലുള്ള സവിശേഷതകളും പ്രശ്നങ്ങളും പരിഗണിച്ചുകൊണ്ട് 'ശുചിത്വോത്സവം' എന്ന പേരിൽ ഒരു കാമ്പയിൻ പ്രവർത്തനം ഒക്ടോബർ 2 മുതൽ നവംബർ 4 വരെ സംസ്ഥാനത്ത് സംഘടിപ്പിച്ചിരിക്കുകയാണ്. എല്ലാ വിഭാഗം ജനങ്ങളിലും ശുചിത്വ മനോഭാവവും ശീലവും വളർത്തുക, ഖര–ദ്രവ മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്ന സ്ഥലത്തു തന്നെ വേർതിരിച്ച് വിവിധങ്ങളായ സാങ്കേതിക വിദ്യകൾ സ്വീകരിച്ചുകൊണ്ട് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്ത് ഗ്രാമങ്ങളും നഗരങ്ങളും വൃത്തിയായി സൂക്ഷിക്കുക, ഓഫീസുകൾ, സ്ക്കൂളുകൾ, ഇതര സ്ഥാപനങ്ങൾ വൃത്തിയും ശുചിത്വ സൗകര്യങ്ങളുമുള്ളതാക്കുക എന്നീ പ്രധാന സന്ദേശങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശുചിത്വോത്സവ പ്രവർത്തനങ്ങളും തുടർപ്രവർത്തനങ്ങളും വിലയിരുത്തി പ്രത്യേക അവാർഡുകളും നൽകും.

ബോധവൽക്കരണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ തന്നെ ജലാശയങ്ങളും പൊതുസ്ഥലങ്ങളും മലിനപ്പെടുത്തുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കാനും തദ്ദേശസ്ഥാപനങ്ങൾക്കു കഴിയണം. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നത് കോഗ്നൈസബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമാണ്. അതുപോലെ 40 മൈക്രോണിനു താഴെ കനമുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം തടയാനുള്ള നടപടികളും ശക്തമാക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചന്തകൾ, വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയിൽ സമഗ്ര ഖര–ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി തുകയുടെ 75 ശതമാനമോ പരമാവധി 4 ലക്ഷം രൂപയോ ഗ്രാമപഞ്ചായത്തുകൾക്ക് സമ്പൂർണ്ണ ശുചിത്വ യജ്ഞ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്താൻ ഗ്രാമപഞ്ചായത്തുകൾക്കു കഴിയണം.

കമ്പ്യൂട്ടറുകളും ടെലിവിഷൻ സെറ്റും മൊബൈൽ ഫോണുകൾക്കുമപ്പുറം സ്മാർട്ട് ഫോണും ഐ–പാഡും എൽസിഡിയും എൽഇഡിയുമൊക്കെ കമ്പോളം കീഴടക്കുമ്പോൾ ആധുനിക കാലഘട്ടത്തിൽ മാലിന്യത്തിന്റെ പട്ടികയും നിർവചനവും മാറിക്കൊണ്ടിരിക്കുകയാണെന്ന വസ്തുത നാം തിരിച്ചറിയണം. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും പാഴ്വസ്തുക്കൾ പുനരുപയോഗം ചെയ്യുന്നതിനും മുൻഗണന നൽകണം. കേരളത്തെ ശുചിത്വ സുന്ദര സംസ്ഥാനമാക്കി മാറ്റുന്നതിന് മാലിന്യസംസ്ക്കരണവും പരിസര ശുചിത്വവും ഒരു തുടർപ്രക്രിയയായി മാറണം. അതാണ് ശുചിത്വോത്സവം നൽകുന്ന സന്ദേശവും.

നമുക്ക് വേണ്ടത്

ഒരു പുതിയ ശുചിത്വ അവബോധം

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസുമായി (സെസ്സ്) സഹകരിച്ച് 45 പഞ്ചായത്തുകളിൽ ആരംഭിക്കുന്ന ഗ്രീൻ ടെക്നോളജി സെന്ററുകൾ സീറോ വേസ്റ്റ് എന്ന ആശയം ആസ്പദമാക്കിയുള്ള താണ്. മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ഒരു പ്രധാന ഉദ്ദേശ്യം. ഒപ്പം പരിസ്ഥിതി സൗഹൃദവും ഊർജ്ജസംരക്ഷണവും ഉറപ്പുവരുത്തുന്നു. ഗോ ഗ്രീൻ എന്ന ആധുനിക ലക്ഷ്യത്തോടെ പടിപടിയായി ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഇന്ത്യയിൽ ഏറ്റവും ശുചിത്വമേറിയ സംസ്ഥാനമെന്ന ബഹുമതി കേരളത്തിനുണ്ടായിരുന്നു. പക്ഷെ ഇന്ന് അങ്ങനെ ഒരു ബഹുമതി അവകാശപ്പെടാൻ കഴിയുമോ? ഉപഭോക്തൃ സംസ്ഥാനമായി മാറിയ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം മാലിന്യസംസ്ക്കരണപോരായ്മയാണ്. മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ അഭാവം സാമൂഹിക-ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഏറ്റവും അടിയന്തരമായി പരിഹരിക്കപ്പെടേണ്ട പ്രശ്നമായാണ് സർക്കാർ ഇതിനെ കാണുന്നത്. കേരളത്തെ മാലിന്യമുക്തമാക്കുക എന്നത് മാത്രമാണ് ഇതിനുള്ള പോംവഴി. ഇതിലേക്കുള്ള പ്രഥമ ചുവടുവയ്പ്പ് എന്ന നിലയിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഒക്ടോബർ 2 മുതൽ നവംബർ 4 വരെ ശുചിത്വപരിപാടിയും തുടർന്ന് ഒരു വർഷം നീണ്ടുനിൽക്കുന്ന 'ശുചിത്വോത്സവം' എന്ന കാമ്പയിനും സംഘടിപ്പിക്കുന്നുണ്ട്. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2ന് സംസ്ഥാനത്താകെ എല്ലാ തലങ്ങളിലും വിപുലമായ ശുചീകരണ പ്രവർത്തനങ്ങളും ഉദ്ഘാടന പരിപാടികളും സംഘടിപ്പിച്ചു കൊണ്ട് 'ശുചിത്വോത്സവം-2011'ന് തുടക്കം കുറിച്ചു കഴിഞ്ഞു.

സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസുമായി (സെസ്സ്) സഹകരിച്ച് 45 പഞ്ചായത്തുകളിൽ ആരംഭിക്കുന്ന ഗ്രീൻ ടെക്നോളജി സെന്ററുകൾ സീറോ വേസ്റ്റ് എന്ന ആശയം ആസ്പദമാക്കിയുള്ളതാണ്. മാലിന്യം ഉത്പ്പാദിപ്പിക്കപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ഒരു പ്രധാന ഉദ്ദേശ്യം. ഒപ്പം പരിസ്ഥിതി സൗഹൃദവും ഊർജ്ജ സംരക്ഷണവും ഉറപ്പുവരുത്തുന്നു. ഗോ ഗ്രീൻ എന്ന ആധുനിക ലക്ഷ്യത്തോടെ പടിപടിയായി ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്രത്യേക കർമ്മസമിതികളുടെ രൂപീകരണം, ഖരമാലിന്യ സർവ്വേ, സ്ഥിതി വിവര റിപ്പോർട്ട്, പഞ്ചായത്തുതല ശില്പശാല, പഞ്ചായത്തുതല ശുചിത്വ സമീപന രേഖ തയ്യാറാക്കൽ, ഗ്രാമസഭകൾ വിളിച്ചു ചേർത്ത് സമീപന രേഖകൾ അംഗീകരിക്കൽ തുടങ്ങിയ കർമ്മ പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും സന്നദ്ധ ആരോഗ്യ പ്രവർത്തകരുടെ സ്ക്വാഡുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ കുട്ടികളുടെ സഹകരണത്തോടെ സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനുള്ള പ്രത്യേക പരിപാടിയും, എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് & ഗൈഡ്സ്, അദ്ധ്യാപക സംഘടനകൾ, സ്കൂൾ ഹെൽത്ത് ക്ലബുകൾ എന്നിവയുടെ സഹകരണത്തോടെ പരിസര ശുചീകരണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ പദ്ധതികളും പ്രാവർത്തികമായി വരുന്നുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളാണ്. ഖര-ദ്രവ മാലിന്യ സംസ്കരണം, പരിപാലനം എന്നിവ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ശുചിത്വ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ലഭിക്കുന്ന ഫണ്ടിന്റെ അപര്യാപ്തത പഞ്ചായത്തുകൾ നേരിടുന്ന പ്രശ്നങ്ങളിൽ ഒന്നാണ്. ഇത് പരിഹരിക്കേണ്ടതുണ്ട്. ഖരമാലിന്യങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്. ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിൽ പ്രോജക്ടുകൾ സമർപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സമഗ്ര മാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടിന്റെ 75% തുകയോ, പരമാവധി 7.5 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വയജ്ഞം ഗ്രാന്റിൽ നിന്നും നൽകിവരുന്നുണ്ട്. ഈ തുകയുടെ പരിധി 35 ലക്ഷം രൂപയായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് 5000 രൂപ സബ്സിഡി നൽകുന്ന കാര്യവും പരിഗണനയിലാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ചവറോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു പൊതു ജലമാർഗ്ഗത്തിലോ, ജലാശയത്തിലോ ജലസ്രോതസ്സിലോ ചവറോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ, മറ്റേതെങ്കിലും വിധത്തിൽ ജലം ദുഷിപ്പിക്കുകയോ ചെയ്യാൻ പാടില്ല. ഇപ്രകാരമുള്ള കുറ്റത്തിന് 10,000/- രൂപ മുതൽ 25,000/- രൂപ വരെ പിഴയും ആറുമാസം മുതൽ ഒരു വർഷംവരെ തടവും നൽകി ശിക്ഷിക്കപ്പെടാം. മാത്രമല്ല ഇത്തരം ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമാണ്. ഇത്തരം ശക്തമായ നിയമവ്യവസ്ഥകൾ ഉണ്ടായിട്ടും പൊതുനിരത്തുകളിലും തോടുകളിലും നദികളിലും മാലിന്യം വലിച്ചെറിയുന്നത് തുടരുന്നു എന്നതിന് അർത്ഥം നിയമം കർക്കശമായി നടപ്പാക്കുന്നില്ല എന്നാണ്.

ബോധവത്ക്കരണ പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളത്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതിനാൽ ബോധവത്ക്കരണത്തിലൂടെയും കർശന നിയമത്തിലൂടെയും അത് നിയന്ത്രിക്കേണ്ടതുണ്ട്. ശുചീകരണ തൊഴിലാളികൾക്ക് മാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതിനുവേണ്ട പരിശീലനവും ബോധവത്ക്കരണവും നൽകേണ്ടത് അത്യാവശ്യമാണ്. മാലിന്യ സംസ്കരണത്തിൽ ആധുനിക ശാസ്ത്രീയ അറവുശാലകൾ ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തെ 31 ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ അറവുശാലകളുള്ളത്. അറവുശാലകളുടെ അഭാവം അനധികൃത കശാപ്പിനും ശുചിത്വമില്ലാത്ത മാംസ വിൽപ്പനയ്ക്കും ഇടയാക്കുന്നു.

ഉയർന്ന ജനസാന്ദ്രത, വർദ്ധിച്ചുവരുന്ന ഉപഭോക്തൃ സംസ്കാരം, പൊതു ഭൂമിയുടെ ലഭ്യത കുറവ്..... ഇവയെല്ലാം ശുചിത്വ പരിപാലനത്തിൽ നാം നേരിടുന്ന വെല്ലുവിളികളാണ്. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ വലിയ ശ്രദ്ധ പുലർത്തുന്ന കേരളീയർ സാമൂഹികശുചിത്വത്തിൽ വളരെ പുറകിലായി പോകുന്നത് അഭിലഷണീയമല്ല. പ്രദേശത്തിന് അനുയോജ്യമായ ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ തെരഞ്ഞെടുക്കുന്നതോടൊപ്പം ഒരു പുതിയ ശുചിത്വ അവബോധം വളർത്തിയെടുക്കുക കൂടി ചെയ്യേണ്ടതുണ്ട്.

ഓർക്കുക ശുചിത്വം ദൈവത്വത്തിന് ഏകദേശം ഒപ്പമാണ്.

*CLEANLINESS IS
NEXT TO GODLINESS* ■

നവമാനവികതയുടെ ശബ്ദം

മഹാത്മാഗാന്ധിയുടെ ജന്മദിനം 'അന്താരാഷ്ട്ര അഹിംസാദിന'മായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചത് 2007ലാണ്. അതുമായി ബന്ധപ്പെട്ടുനടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ ഉയർന്നുകേട്ട ഒരു പ്രധാന ആഹ്വാനം "ഗാന്ധിയിലേക്ക് മുന്നേറുക" എന്നതാണ്- ഗാന്ധിയിലേക്ക് മടങ്ങുകയല്ല വേണ്ടത് എന്ന് വിശദീകരണം. "മാനവസമൂഹം ഇന്ന് യഥാർഥത്തിൽ ഒരു വഴിത്തിരിവിലാണ്. പുതിയൊരു ലോകക്രമത്തിനായി സമൂഹം കേഴുന്നു. ഗാന്ധിയും അദ്ദേഹത്തിന്റെ സാമ്പത്തിക കാഴ്ചപ്പാടുകളുമാണ് ഭാവിയുടെ രക്ഷാമാർഗ്ഗം".

ഒരു കാലത്ത് ലോകമാകെ ഉത്സവതിമിർപ്പോടെ വരവേറ്റ പ്രതിഭാസമാണ് വ്യവസായവൽക്കരണം. മാനവരാശിയുടെ മോചനമാർഗ്ഗമായി അതിനെ ഏവരും വാഴ്ത്തി. അതിലൂടെ ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണമോചനം പലരും സ്വപ്നം കണ്ടു.

ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ അത്യത്ഭുതകരമായ മുന്നേറ്റം ആ പ്രതിഭാസത്തിന്റെ വേഗവും ആക്കവും വർധിപ്പിച്ചു. അത് സമ്പദ്മേഖലയിൽ രണ്ട് ഉപോല്പന്നങ്ങൾക്ക് ജന്മം നൽകി- സമ്പത്തിന്റെ കേന്ദ്രീകരണവും അധീശത്വവും. മുതലാളിത്ത വ്യവസ്ഥയിൽ ചൂഷണോപാധിയായിരുന്ന ആ വിപത്തുകൾ ലോകസമ്പദ്ഘടനയിൽ പുതിയ പരിവേഷത്തോടെ ആധിപത്യമുറപ്പിച്ചു.

അജിത് വെണ്ണിയൂർ

സമ്പത്തിന്റെ കേന്ദ്രീകരണം ഉച്ചനീചത്വങ്ങൾക്ക് ഇടയാക്കുമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. പക്ഷേ, അത് അനിവാര്യമാണെന്നും ആ സമ്പത്ത് സമൂഹത്തിന്റെ നന്മയ്ക്ക് ഉപയോഗിക്കത്തക്കവിധം ഭരണകൂടത്തിന് അതിന്മേൽ നിയന്ത്രണം ഉണ്ടാവണമെന്നും ഒരു വിഭാഗം സമർത്ഥിച്ചു.

വ്യവസായങ്ങൾ സർക്കാർ ഉടമസ്ഥതയിൽ കൊണ്ടുവന്ന് മുതലാളിത്തത്തിന്റെ ദൂഷ്യങ്ങളെ ഇല്ലാതാക്കാമെന്ന് മറ്റൊരു കൂട്ടർ ചിന്തിച്ചു. സമ്പത്തിന്റെ എല്ലാ ഘടകങ്ങളിലും സർക്കാരിന്റെ നിയന്ത്രണവും അധികാരവും ഉറപ്പാക്കുന്ന സോഷ്യലിസ്റ്റ് കമ്യൂണിസ്റ്റ് ചിന്താഗതികളും പ്രബലമായി. ലോകത്തിന്റെ പല ഭാഗങ്ങളിലും ഈ വഴിക്കുള്ള അന്വേഷണങ്ങളും പരീക്ഷണങ്ങളും നടന്നു.

വിഭിന്നമായ ശബ്ദം

തികച്ചും വിഭിന്നമായ ഒരു ശബ്ദം കേട്ടത് മഹാത്മാഗാന്ധിയിൽ നിന്നായിരുന്നു. വ്യവസായങ്ങളുടെയും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള സമ്പദ്വ്യവസ്ഥയുടെയും നിയന്ത്രണം സർക്കാരിലാവുന്നത് ഉദ്ദേശിക്കുന്ന ഫലം ചെയ്യില്ലെന്ന് അദ്ദേഹം ദീർഘദർശനം ചെയ്തു. സർക്കാർ മറ്റൊരു മുതലാളിയായി മാറാൻ മാത്രമേ അത് സഹായിക്കൂ. മുതലാളിത്തത്തിന്റെ സർവദൂഷ്യങ്ങളും നിലനിൽക്കുകയും, അതേസമയം മുതലാളിത്തത്തിലുണ്ടാവുന്ന കാര്യക്ഷമതയ്ക്ക് സർക്കാർ ഉടമസ്ഥതയിൽ കുറവുണ്ടാവുകയും ചെയ്യും.

വിപ്ലവാത്മകമായ മറ്റൊരു ചിന്താഗതി ഗാന്ധിജി അവതരിപ്പിച്ചു-ട്രസ്റ്റിഷിപ്പ്. എല്ലാ വ്യവസായങ്ങളും സമ്പത്തും സമൂഹത്തിന്റേതായി മാറുക. സമൂഹത്തിലെ ഓരോ വ്യക്തിക്കും അതിന്മേൽ നിയന്ത്രണവും താല്പര്യവും ഉണ്ടായിരിക്കുക. താൻ കൈകാര്യം ചെയ്യുന്ന ഓരോ പൈസയും ഒരോ സമ്പത്തും സമൂഹത്തിന്റേതാണെന്ന് ഓരോ വ്യക്തിക്കും ബോദ്ധ്യപ്പെടുക. സമൂഹത്തിലെ എല്ലാവരുടേയും ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുകയാണ് തന്റെ കർത്തവ്യമെന്ന് ഓരോരുത്തരും മനസ്സിലാക്കുക. തൊഴിലാളി-മുതലാളി സങ്കല്പങ്ങളിൽ അടിസ്ഥാനപരമായ വിപ്ലവത്തിന് ഈ ചിന്ത വഴിയൊരുക്കും.

ഭഗവത്ഗീതയിലെ അപരിഗ്രഹം, സമഭാവം തുടങ്ങിയ ഉദാത്തചിന്തകൾ ഗാന്ധിജിയെ ചെറുപ്പകാലത്തുതന്നെ സ്വാധീനിച്ചിരുന്നു. സാമൂഹിക ജീവിതത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനാരംഭിച്ചപ്പോൾ ഈ പദങ്ങൾ പരിഹാരമാർഗമായി അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞുവന്നു. അതിനൊരു പ്രായോഗിക രൂപം നൽകാൻ ഗാന്ധിജി തെരഞ്ഞെടുത്ത പദമാണ് ട്രസ്റ്റിഷിപ്പ്.

സമ്പത്തിന്റെ സൂക്ഷിപ്പുകാരൻ

മനുഷ്യൻ സ്വന്തം കഴിവുകളേയും സമ്പത്തിനേയും ട്രസ്റ്റിയുടെ-സൂക്ഷിപ്പുകാരന്റെ-നിലയിൽ കാണുക, ഉപയോഗിക്കുക. പണം കുന്നുകൂട്ടാനുള്ള ആഗ്രഹം അതുവഴി കുറച്ചുകൊണ്ടുവരാൻ കഴിയും. സമൂഹത്തോടുള്ള ഉത്തരവാദിത്തം വർദ്ധിക്കും. മനസ്സിന് സുഖവും സന്തോഷവും തോന്നും. മാനസികമായ വിപ്ലവത്തിന്റെ, മനുഷ്യജീവിതത്തെക്കുറിച്ചുള്ള സമഗ്രമായ ചിന്തയുടെ ഭാഗമാണ് ഗാന്ധിജിക്ക് അർത്ഥശാസ്ത്രവും. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "അർത്ഥശാസ്ത്രത്തെ സദാചാരശാസ്ത്രത്തിൽനിന്നു ഒഴിച്ചുനിർത്തുന്നത് അവിഹിതമാണ്. സത്യവും അഹിംസയുമാണ് അർത്ഥശാസ്ത്രത്തിന്റെ അടിക്കല്ലുകൾ".

അഹിംസയ്ക്ക് അനുരൂപമായ അടിത്തറയല്ല ഫാക്ടറി സംസ്കാരം എന്ന് ഗാന്ധിജി വിശ്വസിച്ചു. സ്വയംപര്യാപ്തമായ ഒരു ഗ്രാമത്തിൽ മാത്രമേ അഹിംസയുടെ വേരുകൾ ഓടുകയുള്ളു. നാൾതോറും വർദ്ധിച്ചുവരുന്ന ഭൗതികാവശ്യങ്ങളും അവ നിറവേറ്റാനായി മനുഷ്യൻ സമ്പാദിച്ചുകൂട്ടുന്ന അളവറ്റ സ്വത്തും സദാചാരനിയമങ്ങളെയും ധാർമ്മിക ചിന്തയേയും തകിടംമറിക്കും. ജീവിതാവശ്യങ്ങളെ പരമാവധി ചുരുക്കുകയും എല്ലാവർക്കും ജീവിതം ആയാസരഹിതമാക്കാൻ വഴിയൊരുക്കുകയുമാണ് സംതൃപ്ത ജീവിതത്തിനുള്ള മാർഗ്ഗം.

ആത്മാവ് നഷ്ടപ്പെട്ടാൽ

പാശ്ചാത്യരാജ്യങ്ങൾ വികസനത്തിനുള്ള വഴിയായി തിരഞ്ഞെടുത്ത കേന്ദ്രീകൃത ഉത്പാദനവ്യവസ്ഥ അനുകരിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകൾ ഗാന്ധിജി പലപ്പോഴും എടുത്തുകാട്ടി. അദ്ദേഹം പറഞ്ഞു "ഭാരതത്തിന്റെ ഭാവി അതിന്റെ ഭൗതികമായ വളർച്ചയിലല്ല, ആത്മാവിന്റെ ഉയർച്ചയിലാണ്. പാശ്ചാത്യരാജ്യങ്ങളുടെ ജീവിതശൈലിയിലേക്ക് പുറപ്പെട്ടാൽ നമുക്ക് നഷ്ടപ്പെടുക നമ്മുടെ ആത്മാവായിരിക്കും. ആത്മാവില്ലാതെ ഭാരതത്തിന് ഒരു ജീവിതമുണ്ടാവില്ല. ഇന്ന് ഭാരതത്തിന്റെ ആത്മാവ് അപകടാവസ്ഥയിലാണ്. കൈയുംകെട്ടി നിസ്സഹായരായി നാം നോക്കിനിന്നാൽ ഫലം സർവ്വനാശമാണ്. പടിഞ്ഞാറിന്റെ പിടിയിൽനിന്ന് നമുക്ക് രക്ഷപ്പെടാനാവില്ലെന്ന ധാരണ പലരിലും വേരുറച്ചിട്ടുണ്ട് അതുമാറ്റാനും ചെറുത്ത് നിൽപ്പിനുള്ള ശേഷി രാഷ്ട്രത്തിന് കൈവരിക്കാനും നാം ഉണർന്നെണീൽക്കണം".

ശേഷം പേജ് 34

"രണ്ടുതരത്തിലുള്ള ചിന്താഗതികളാണ് ഇന്ന് ലോകത്തുള്ളത്. ഒന്ന് ലോകത്തെ നഗരങ്ങളായി വിഭജിക്കാനുള്ള ശ്രമം; മറ്റൊന്ന് ഗ്രാമങ്ങളായും. ഗ്രാമ, നഗര സംസ്കാരങ്ങൾ തീർത്തും വിഭിന്നങ്ങളാണ്. ഒന്ന് കരകൗശലങ്ങളെ പ്രതിനിധാനം ചെയ്യുന്നു. മറ്റൊന്ന് വൻകിട വ്യവസായങ്ങളേയും. നാം മുൻഗണന നൽകേണ്ടത് ഇതിൽ ആദ്യത്തേതിനാണ്. കാരണം അത് ഭാരതത്തിന്റെ ആത്മാവുമായി ലയിച്ചു ചേർന്നതാണ്. നമ്മുടെ സാമ്പത്തിക വളർച്ചയുടെ വേരുകൾ ഇപ്പോഴും ലക്ഷോപലക്ഷം വരുന്ന ഗ്രാമങ്ങളിലാണ്; അപൂർവം ചില നഗരങ്ങളിലല്ല. അതുകൊണ്ടു തന്നെ സാമ്പത്തിക ശക്തിയുടെ വികേന്ദ്രീകരണം ഗ്രാമങ്ങൾ അടിസ്ഥാനമാക്കിയാവണം. അതാവട്ടെ ഒരോ ഗ്രാമത്തേയും സ്വയംപര്യാപ്തതയിലേക്ക് നയിക്കാനുതകുന്നതും."

കേരളത്തിലെ കിഴങ്ങുവർഗ്ഗ വിളകളും ഭക്ഷ്യ സുരക്ഷയും

ഡോ. സി.എസ്. രവീന്ദ്രൻ

കേരളത്തിൽ നെല്ല് കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യവിളയാണ് കിഴങ്ങുവർഗ്ഗങ്ങൾ. കേരളത്തിൽ നെല്ലിന്റെ ആവശ്യകത പ്രതിവർഷം 40 ലക്ഷം ടൺ ആണ്. എന്നാൽ ആറുലക്ഷം ടൺ മാത്രമാണ് നമ്മുടെ പ്രതിവർഷ നെല്ലുല്പാദനം. കേരളത്തിൽ ഉദ്ദേശം രണ്ടരലക്ഷം ഹെക്ടർ സ്ഥലത്തുമാത്രമാണ് നെല്ലുല്പാദിപ്പിക്കുന്നത്. ശരാശരി നെല്ലുല്പാദനം ഹെക്ടറിന് രണ്ടര ടണ്ണാണ്. നെല്ലുല്പാദനത്തിലെ ഈ കുറവ് ഒരു പരിധി വരെ കിഴങ്ങു വർഗ്ഗങ്ങളുടെ ഉല്പാദനത്തിലൂടെ പരിഹരിക്കാൻ സാധിക്കും.

കേരളത്തിലെ പ്രധാന കിഴങ്ങു വർഗ്ഗവിളകൾ മരിച്ചീനി, മധുരക്കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ്, പാൽച്ചേമ്പ്, കൂവ, കൂർക്ക എന്നിവയാണ്. ഇതിൽ മരച്ചീനി, മധുരക്കിഴങ്ങ്, കാച്ചിൽ എന്നിവ പ്രധാന ഭക്ഷ്യ വിളകളായി കരുതപ്പെടുന്നു.

കേരളത്തിൽ 87000 ഹെക്ടർ സ്ഥലത്തു മരിച്ചീനി കൃഷി ചെയ്യുന്നുണ്ട്. 40 വർഷം മുമ്പ് മൂന്നേകാൽ ലക്ഷം ഹെക്ടറിൽ മരച്ചീനി കൃഷി ചെയ്തിരുന്നു. അന്ന് ഉല്പാദന ക്ഷമത ഹെക്ടറിന് 10 ടൺ മാത്രമായിരുന്നു. ഇന്നത് ഹെക്ടറിന് 30 ടൺ ആയി ഉയർന്നിട്ടുണ്ട്. കേരളത്തിലെ ഇപ്പോഴത്തെ മരച്ചീനി ഉല്പാദനം 27 ലക്ഷം ടൺ ആണ്. സംസ്ഥാനത്ത് ആകെയുള്ള മരച്ചീനി കൃഷിയുടെ വിസ്തൃതിയുടെയും ഉല്പാദനത്തിന്റെയും പകുതിയോളം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്.

മധുരക്കിഴങ്ങ് 350 ഹെക്ടറിലും മറ്റു കിഴങ്ങുവർഗ്ഗ വിളകൾ 23000 ഹെക്ടറിലുമാണിപ്പാൾ കൃഷിചെയ്യുന്നത്.

മറ്റു ഭക്ഷ്യ വിളകളെ അപേക്ഷിച്ച് കിഴങ്ങു വിളകൾക്ക് മെച്ചങ്ങളേറെയാണ്. അതുകൊണ്ട് ഭക്ഷ്യ സുരക്ഷ സംബന്ധിച്ച ഏതു കാര്യത്തിലും ഇവയ്ക്ക് പ്രമുഖ സ്ഥാനമുണ്ട്.

പൊതുവെ ഏതു പ്രതികൂല സാഹചര്യത്തിലും പൂർണ്ണമായ കൃഷിനാശം ഇവയ്ക്കുണ്ടാകുന്നില്ല. അതുകൊണ്ടാണ് ഇവയെ ഇൻഷുറൻസ് വിളകൾ എന്നു വിളിക്കുന്നത്. വരൾച്ചയിലും ഈ വിളകൾ പ്രത്യേകിച്ച് മരച്ചീനി, കാച്ചിൽ എന്നിവ നന്നായി പിടിച്ചു നില്ക്കുന്നു. മരച്ചീനി, കാച്ചിൽ എന്നിവ ഹെക്ടറിന് 30 ടണ്ണിൽ കൂടുതൽ വിളവു തരുന്നു. ചേനയ്ക്ക് ഹെക്ടറിന് 40 ടണ്ണിനു മുകളിൽ വിളവു ലഭിക്കും. മധുരക്കിഴങ്ങ് നട്ട് മൂന്നുമാസത്തിനുള്ളിൽ വിളവെടുക്കാം. മിക്കവാറും എല്ലാ കിഴങ്ങുവർഗ്ഗ വിളകൾക്കും തണലിൽ വളരാനും മെച്ചപ്പെട്ട വിളവു നൽകാനും കഴിവുണ്ട്. അതിനാൽ ദീർഘകാല വിളകൾക്കൊപ്പം ഇടവിളയായി കൃഷി ചെയ്യാം.

കിഴങ്ങു വർഗ്ഗ വിളകൾക്ക് മറ്റുവിളകളെ അപേക്ഷിച്ചു കൃഷിചെലവു കുറവാണ്. ജൈവ കൃഷിയോട് നന്നായി പ്രതികരിക്കുന്നതാണ് കിഴങ്ങു വർഗ്ഗ വിളകൾ.

മൂപ്പു കുറഞ്ഞ ഇനങ്ങൾ നെൽപാടങ്ങളിൽ ഒരുപൂ നെല്ലിനു ശേഷം കൃഷി ചെയ്യാം. ഉദാഹരണത്തിന് നെല്ല്-മരിച്ചീനി, നെല്ല്-ചേന, നെല്ല്-ചേമ്പ്, മധുരക്കിഴങ്ങ് നെൽപാടങ്ങളിൽ മൂന്നാം വിളയായി കൃഷി ചെയ്യാം.

മറ്റു വിളകളെ അപേക്ഷിച്ചു കിഴങ്ങു വർഗ്ഗങ്ങളിൽ രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം കുറവാണ്.

ഗൾഫ് നാടുകളിലും മറ്റു വിദേശ നാടുകളിലും കിഴങ്ങുവർഗ്ഗങ്ങൾക്ക് നല്ല ഡിമാന്റ് ഉള്ളതിനാൽ ഇവയുടെ കയറ്റുമതി വഴി കർഷകന് ആദായം വർദ്ധിപ്പിക്കാൻ കഴിയും.

കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുകൾ ധാരാളമായി ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.
- തെങ്ങിൻ തോപ്പുകളിലും നെൽ വയലുകളിലും കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കണം.
- കൃഷിചെലവുകുറയ്ക്കാനായി യന്ത്രവൽക്കരണം കിഴങ്ങുവർഗ്ഗ കൃഷിയിലും നടപ്പാക്കണം.
- ചെരിഞ്ഞ പ്രദേശങ്ങളിൽ കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്യുമ്പോൾ മണ്ണൊലിപ്പു തടയാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം
- കിഴങ്ങു വർഗ്ഗ ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാനുള്ള ഏർപ്പാടുകൾ ചെയ്യണം.
- കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്യുന്ന പാവപ്പെട്ട കർഷകർക്ക് സാമ്പത്തിക സഹായം നൽകണം. ■

ലേഖകൻ തിരുവനന്തപുരം കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണകേന്ദ്രത്തിൽ ശാസ്ത്രജ്ഞനാണ്

കേരളത്തിലെ പ്രധാന കിഴങ്ങു വർഗ്ഗവിളകൾ മരിച്ചീനി, മധുരക്കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ്, പാൽച്ചേമ്പ്, കൂവ, കൂർക്ക എന്നിവയാണ്. ഇതിൽ മരച്ചീനി, മധുരക്കിഴങ്ങ്, കാച്ചിൽ എന്നിവ പ്രധാന ഭക്ഷ്യ വിളകളായി കരുതപ്പെടുന്നു.

സി.എസ്. രവീന്ദ്രൻ
ജി. സുജ

കിഴങ്ങുവർഗ്ഗ വിളകളുടെ ശാസ്ത്രീയ കൃഷിരീതികൾ

കാലാവസ്ഥയും മണ്ണും

നല്ല മഴയും ചൂടുമുള്ള ഉഷ്ണമേഖലാപ്രദേശങ്ങളിലാണ് മരച്ചീനി നന്നായി വളരുന്നത്. എന്നാൽ ഉപോഷ്ണമേഖല പ്രദേശങ്ങളിലും മരച്ചീനി കൃഷി ചെയ്യപ്പെടുന്നുണ്ട്. മരച്ചീനിയുടെ വളർച്ചയ്ക്ക് ഏറ്റവും അനുയോജ്യമായ ഊഷ്മാവ് 25-29^{0}C ആണ്. അതിശൈത്യവും മഞ്ഞും താങ്ങാനുള്ള കഴിവ് ഇതിനില്ല. അന്തരീക്ഷ ഊഷ്മാവ് ഏതാണ്ട് 10^{0}C താഴെയാകുമ്പോൾ മരച്ചീനി ചെടിയുടെ വളർച്ച സ്തംഭിക്കുന്നു. വരൾച്ചയെ ചെറുത്തു നിൽക്കാനുള്ള കഴിവ് മരച്ചീനിക്ക് മറ്റു വിളകളെ അപേക്ഷിച്ച് താരതമ്യേന കൂടുതലാണ്. എന്നാലും 1000 mm-1500 mm നകം മഴ കിട്ടുന്ന ഇടങ്ങളിൽ മരച്ചീനി നന്നായി വളരുന്നു.

മരച്ചീനി കൃഷിക്ക് അനുയോജ്യമായത് പശിമരാശി മണ്ണാണ്. ഈർപ്പമുള്ളതും ആഴമേറിയതുമായ മണ്ണിലാണ് മരച്ചീനി നന്നായി വളരുന്നത്. സാധാരണയായി ഏതു തരം മണ്ണിലും വളരുമെങ്കിലും ക്ഷാരഗുണം കൂടുതലുള്ളതും നീർവാർച്ച കുറഞ്ഞതുമായ മണ്ണ് മരച്ചീനി കൃഷിക്ക് യോജിച്ചതല്ല. മറ്റു മിക്ക വിളകളും വിളയാത്ത അമ്ലത്വം അഥവാ പുളിരസമേറിയ മണ്ണിലും മരച്ചീനി കൃഷി ചെയ്യാം.

കൃഷി ചെയ്യേണ്ട കാലവും രീതികളും

ഇടവപ്പാതിക്ക് തൊട്ടുമുമ്പ് വരുന്ന വേനൽക്കാല മഴ സമയത്തും (ഏപ്രിൽ -മേയ്), തുലാവർഷ സമയത്തുമാണ് (സെപ്തംബർ-ഒക്ടോബർ) മരച്ചീനി കമ്പുകൾ നടേണ്ടത്. എന്നാൽ ജലസേചന സൗകര്യമുണ്ടെങ്കിൽ ഏതു സമയത്തും കൃഷി ചെയ്യാവുന്നതാണ്. എങ്കിലും ഡിസംബർ-ജനുവരി മാസങ്ങളാണ് ഉത്തമം.

പ്രധാനമായും മൂന്ന് തരം നടീൽ അവലംബിക്കാം.

1. നീർവാർച്ച കുറവുള്ള സ്ഥലങ്ങളിൽ കൂനകൂട്ടി വിത്തു കമ്പുകൾ നടാം. കൂനയ്ക്ക് 25-30 സെ.മീ ഉയരം വേണം.
2. വളരെ ചരിഞ്ഞ പ്രദേശങ്ങളിലും ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിലും ചരിവിനെതിരെ വാരങ്ങൾ തയ്യാറാക്കി കമ്പുകൾ നടാം.
3. നല്ല നിരപ്പായ പ്രദേശങ്ങളിൽ, നന്നായി കിളച്ചിളക്കി നിരപ്പിൽ കമ്പുകൾ നട്ടാൽ മതിയാകും.

നിലമൊരുക്കൽ

മരച്ചീനി ചെടിയുടെ വേരുകൾ കിഴങ്ങുകളായി രൂപാന്തരം പ്രാപിക്കുന്നതിന് മണ്ണിൽ നല്ല വായു സഞ്ചാരവും ഉലർച്ചയും വേണം. ഒട്ടു മിക്ക വേരുകളും 25-30 സെ.മീ ആഴത്തിലാണ് കണ്ടു വരുന്നത്. അതുകൊണ്ട് മേൽമണ്ണ് ഉദ്ദേശം 25-30 സെ.മീ. ആഴത്തിൽ ഉഴുതോ, കിളച്ചോ പാകപ്പെടുത്തി കളകൾ നീക്കം ചെയ്യണം. അതിനുശേഷം നിലമൊരുക്കുന്നത് കൃഷിഭൂമിയുടെ കിടപ്പ്, ജലനിർഗ്ഗമനശേഷി എന്നിവയെ ആസ്പദമാക്കി വേണം.

വിത്തുകമ്പുകൾ

പത്തുമാസം മൂപ്പെത്തിയതും 2-3 സെ.മീറ്റർ വ്യാസമുള്ളതും ആരോഗ്യമുള്ളതും മുട്ടുറപ്പുള്ളതുമായ കമ്പുകൾ നടാൻ തെരഞ്ഞെടുക്കണം. ഇങ്ങനെയുള്ള കമ്പുകൾ തെരഞ്ഞെടുത്ത് നല്ല തണലിൽ 2-3 മാസം വരെ സൂക്ഷിക്കാം. ചുവട്ടിൽ നിന്ന് 10 സെ.മീ. നീളത്തിലും മുകളിൽ നിന്ന് മുന്നിൽ ഒരു ഭാഗം നീക്കി നടുഭാഗത്തു നിന്നും വേണം നടാനുള്ള കമ്പുകൾ തയ്യാറാക്കേണ്ടത്. നല്ല മൂർച്ചയുള്ള കത്തിയോ, കൈവാളോ ഉപയോഗിച്ച് 15-20 സെ.മീ. നീളത്തിൽ കമ്പുകൾ മുറിച്ചെടുത്ത് നടീൽ വസ്തുവായി ഉപയോഗിക്കാം. വിളവ് എടുത്ത് കഴിഞ്ഞ് 15 ദിവസങ്ങൾക്കകം കമ്പുകൾ നടാനുപയോഗിച്ചാൽ നന്നായി മുളയ്ക്കുന്നതായി കാണുന്നു.

നടീൽ

നേരത്തെ വിവരിച്ച രീതിയിൽ തയ്യാറാക്കിയ മണ്ണിൽ 5 സെ.മീ. ആഴത്തിൽ വിത്തുമുറികൾ കുത്തനെ (ലംബമായി) നടണം. ചരിച്ച് നടുന്നതുമൂലം വിളവ് കുറയുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. ശാഖ പൊട്ടുന്ന ഇനങ്ങൾക്ക് 90X90 സെ.മീ. അകലവും ശാഖ പൊട്ടാത്ത ഇനങ്ങൾക്ക് 75X75 സെ.മീ അകലവും നൽകണം. 15 ദിവസത്തിനകം മുളയ്ക്കാതെ പോയ കമ്പുകൾ മാറ്റി നീളം കൂടിയ പുതിയ (40cm) കമ്പുകൾ നടണം. മരച്ചീനിയെ ബാധിക്കുന്ന മൊസൈക്ക് രോഗം വളരെ വ്യാപകമായി കാണുന്നതിനാൽ, വിത്തു മുറികൾ ഞാറ്റടിയിൽ പൊടിപ്പിച്ചെടുത്ത ശേഷം നടുന്നതാണ് നല്ലതെന്ന് കണ്ടിട്ടുണ്ട്. ഇതിനായി ഒരു ചതുരശ്രമീറ്റർ സ്ഥലത്ത് ഏകദേശം 400 കമ്പുകൾ നടാം. 4.5X4.5 സെ.മീ അകലത്തിൽ നടണം. ഈർപ്പമില്ലാത്ത പക്ഷം ജലസേചനം നൽകി പൊടിപ്പിക്കണം. രോഗബാധയില്ലാത്ത കമ്പുകൾ ക്ഷതം കൂടാതെ ഇളക്കി മൂന്നാഴ്ച ആകുമ്പോൾ നടാം. നട്ട് കഴിഞ്ഞാൽ മഴ ഇല്ലെങ്കിൽ നനച്ചുകൊടുക്കണം.

വളപ്രയോഗവും ഇടയിളക്കലും

ഒരു ഹെക്ടർ സ്ഥലത്തേക്ക് 12.5 ടൺ കാലിവളം കിളയലിനു മുമ്പായി വിതറുക. അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങൾക്ക് 100:50:100 ക്രമത്തിൽ (kg/ha.) പാക്യജനകം : ഭാവഹം:ക്ഷാരം ഇവ താഴെ പറയുന്ന പ്രകാരം നൽകുക.

വളങ്ങൾ		അടിവളം (നടുന്ന സമയത്ത്) (കി/ഹെ)	മേൽവളം (ഒന്നര-രണ്ടു മാസത്തിനു ശേഷം) (കി/ഹെ)
I	യൂറിയ	110	110
	സൂപ്പർ	300	-
	പൊട്ടാഷ്	85	85
അല്ലെങ്കിൽ			
II	യൂറിയ	110	110
	മസൂറിഫോസ് (രാജ്ഫോസ്)	250	
	പൊട്ടാഷ്	85	85
അല്ലെങ്കിൽ			
III	യൂറിയ	-	110
	അമോണിയംഫോസ്ഫേറ്റ്(20:20)	250	
	പൊട്ടാഷ്	85	85

M4നും നാടൻ ഇനങ്ങൾക്കും മുകളിൽ പറഞ്ഞിരിക്കുന്നതിന്റെ പകുതി വീതം നൽകിയാൽ മതി. മണ്ണിൽ ഭാവഹത്തിന്റെ അംശം കൂടുതലാണെങ്കിൽ 4 വർഷത്തേക്ക് ഭാവഹവളം ചേർക്കേണ്ട ആവശ്യമില്ല. അതിനുശേഷം ഹെക്ടറിന് 25 കിലോഗ്രാം വീതം ഭാവഹം ചേർത്താൽ മതിയാകും..

വിത്തുകമ്പുകൾ നട്ട് ഒരു മാസത്തിനകം എതിർദിശയിൽ വളരുന്ന ഏറ്റവും ആരോഗ്യമുള്ള രണ്ട് ചിനപ്പുകൾ നിറുത്തിയ ശേഷം ബാക്കിയുള്ളവ അടർത്തി മാറ്റണം. തുടർന്ന് കളകൾ പറിച്ച് മാറ്റിയശേഷം വളം ചേർത്ത് മണ്ണ് നനച്ചു കൊടുക്കണം. ഒന്നു രണ്ട് മാസങ്ങൾക്ക് ശേഷം ഒരു തവണ കൂടി കളകൾ പറിച്ചുകളയാനും ചെടിയുടെ ചുവട്ടിലേക്ക് മണ്ണ് കൂട്ടിക്കൊടുക്കാനും ശ്രദ്ധിക്കണം.

വിളവെടുപ്പ്

മൂപ്പു കുറഞ്ഞ ഇനങ്ങൾ 6-7 മാസമാകുമ്പോൾ വിളവെടുക്കാം. മറ്റിനങ്ങൾ 10-11 മാസമാകുമ്പോൾ വിളവെടുക്കാം. വിളവെടുക്കാൻ താമസിച്ചാൽ നാരിന്റെ അംശം കൂടുകയും അന്നജത്തിന്റെ അംശം കുറയുകയും ചെയ്യും. കൂനകളിലും വാരങ്ങളിലും നടുന്ന മരച്ചീനി പിഴുതെടുക്കാൻ എളുപ്പമാണ്. അതുപോലെ മണ്ണിൽ നിന്നും മരച്ചീനി എളുപ്പത്തിൽ പിഴുതെടുക്കാം. കിഴങ്ങുകൾ പിഴുതെടുക്കുമ്പോൾ കേടുവരാതെ സൂക്ഷിക്കേണ്ടതാണ്. ഒരു ഹെക്ടറിന് 20-40 ടൺ കിഴങ്ങു ലഭിക്കും.

പഞ്ചായത്ത് രാജ്

മരച്ചീനിക്കിടയിൽ ഇടവിള

മരച്ചീനിയുടെ കൂടെ ഇടവിളകൾ കൃഷിചെയ്ത് 3–3$^1/_2$ മാസത്തിനുള്ളിൽ, ഹെക്ടറൊന്നിന് 3000 മുതൽ 5000 രൂപ വരെ അധിക വരുമാനം ഉണ്ടാക്കാം. ഇടവിളകൾ മരച്ചീനി ചെടികൾക്കിടയിലുള്ള സൂര്യപ്രകാശവും ജലവും സസ്യ പോഷകങ്ങളും വളരെ ഫലപ്രദമായി ഉപയോഗിക്കുന്നതിനു പുറമെ, കളകൾ വളരാതിരിക്കാനും മണ്ണിലെ ജൈവാംശത്തിന്റെയും പാകൃജനകത്തിന്റെയും അളവ് വർദ്ധിപ്പിക്കാനും സഹായകമാകുന്നു.

പടരാത്തതും 100 ദിവസങ്ങൾക്കകം വിളവ് എടുക്കാൻ പറ്റിയതുമായ വിളകളാണ് ഇടവിളകൃഷിക്ക് അനുയോജ്യമായത്. മേയ്–ജൂൺ മാസങ്ങളിൽ മരച്ചീനി കമ്പുകൾ 90x90 സെ.മീ അകലത്തിൽ നടുന്നതോടൊപ്പം ഇടവിളയുടെ വിത്തുകളും നടേണ്ടതാണ്. മരച്ചീനിക്ക് അടിവളങ്ങൾ ശുപാർശ ചെയ്ത പ്രകാരം ചേർക്കണം.

ഒരു മാസത്തിനുശേഷം, ഇടവി

ഇടവിളകളും അവയുടെ കൃഷിരീതികളും

ഇടവിള	ഇനം	കാല ദൈർഘ്യം (ദിവസം)	അകലം (സെ.മീ)	വരികളുടെ എണ്ണം	വിത്ത്	വളം	വിളവ്
					(കി.ഗ്രാം)		
നിലക്കടല	T.M.V.2 T.M.V. 7 പൊള്ളാച്ചി-2	100	30x20	2	40–45	NPK 10:20:20 (22:120:23) (നട്ട് ഒരുമാസം കഴിഞ്ഞ്)	1200
ഫ്രഞ്ച് ബീൻസ്	കണ്ടൻഡർ Topcross-4	70	30x20	2	40	20:30:40 (നട്ട് 3 ആഴ്ച കഴിഞ്ഞ്)	2000
പയർ (ധാന്യം)	S-488 C-152	90	30x15	2	20	10:15:10 (22:60:17)	800
പയർ (പച്ചക്കറി)	B-61 (Arkagarima)	60–70	90x20 (30x20)	1 (2)	8 (10–16)	10:15:10 (22:60:17) (നട്ട് 2–3 ആഴ്ച കഴിഞ്ഞ്)	3000

ളയ്ക്ക് ശുപാർശ ചെയ്തിട്ടുള്ള വളങ്ങൾ നൽകി ഇടയിളക്കണം. ഇടവിളയുടെ വിളവെടുപ്പിനുശേഷമാണ് മരച്ചീനിക്ക് മേൽവളം ചേർക്കേണ്ടത്. അതോടൊപ്പം മരച്ചീനിയുടെ ചുവട്ടിൽ മണ്ണു കൂട്ടി കൊടുക്കേണ്ടതുമാണ്.

തെങ്ങിൻ തോപ്പിൽ ഇടവിളയായി മരച്ചീനി



തെങ്ങിന് ഇടവിളയായി മരച്ചീനി കൃഷി ചെയ്യുന്നത് സാധാരണമാണ്. തെങ്ങിൻ തൈ നട്ട് എട്ട് വർഷം വരെയും തെങ്ങ് വളർന്ന് 25 വർഷം കഴിഞ്ഞശേഷവുമാണ് പറ്റിയകാലം.

7.5 മീ x 7.5 മീ അകലത്തിൽ വരിയായി നട്ടിട്ടുള്ള തെങ്ങിൻതോപ്പുകളിൽ തെങ്ങിന്റെ ചുവട്ടിൽ നിന്ന് 2 മീ. മാറി 90 സെ.മീ x 90 സെ.മീ അകലത്തിൽ മരച്ചീനി കമ്പുകൾ നടുക. മറ്റു രീതിയിൽ നട്ട സ്ഥലങ്ങളിൽ ഓരോ തെങ്ങിന് ചുറ്റും വരിയായി 90x90 സെ.മീ അകലത്തിൽ കൃഷി ചെയ്യാം. ശ്രീ വിശാഖം, M4, H-165 ഇനങ്ങൾ ഇടവിള കൃഷിക്ക് നല്ലതാണ്.

തെങ്ങിനും ഇടവിളയ്ക്കും വളം വെവ്വേറെ നൽകണം. എന്നാൽ മരച്ചീനിക്ക് ഫോസ്ഫറസ് നേർപകുതിയാകാം. ശ്രീ വിശാഖം ഇനം ഇങ്ങനെ കൃഷി ചെയ്തപ്പോൾ ചെടിയൊന്നിന് ശരാശരി 2 കി.ഗ്രാം വിളവ് ലഭിച്ചു. പ്രായമേറിയ തെങ്ങിൻ തോപ്പുകളെ അപേക്ഷിച്ച് 8 വർഷത്തിനു താഴെ പ്രായമുള്ള തോപ്പുകളിലാണ് കൂടുതൽ വിളവും ആദായവും ലഭിക്കുന്നതെന്നും പഠനത്തിൽ കണ്ടു. മണ്ണൊലിപ്പ് നിയന്ത്രിക്കാനും കളശല്യം കുറയ്ക്കാനും മണ്ണിൽ ഈർപ്പം നിലനിർത്താനുമൊക്കെ ഇടവിളകൃഷി ഉപകരിക്കുന്നുവെന്നും കണ്ടെത്തി.

കമുകിൻ തോട്ടങ്ങളിലും ഈ രീതി നന്നെന്നു തെളിഞ്ഞിട്ടുണ്ട്. കമുകിന്റെ ചുവട്ടിൽ നിന്ന് ഒരു മീറ്റർ വിട്ട് 90x90 സെ.മീ അകലത്തിൽ ഏകദേശം 7000 മരച്ചീനി ചെടികൾ നട്ടതിൽ നിന്ന് ഉദ്ദേശം 8–10 ടൺ വിളവ് ലഭിച്ചു.

പുതുതായി വച്ചു പിടിപ്പിച്ച റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്നു വർഷം കപ്പ ലാഭകരമായി കൃഷി ചെയ്യാവുന്നതാണ്.

ജലസേചന സൗകര്യമുള്ള പാടശേഖരങ്ങളിൽ കപ്പ വിജയകരമായി കൃഷി ചെയ്യാവുന്നതാണ്. മുണ്ടകൻ വിളയ്ക്ക് വെള്ളത്തിന് ക്ഷാമം നേരിടുന്ന പാടങ്ങളിൽ വിരിപ്പു കൃഷി കഴിഞ്ഞാലുടനെ കപ്പ കൃഷി ചെയ്യുന്നതു കൊണ്ട് ആദായം വർദ്ധിപ്പിക്കാമെന്ന് പരീക്ഷണങ്ങളിൽ നിന്നും തെളിഞ്ഞിട്ടുണ്ട്. മൂപ്പു കുറഞ്ഞ ഇനങ്ങളായ ശ്രീജയ, ശ്രീവിജയ, ശ്രീവിശാഖം തുടങ്ങിയ (ആറുമാസം മൂപ്പുള്ള) ഇനങ്ങൾ ഇതുപോലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യാവുന്നതാണ്.

മധുരക്കിഴങ്ങ്

നല്ല നീർവാർച്ചയും വളക്കൂറുള്ളതുമായ പശിമരാശി മണ്ണാണ് മധുരക്കിഴങ്ങു കൃഷിക്ക് ഉത്തമം.

മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയാണെങ്കിൽ ജൂൺ മുതൽ സെപ്തംബർ വരെ കൃഷിയിറക്കാം. ഉദ്ദേശം 500 മില്ലീമീറ്റർ മഴ മധുരക്കിഴങ്ങിന് ആവശ്യമാണ്. മറ്റു കാലങ്ങളിൽ പറമ്പുകളിലും മൂന്നാം വിളയായി നെൽപാടങ്ങളിലും മധുരക്കിഴങ്ങ് കൃഷിയിറക്കാം.

വള്ളി നട്ടാണ് മധുരക്കിഴങ്ങ് വളർത്തുന്നത്. കൃഷിസ്ഥലം ഒരുക്കുന്നതിന് മൂന്നു മാസം മുമ്പ് നനയ്ക്കുവാൻ സൗകര്യമുള്ള സ്ഥലത്തു നടീലിനു വേണ്ട വള്ളികൾ ലഭിക്കുന്നതിന് ഞാറ്റടി ഉണ്ടാക്കണം. ഒന്നാം ഞാറ്റടിയായി രണ്ടരമുതൽ മൂന്നു സെന്റു (100 ചതുരശ്രമീറ്റർ) സ്ഥലം കിളച്ചൊരുക്കി രണ്ടടി അകലത്തിൽ (60 സെന്റീമീറ്റർ) വാരങ്ങൾ കോരി അവയിൽ ഉദ്ദേശം 100 മുതൽ 200 ഗ്രാം വരെ തൂക്കമുള്ള കീടരോഗ വിമുക്തമായ കിഴങ്ങുകൾ ഒരടി അകലത്തിൽ (30 സെന്റീമീറ്റർ) നടണം.

നട്ട് ഉദ്ദേശം രണ്ടുമൂന്ന് ആഴ്ചയാകുമ്പോൾ ഒന്നര കിലോഗ്രാം യൂറിയ മേൽവളമായി ഞാറ്റടിയിൽ ചേർക്കണം. മഴ ഇല്ലാത്തപ്പോൾ ഞാറ്റടി നനയ്ക്കണം.

40–45 ദിവസമാകുമ്പോൾ 20–30 സെന്റീമീറ്റർ നീളത്തിൽ വള്ളികൾ ഒന്നാം ഞാറ്റടിയിൽ നിന്നും മുറിച്ച് രണ്ടാം ഞാറ്റടിയിൽ നടണം. ഒരു ഹെക്ടർ സ്ഥലത്തു നടാനുള്ള വള്ളി ഉല്പാദിപ്പിക്കുന്നതിന് രണ്ടാം ഞാറ്റടിയായി 12 സെന്റ് (500 ചതുരശ്രമീറ്റർ) സ്ഥലം കിളച്ചു പരുവപ്പെടുത്തി 500 കിലോ ചാണകമോ, കമ്പോസ്റ്റോ അടിവളമായി ചേർത്ത് രണ്ടടി അകലത്തിൽ (60 സെന്റീമീറ്റർ) വാരം കോരി അവയിൽ 20–25 സെന്റീമീറ്റർ നീളമുള്ള വള്ളികൾ 20 സെന്റീമീറ്റർ അകലത്തിൽ നടണം.

നല്ല വളർച്ച കിട്ടാൻ 5 കിലോ യൂറിയ രണ്ടാഴ്ച ഇടവിട്ട് രണ്ടുപ്രാവശ്യമായി ഞാറ്റടിയിൽ ചേർത്ത് നനച്ചു കൊടുക്കണം. 45 ദിവസത്തെ വളർച്ച കൊണ്ട് ഒരു ഹെക്ടർ സ്ഥലത്ത് നടാൻ

വള്ളി നട്ടാണ് മധുരക്കിഴങ്ങ് വളർത്തുന്നത്. കൃഷിസ്ഥലം ഒരുക്കുന്നതിന് മൂന്നു മാസം മുമ്പ് നനയ്ക്കുവാൻ സൗകര്യമുള്ള സ്ഥലത്തു നടീലിനു വേണ്ട വള്ളികൾ ലഭിക്കുന്നതിന് ഞാറ്റടി ഉണ്ടാക്കണം. ഒന്നാം ഞാറ്റടിയായി രണ്ടരമുതൽ മൂന്നു സെന്റു (100 ചതുരശ്രമീറ്റർ) സ്ഥലം കിളച്ചൊരുക്കി രണ്ടടി അകലത്തിൽ (60 സെന്റീമീറ്റർ) വാരങ്ങൾ കോരി അവയിൽ ഉദ്ദേശം 100 മുതൽ 200 ഗ്രാം വരെ തൂക്കമുള്ള കീടരോഗ വിമുക്തമായ കിഴങ്ങുകൾ ഒരടി അകലത്തിൽ (30 സെന്റീമീറ്റർ) നടണം.

ആവശ്യമായ വള്ളികൾ കിട്ടും.

ഞാറ്റടിയിൽ ഉല്പാദിപ്പിക്കുന്ന വള്ളികൾ എപ്പോഴും കൂടുതൽ വിളവ് നൽകാൻ ശേഷിയുള്ളതായിരിക്കും. ഇതിൽ തന്നെ തലപ്പ് അഥവാ മുകൾ ഭാഗമാണ് മദ്ധ്യഭാഗത്തെയും ചുവട് ഭാഗത്തെയും അപേക്ഷിച്ച് മെച്ചം. വള്ളികൾ രണ്ടാം ഞാറ്റടിയിൽ നിന്നും 20–30 സെന്റീമീറ്റർ നീളത്തിൽ മുറിച്ച് രണ്ടു ദിവസം തണലിൽ സൂക്ഷിച്ചശേഷം നട്ടാൽ വേഗം മുളപൊട്ടും.

കൃഷിയിടമൊരുക്കിയിട്ട് വാരം കോരിയോ കൂന കൂട്ടിയോ വള്ളി നടാം. വാരമാണെങ്കിൽ രണ്ടടി അകലത്തിൽ (60 സെന്റീമീറ്റർ) 20–25 സെന്റീമീറ്റർ ഉയരത്തിൽ എടുത്ത് അവയിൽ വള്ളികൾ തമ്മിൽ 20 സെന്റീമീറ്റർ അകലത്തിലും, കൂനകൾ കൂട്ടി നടുകയാണെങ്കിൽ 75X75സെന്റീമീറ്റർ അകലത്തിൽ കൂനകൂട്ടി ഒരു കൂനയിൽ അഞ്ചു വള്ളികൾ വരും വിധം ഒരേ അകലത്തിലും നടണം. വള്ളി പകുതിയോളം മണ്ണിനുള്ളിലേക്ക് ചരിച്ചു നടുന്നതാണ് നല്ലത്.

ഹെക്ടറിന് 5 ടൺ എന്ന തോതിൽ കാലിവളം അഥവാ കമ്പോസ്റ്റ് അടിവളമായി ചേർക്കണം. കൂടാതെ ഹെക്ടറിന് 50:25:50 കിലോഗ്രാം പാകൃജനകം, ഭാവഹം, ക്ഷാരം ഇവയും വേണം. ഇതിൽ 55 കിലോഗ്രാം യൂറിയ, 125 കിലോഗ്രാം രാജ്ഫോസ് 83 കിലോഗ്രാം പൊട്ടാഷ് എന്നിവ വാരം കൂട്ടുന്ന സമയത്ത് മണ്ണിൽ ചേർക്കണം. നട്ട് ഒരു മാസം കഴിഞ്ഞ് ഹെക്ടറിന് 55 കിലോഗ്രാം യൂറിയ വാരങ്ങളുടെ വശങ്ങളിൽ ചേർത്തു മണ്ണിളക്കി കൊടുക്കണം.

വള്ളികൾ ഒരേ സമയത്തു മുളയ്ക്കാനും ശരിയായി വളരാനും നട്ട് ആദ്യത്തെ രണ്ടാഴ്ചക്കാലം മണ്ണിൽ ഈർപ്പം നിർബന്ധമാണ്. വള്ളി നട്ട് ഒരു മാസമാകുമ്പേൾ കിഴങ്ങ് രൂപപ്പെടാൻ തുടങ്ങും. ഇവയുടെ ശരിയായ വളർച്ചയ്ക്കും മികച്ച വിളവിനും മണ്ണിൽ നനവ് കൂടിയേതീരൂ. ഇവിടെ കീടസാധ്യതയും കുറവായിരിക്കും. വിളവെടുപ്പിന് രണ്ടാഴ്ച്ച മുമ്പ് ജലസേചനം നിർത്തണം.

നടുന്നതിന് മുമ്പ് വള്ളികൾ 10 മിനിറ്റ് നേരം 0.05% വീര്യമുള്ള ഫെൻതയോൺ, ഫെനിട്രോ തയോൺ അല്ലെങ്കിൽ മോണോക്രോട്ടോഫോസ് ലായനിയിൽ മുക്കിയാൽ മധുരക്കിഴങ്ങിൽ ചെല്ലിയുടെ ശല്യം കുറയും.

നട്ട് 3–3$^1/_2$ മാസമാകുമ്പാൾ മധുരക്കിഴങ്ങ് വിളവെടുക്കാം. വള്ളികൾ ആദ്യം മാറ്റുക. എന്നിട്ട് കിഴങ്ങുകൾ കേടുകൂടാതെ കിളച്ചെടുക്കുക. ഇപ്രകാരം കൃഷി ചെയ്താൽ ഒരു ഹെക്ടർ സ്ഥലത്ത് നിന്ന് ഉദ്ദേശം 20–25 ടൺ വിളവു ലഭിക്കും.

ചേന

നല്ല വളക്കുറുള്ള, മണ്ണിളക്കമുള്ള സ്ഥലമാണ് ചേനയ്ക്ക് പറ്റിയത്. ചേന നടുന്നതിന് 90 സെന്റീമീറ്റർ അകലത്തിൽ 60 സെന്റീമീറ്റർ സമചതുരാകൃതിയിൽ 45 സെന്റീമീറ്റർ താഴ്ചയുള്ള കുഴി എടുക്കണം. കുഴിയൊന്നിന് കുറഞ്ഞത് രണ്ടു കിലോഗ്രാം കാലി വളമോ, കമ്പോസ്റ്റോ മേൽമണ്ണുമായി കലർത്തി കുഴിയുടെ മുക്കാൽ ഭാഗം നിറയ്ക്കണം. ഇങ്ങനെ തയ്യാറാക്കിയ കുഴിയിൽ മുക്കാൽ കിലോ മുതൽ ഒരു കിലോഗ്രാം തൂക്കം വരുന്ന കിഴങ്ങു കഷ്ണങ്ങൾ നട്ട് മണ്ണിട്ടു മൂടി നാലുചുറ്റും മണ്ണുറപ്പിക്കുക.

നടുന്നതിനായി ചേന കഷ്ണങ്ങളാക്കുമ്പോൾ ഓരോ കഷ്ണത്തിലും ഓരോ മുകുളങ്ങൾ ഉണ്ടായിരിക്കണം. അരകിലോഗ്രാം വരുന്ന മുഴുവൻ ചേനകളും നല്ല നടീൽ വസ്തുവാണ്. നടുന്നതിനു മുമ്പ്, വിത്തുചേനകൾ ചാണകപ്പാലിൽ മുക്കി ഒരാഴ്ച തണലിൽ സൂക്ഷിക്കുന്നതു നല്ലതാണ്.

നട്ട ഉടനെ തന്നെ പച്ചിലയോ, ചപ്പുചവറോ കൊണ്ട് കുഴികൾ പുതയിടണം. ചേന മുളച്ച് രണ്ടാഴ്ചയ്ക്കകം കളപറിക്കലും മണ്ണണച്ചു കൊടുക്കലും നടത്തണം. അതോടൊപ്പം ഹെക്ടറിന് 50 കിലോഗ്രാം പാക്യജനകം, 50 കിലോഗ്രാം ഭാവഹം, 75 കിലോഗ്രാം ക്ഷാരം എന്നിവ ഉപയോഗിക്കണം. അതിനായി 110 കിലോഗ്രാം യൂറിയ, 250 കിലോഗ്രാം രാജ്ഫോസ്, 125 കിലോഗ്രം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ വളങ്ങൾ ചേർക്കണം. ബാക്കിയുള്ള 50 കിലോഗ്രാം പാക്യ ജനകവും (110 കിലോഗ്രാം യൂറിയ), 75 കിലോഗ്രാം ക്ഷാരവും (125 കിലോഗ്രാം മ്യൂറിയേറ്റും ഓഫ് പൊട്ടാഷ്) ആദ്യ വളപ്രയോഗം കഴിഞ്ഞ് ഒരു മാസമാകുമ്പോൾ നൽകണം.

നടുന്നതിനായി ചേന കഷ്ണങ്ങളാക്കുമ്പോൾ ഓരോ കഷ്ണത്തിലും ഓരോ മുകുളങ്ങൾ ഉണ്ടായിരിക്കണം. അര കിലോഗ്രാം വരുന്ന മുഴുവൻ ചേനകളും നല്ല നടീൽ വസ്തുവാണ്. വിത്തുചേനകൾ ചാണകപ്പാലിൽ മുക്കി ഒരാഴ്ച തണലിൽ സൂക്ഷിക്കുന്നതു നല്ലതാണ്.

തെങ്ങ്, വാഴ, റബർ എന്നിവയ്ക്കിടയിലും ചേന ഇടവിളയായി കൃഷിചെയ്യാം. തെങ്ങിന്റെ ചുവട്ടിൽ നിന്ന് രണ്ടു മീറ്റർ മാറ്റി 90X90 സെന്റീ മീറ്റർ അകലത്തിൽ ഉദ്ദേശം 9000 ചേനകൾ ഒരു ഹെക്ടർ തെങ്ങിൻ പുരയിടത്തിൽ നടാൻ സാധിക്കും. ചേനയ്ക്ക് ശുപാർശ ചെയ്തിട്ടുള്ള ജൈവ വളത്തിന്റെ പകുതിയും, പാക്യജനകം, ഭാവഹം, ക്ഷാരം എന്നിവ ഹെക്ടറിന് 27:20:33 കിലോഗ്രാമും നൽകിയാൽ മതിയാകും.

നേന്ത്രവാഴയ്ക്കിടയിൽ ചേന കൃഷി ചെയ്യുമ്പോൾ വാഴയുടെ അകലം വരികൾ തമ്മിൽ 3.5 മീറ്ററും ചെടികൾ തമ്മിൽ 1.8 മീറ്ററും ആയി ക്രമീകരിച്ച് 1500 കന്നുകൾ ഒരു ഹെക്ടറിൽ നടണം. വാഴയുടെ ചുവട്ടിൽ നിന്ന് 45 സെന്റീമീറ്റർ മാറ്റി 90X90 സെന്റീമീറ്റർ അകലത്തിൽ രണ്ടു വരി നേന്ത്ര വാഴയ്ക്കിടയിൽ മൂന്നുവരി ചേന നടാം. ഒരു ഹെക്ടർ വാഴത്തോപ്പിൽ 800 മൂടു ചേന നടാം. നേന്ത്രവാഴയ്ക്കും ചേനയ്ക്കും ജൈവ വളം, പാക്യജനകം, ഭാവഹം എന്നിവ തനി വിളയുടെ പകുതി വീതം നൽകിയാൽ മതി. എന്നാൽ ക്ഷാരത്തിന്റെ അളവ് കുറയ്ക്കാൻ പാടില്ല.

പുതുതായി കൃഷി ചെയ്തിട്ടുള്ള റബർ തോട്ടങ്ങളിൽ ആദ്യ അഞ്ചു വർഷം ചേന വളരെ ലാഭകരമായി കൃഷി ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുമ്പോൾ റബറിനും ചേനയ്ക്കും ശുപാർശ ചെയ്തിട്ടുള്ള അളവിൽ തന്നെ വളം നൽകണം. 8-9 മാസം കഴിഞ്ഞാൽ ചേന വിളവെടുക്കാം. ഒരു ഹെക്ടറിന് ശരാശരി 40 ടൺ വിളവു ലഭിക്കും. ഇടവിളയായി കൃഷി ചെയ്യുമ്പോൾ ഹെക്ടറിന് 15-18 ടൺ വിളവു ലഭിക്കും.

ചേമ്പ്

മേയ് മാസം മദ്ധ്യത്തോടെയാണ് ചേമ്പ് നടേണ്ടത്. മണൽ പ്രദേശങ്ങളിൽ കുഴികൾ എടുത്തും, എക്കൽ മണ്ണിൽ പൊക്കത്തിൽ കുന കൂട്ടിയോ, പണകൾ എടുത്തോ കൃഷി ചെയ്യാം. ജലസേചനമുള്ള ഇടങ്ങളിൽ വാരങ്ങളും ചാലുകളും എടുത്ത് നടുന്നതാണ് നല്ലത്. തള്ള ചേമ്പും പിള്ള ചേമ്പും നടീൽ വസ്തുക്കളായി ഉപയോഗിക്കാമെങ്കിലും പിള്ള ചേമ്പ് ഉപയോഗിക്കുന്നതാണ് നല്ലത്. 20-25 ഗ്രാം തൂക്കം വരുന്ന പിള്ള ചേമ്പ് നല്ല നടീൽ വസ്തുവാണ്. ഇവ 60X45 സെന്റീമീറ്റർ അകലത്തിൽ ഏഴര സെന്റീമീറ്റർ വരെ താഴ്ചയിൽ നടാം. ഒരു ഹെക്ടറിന് ഏകദേശം 1000 കിലോഗ്രാം വിത്ത് ചേമ്പ് വേണം. നട്ട ശേഷം പച്ചിലയോ കരിയിലയോ കൊണ്ട് പുതയിടേണ്ടതാണ്.

ചേമ്പ് നടുന്നതിനു മുമ്പായി 125 ടൺ കാലിവളം മണ്ണുമായി ഇളക്കി ചേർക്കേണ്ടതാണ്.

ഹെക്ടറിന് 80 കിലോഗ്രാം പാക്യജനകം (175 കിലോഗ്രാം യൂറിയ), 25 കിലോഗ്രാം ഭാവഹം (125 കിലോഗ്രാം രാജ്ഫോസ്), 100 കിലോഗ്രാം ക്ഷാരം (165 കിലോഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) എന്ന തോതിൽ മൂന്നു തവണകളായി വളം ചെയ്യണം. വിത്തു മുളച്ചു രണ്ടാഴ്ചയ്ക്കു ശേഷം മൂന്നിലൊന്നു ഭാഗം പാക്യ ജനകവും ക്ഷാരവും മുഴുവൻ ഭാവഹവും നൽകേണ്ടതാണ്. ബാക്കി പാക്യജനകവും ക്ഷാരവും ആദ്യത്തെ വളപ്രയോഗത്തിനു ശേഷം ഓരോ മാസം ഇടവിട്ട് രണ്ടു തുല്യ ഭാഗങ്ങളായി നൽകേണ്ടതാണ്. രാസവളപ്രയോഗത്തോടൊപ്പം കളപറിക്കലും മണ്ണണച്ചു കൊടുക്കലും ചെയ്യേണ്ടതാണ്.

ചേമ്പ് നട്ട് 6-7 മാസം കഴിഞ്ഞാൽ വിളവെടുക്കാം. ഹെക്ടറിന് 18 ടൺ വരെ പിള്ള ചേമ്പ് ലഭിക്കുന്നതാണ്.



കാച്ചിൽ

നമ്മുടെ രാജ്യത്ത് മൂന്നു തരം കാച്ചിലുകൾ കൃഷി ചെയ്യുന്നുണ്ട്. നാടൻ കാച്ചിൽ, ആഫ്രിക്കൻ കാച്ചിൽ, ചെറുകിഴങ്ങ് എന്നിവ.

മാർച്ച് - ഏപ്രിൽ മാസങ്ങളാണ് കാച്ചിൽ നടാൻ പറ്റിയ സമയം. 250-300 ഗ്രാം തൂക്കം വരുന്ന മുറിച്ച കിഴങ്ങു കഷ്ണങ്ങളാണ് കാച്ചിലിന്റെ നടീൽ വസ്തുക്കൾ. ചെറുകിഴങ്ങ് നടുന്നതിന് ഇടത്തരം വലിപ്പമുള്ള 100-150 ഗ്രാം തൂക്കമുള്ള മുഴുവൻ കിഴങ്ങുകളാണ് ഉപയോഗിക്കേണ്ടത്.

കാച്ചിൽ നടുന്നതിന് നിലം 15-20 സെന്റീമീറ്റർ താഴ്ചയിൽ കിളച്ച് 45 സെന്റീമീറ്റർ നീളവും വീതിയും താഴ്ചയുള്ള കുഴികൾ എടുക്കണം. ഇതിൽ മുക്കാൽ ഭാഗത്തോളം മേൽ മണ്ണും കാലി വളവും ഇട്ട് കൂനയായി രൂപപ്പെടുത്തണം. ചെറുകിഴങ്ങ് നടുന്നതിന് ചെറിയ കൂനകൾ തയ്യാറാക്കണം.

നാടൻ കാച്ചിലിന്റെയും ആഫ്രിക്കൻ കാച്ചിലിന്റെയും മുറിച്ച കിഴങ്ങു കഷ്ണങ്ങൾ 90X90 സെന്റീമീറ്റർ അകലത്തിൽ നടണം. ഒരു ഹെക്ടർ സ്ഥലത്തേക്കു നടാനായി ഏകദേശം 3000-3700 കിലോഗ്രാം വിത്തു കാച്ചിൽ ആവശ്യമാണ്. 75X75 സെന്റീമീറ്റർ അകലത്തിൽ തയ്യാറാക്കിയ കൂനകളിൽ ചെറുകിഴങ്ങും നടാം. ഏകദേശം 1800-2700 കിലോഗ്രാം ചെറുകിഴങ്ങു വിത്തു ഒരു ഹെക്ടർ സ്ഥലം നടുന്നതിന് ആവശ്യമാണ്. കിഴങ്ങുകൾ നട്ട ശേഷം പുതയിടീൽ നടത്തണം.

നാടൻ കാച്ചിലും ചെറുകിഴങ്ങും നടുന്നതിനു മുമ്പായി ഹെക്ടറിന് 10 ടൺ എന്ന തോതിൽ കാലി വളമോ കമ്പോസ്റ്റോ ചേർക്കണം. ഹെക്ടറിന് 80 കിലോഗ്രാം പാക്യ ജനകം, 60 കിലോഗ്രാം ഭാവഹം, 80 കിലോഗ്രാം ക്ഷാരം എന്നിവ രണ്ടുതവണകളായി ചേർക്കേണ്ടതാണ്. വിത്തു മുളച്ചു ഒരാഴ്ച്ചയ്ക്കു ശേഷം പകുതി പാക്യ ജനകം (87 കിലോ യൂറിയ), മുഴുവൻ ഭാവഹം (300 കിലോഗ്രാം രാജ്ഫോസ്), പകുതി ക്ഷാരം(67 കിലോഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) എന്നിവ നൽകേണ്ടതാണ്. ബാക്കിയുള്ള പാക്യജനകവും ക്ഷാരവും ആദ്യ വളപ്രയോഗം നടത്തി ഒരു മാസം കഴിഞ്ഞ് കളപറിക്കലും മണ്ണണച്ചു കൊടുക്കലും നടത്തുന്നതിനോടൊപ്പവും നൽകണം.

ആഫ്രിക്കൻ കാച്ചിലിന് ഹെക്ടറിന് 15 ടൺ കാലി വളവും 100 കിലോഗ്രാം പാക്യജനകവും 50 കിലോഗ്രാം ഭാവഹവും 100 കിലോഗ്രാം ക്ഷാരവും നൽകണം.

ഇലകൾക്ക് ശരിയായ സൂര്യപ്രകാശം ലഭിക്കുന്നതിന് മുളപൊട്ടി 15 ദിവസം കഴിഞ്ഞ് കയർ ഉപയോഗിച്ച് കാച്ചിൽ വള്ളികളെ താങ്ങുകളിലേക്ക് പടർത്തണം. ഇടവിളയായി കാച്ചിൽ കൃഷി ചെയ്യുമ്പോൾ വള്ളികൾ സമീപമുള്ള മറ്റു വൃക്ഷങ്ങളിലേക്ക് പടർത്തുകയാണ് പതിവ്.

തെങ്ങ്, കമുക്, വാഴ, റബർ എന്നീ വിളകൾക്കൊപ്പം കാച്ചിൽ, ആഫ്രിക്കൻ കാച്ചിൽ, ചെറുകിഴങ്ങ് ഇവ ഇടവിളയായി കൃഷി ചെയ്യാം.

നട്ടു കഴിഞ്ഞ് 9-10 മാസമാകുമ്പോൾ നാടൻ കാച്ചിൽ, ആഫ്രിക്കൻ കാച്ചിൽ ഇവ വിളവെടുക്കാൻ പാകമാകുന്നു. നാടൻ കാച്ചിൽ ഹെക്ടറിന് 25-30 ടൺ വിളവു തരുമ്പോൾ ആഫ്രിക്കൻ കാച്ചിൽ 35-40 ടൺ വിളവു നൽകുന്നു.ചെറുകിഴങ്ങ് 8-9 മാസമാകുമ്പോൾ വിളവെടുക്കാം. ഹെക്ടറിന് 20-25 ടൺ വിളവു പ്രതീക്ഷിക്കാം.

പാൽ ചേമ്പ് (ശ്രീമചേമ്പ്)

പാൽ ചേമ്പ് 90 സെന്റി മീറ്റർ അകലത്തിലാണ് നടേണ്ടത്. വാരങ്ങളോ ചാലുകളോ എടുത്തോ, കുഴികളെടുത്തോ കൂനക്കൂട്ടിയോ നടാം. തള്ള ചേമ്പ് 150-200 ഗ്രാം തൂക്കത്തിൽ മുറിച്ച് കഷണങ്ങളാക്കിയോ, 50-70 ഗ്രാം തൂക്കമുള്ള പിള്ള ചേമ്പോ നടാനുപയോഗിക്കാം. ഒരു ഹെക്ടറിന് 1000 കിലോഗ്രാം പിള്ള ചേമ്പോ, 1800-2000 കിലോഗ്രാം തള്ള ചേമ്പോ വേണ്ടി വരും. ചേമ്പു നട്ടു കഴിഞ്ഞാലുടൻ പുതയിടണം. ജൈവ വളവും രാസ വളവും ചേമ്പിനു ശുപാർശ ചെയ്തതു പോലെ നൽകാം.

തെങ്ങ്, വാഴ, റബർ എന്നീ വിളകൾക്കൊപ്പം പാൽ ചേമ്പ് ഇട വിളയായി കൃഷി ചെയ്യാവുന്നതാണ്. തെങ്ങിൻ

തള്ള ചേമ്പും പിള്ള ചേമ്പും നടീൽ വസ്തുക്കളായി ഉപയോഗിക്കാമെങ്കിലും പിള്ള ചേമ്പ് ഉപയോഗിക്കുന്നതാണ് നല്ലത്. 20-25 ഗ്രാം തൂക്കം വരുന്ന പിള്ള ചേമ്പ് നല്ല നടീൽ വസ്തുവാണ്.

തോപ്പിൽ 90 സെന്റിമീറ്റർ അകലത്തിൽ ഉദ്ദേശം 9000 പാൽ ചേമ്പ് ചെടികളും, നേന്ത്രവാഴയ്ക്കിടയിൽ 8000 മൂടും നടാം. പാൽ ചേമ്പ് തെങ്ങിൻ തോപ്പിൽ നടുമ്പോൾ സാധാരണ ശുപാർശ ചെയ്യുന്ന വളപ്രയോഗത്തിന്റെ പകുതി ഭാഗം നൽകിയാൽ മതി. എന്നാൽ നേന്ത്രവാഴയ്ക്കിടയിൽ കൃഷി ചെയ്യുമ്പോൾ വാഴയ്ക്കും ചേമ്പിനും പാക്യജനകം, ഭാവഹം എന്നിവ ശുപാർശയുടെ പകുതിയും, ക്ഷാരം മുഴുവനായും നൽകേണ്ടതാണ്. പുതിയ റബർ തോട്ടങ്ങളിൽ ആദ്യത്തെ 5 വർഷം വരെ പാൽ ചേമ്പ് കൃഷി ചെയ്യാം.

നട്ട് 8-9 മാസം കഴിഞ്ഞാൽ പാൽ ചേമ്പ് വിളവെടുക്കാം. തനിവിളയായി കൃഷി ചെയ്യുമ്പോൾ ഹെക്ടറിന് 22-25 ടണ്ണും ഇടവിളയായി കൃഷി ചെയ്യുമ്പോൾ ഹെക്ടറിന് 6-7 ടണ്ണും പിള്ള ചേമ്പ് ലഭിക്കും.

(ശേഷം പേജ് 31)

ഡോ. എം. അനന്തരാമൻ*
ഡോ. എസ്. രാമനാഥൻ**

സി.റ്റി.സി.ആർ.ഐ

കിഴങ്ങുവർഗ്ഗ ഗവേഷണത്തിൽ അഭിമാനത്തോടെ...

കേരളത്തിൽ തിരുവനന്തപുരത്ത് 1963ൽ സ്ഥാപിതമായ സി.റ്റി.സി.ആർ.ഐ ഉഷ്ണമേഖലാ കിഴങ്ങു വർഗ്ഗ വിളകളിൽ മാത്രമായി ഗവേഷണം നടത്തുന്ന ലോകത്തിലെ ഒരേ ഒരു സ്ഥാപനമാണ്. ഇതിന് ഒറീസയിൽ ഭുവനേശ്വറിൽ 1973 ൽ സ്ഥാപിതമായ ഒരു പ്രാദേശിക കേന്ദ്രം കൂടിയുണ്ട്. അഖിലേന്ത്യാ തലത്തിൽ പത്ത് സ്ഥലങ്ങളിലായി കിഴങ്ങു വർഗ്ഗ വിളകളിൽ നടത്തുന്ന ഗവേഷണം സമന്വയിപ്പിച്ചു കൊണ്ടു പോകുന്നതിനുള്ള കേന്ദ്രത്തിന്റെ ആസ്ഥാനവും 1968 മുതൽ ഇവിടെ പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള പരീക്ഷണ ശാലകൾ, അത്യാധുനിക സൗകര്യങ്ങളുള്ള വായനശാല, ഗുണനിലവാരത്തിൽ മെച്ചപ്പെട്ട മ്യൂസിയം, ഏറ്റവും നൂതനമായ കമ്പ്യൂട്ടർ കേന്ദ്രം എന്നിവ ഈ സ്ഥാപനത്തിലുണ്ട്. കഴിഞ്ഞ നാല്പതിലേറെ വർഷമായി കിഴങ്ങു വർഗ്ഗ വിളകളെപ്പറ്റി ഇവിടെ നടക്കുന്ന വിവിധ ഗവേഷണ വികസന പഠനങ്ങൾ വഴി ധാരാളം നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുകയും അതു വഴി കാർഷിക സമൂഹത്തിൽ വലിയൊരു സാമൂഹിക-സാമ്പത്തിക മാറ്റത്തിന് നാന്ദികുറിക്കാനും ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനാർഹമായ ഒന്നാണ്.

ലക്ഷ്യങ്ങൾ

- ഉഷ്ണമേഖലാ കിഴങ്ങുവർഗ്ഗ വിളകളെപ്പറ്റി അടിസ്ഥാനപരവും പ്രായോഗികവുമായ ഗവേഷണം നടത്തുന്നതിലൂടെ അവയുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും വർദ്ധിപ്പിക്കുക.
- കിഴങ്ങു വർഗ്ഗ വിളകളെപ്പറ്റിയുള്ള ശാസ്ത്രീയ വിവരങ്ങളുടെ ഒരു ദേശീയ വിജ്ഞാനകേന്ദ്രമായി പ്രവർത്തിക്കുക.
- സംസ്ഥാന കാർഷിക സർവ്വകലാശാലകളുമായിട്ടുള്ള ഗവേഷണ ശൃംഖല ഏകോപിച്ചുകൊണ്ടു പോകുന്നതു വഴി പ്രാദേശിക പ്രാധാന്യമുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക.
- കിഴങ്ങുവർഗ്ഗ വിളകളുടെ ഗവേഷണ-വികസന മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും മനുഷ്യവിഭവശേഷി വികസനത്തിന്റെ ഒരു ആസ്ഥാനമായി പ്രവർത്തിക്കുക.
- വികസന ഏജൻസികൾ മുഖേനയും ശാസ്ത്രീയ ഉപദേശങ്ങൾ നൽകുക വഴിയും കിഴങ്ങുവർഗ്ഗ വിളകളുടെ സാങ്കേതികവിദ്യകൾ വ്യാപിപ്പിക്കുക.

നൂതന സാങ്കേതിക വിദ്യകൾ

- കിഴങ്ങു വർഗ്ഗ വിളകളുടെ വളരെ വിപുലമായ ഒരു ജനിതക ശേഖരം (4020 എണ്ണം) ഇവിടെ സൂക്ഷിക്കുന്നു.
- സി.റ്റി.സി.ആർ.ഐ.ൽ നിന്നും വിവിധ കിഴങ്ങു വർഗ്ഗ വിളകളുടെ 47 അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളും (മരച്ചീനി:12, മധുരകിഴങ്ങ്:16) കിഴങ്ങു വർഗ്ഗ വിളകളുടെ അഖിലേന്ത്യാ ഗവേഷണ സമന്വയ വിഭാഗത്തിൽ നിന്നും ഇതുവരെയായി പുറത്തിറക്കി.
- തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും വ്യവസായ ആവശ്യത്തിന് വളരെ വ്യാപകമായി കൃഷി ചെയ്യുന്ന രണ്ട് മരച്ചീനി ഇനങ്ങൾ സി.റ്റി.സി.ആർ. ഐ ൽ നിന്നും പുറത്തിറക്കിയ എച്ച്. 226, എച്ച് 165 എന്നിവയാണ്.
- ആറു മാസം കൊണ്ട് വിളവെടുക്കാവുന്ന ശ്രീജയ, ശ്രീവിജയ, എന്നീ മരച്ചീനി ഇനങ്ങൾ കേരളത്തിൽ വളരെ പ്രസിദ്ധമാണ്.
- പടരാത്ത ശ്രീധന്യ എന്ന ആഫ്രിക്കൻ കാച്ചിൽ ഇനം കൃഷി ചെലവു കുറയ്ക്കുന്നതു വഴി കർഷകന്റെ അറ്റാദായം വർദ്ധിപ്പിക്കുന്നു.
- ഇന്ത്യയിൽ ആദ്യമായി ചേമ്പിലും ചേനയിലും സങ്കര ഇനങ്ങൾ ഉല്പാദിപ്പിച്ചത് ഈ സ്ഥാപനമാണ്.
- കിഴങ്ങുവിളകൾ ഉൾപ്പെട്ട ബഹുവിള-ഇടവിള കൃഷിരീതികൾ ശാസ്ത്രീയമായി പഠിച്ചു വികസിപ്പിച്ചിട്ടുണ്ട്.
- ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഇവിടെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നു.
- മധുരക്കിഴങ്ങിനെ ആക്രമിക്കുന്ന ചെല്ലിക്കെതിരെ ഒരു സമഗ്ര കീടനിയന്ത്രണ മാർഗ്ഗം വികസിപ്പിച്ചിട്ടുണ്ട്.
- മരച്ചീനിയുടെ മുഖ്യരോഗങ്ങളായ മൊസൈക്, കിഴങ്ങ് അഴുകൽ, എന്നിവയെ ഒരു പരിധിവരെ നിയന്ത്രിച്ചു കൊണ്ടുപോകാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്.
- കിഴങ്ങുവർഗ്ഗ വിളകളിൽ നിന്നും വിവിധയിനം ഭക്ഷ്യ ഉല്പന്നങ്ങൾ, കാലി-കോഴിത്തീറ്റ, വ്യാവസായിക ഉല്പന്നങ്ങൾ എന്നിവ വികസിപ്പിച്ചിട്ടുണ്ട്.
- സ്വയം സഹായ സംഘങ്ങൾക്കും ചെറുകിട സംസ്കരണ യൂണിറ്റുകൾക്കും അനുയോജ്യമായ ഭക്ഷ്യ-ഭക്ഷ്യേതര ഉല്പന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.
- മരച്ചീനി അധിഷ്ഠിത സ്റ്റാർച്ച് ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന അവശിഷ്ടങ്ങളെ ഫലപ്രദമായി നിർവ്വീര്യമാക്കുന്ന വിദ്യയും മരച്ചീനിയിൽ നിന്ന് ചാരായം ഉത്പാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യയും കണ്ടുപിടിച്ചു.
- വ്യാവസായിക പ്രാധാന്യമുള്ള വിവിധയിനം രൂപാന്തരപ്പെടുത്തിയ സ്റ്റാർച്ചുകൾ ഉണ്ടാക്കിയിട്ടുണ്ട്.
- ജൈവ വിഘടന ശേഷിയുള്ള സ്റ്റാർച്ച് അധിഷ്ഠിത പ്ലാസ്റ്റിക്കുകൾ വികസിപ്പിച്ചിട്ടുണ്ട്.
- കൈ കൊണ്ടും കാൽ കൊണ്ടും പ്രവർത്തിപ്പിക്കാവുന്ന മരച്ചീനി അരിയുന്നതിനുള്ള യന്ത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.
- തണുത്ത വെള്ളത്തിൽ ലയിക്കുന്ന മരച്ചീനി സ്റ്റാർച്ച് ഉണ്ടാക്കുന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം ശ്രീകാര്യത്തെ കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ കഴിഞ്ഞ നാല്പതിലേറെ വർഷമായി കിഴങ്ങു വർഗ്ഗ വിളകളെപ്പറ്റി നടക്കുന്ന വിവിധ ഗവേഷണ വികസന പഠനങ്ങൾ വഴി ധാരാളം നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുകയും അതു വഴി കാർഷിക സമൂഹത്തിൽ വലിയൊരു സാമൂഹിക-സാമ്പത്തിക മാറ്റത്തിന് നാന്ദികുറിക്കാനും കഴിഞ്ഞിട്ടുണ്ട്.

മൂല്യവർദ്ധിത ഉല്പന്നങ്ങൾ

ഭക്ഷ്യ, തീറ്റ വ്യവസായങ്ങൾക്ക് വേണ്ടിയുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾ കിഴങ്ങ് വർഗ്ഗങ്ങളിൽ നിന്നും ഉണ്ടാക്കിയിട്ടുണ്ട്.

- മധുരകിഴങ്ങ് പാസ്റ്റാ.
- മരച്ചീനിയിലയിൽ നിന്നും പ്രോട്ടീൻ.
- മരച്ചീനി അധിഷ്ഠിത ഗ്രാഫ്റ്റ് കോപോളിമറുകൾ.
- സഞ്ചരിക്കുന്ന സ്റ്റാർച്ച് എക്സ്ട്രാഷൻ പ്ളാന്റ്.
- മരച്ചീനി വിളവെടുക്കാനുള്ള ഉപകരണങ്ങൾ.
- കിഴങ്ങു വർഗ്ഗങ്ങളിൽ നിന്നും ഉണ്ടാക്കുന്ന ഫ്രൈഡ് ഉല്പന്നങ്ങൾ.
- ഫ്രൈഡ് ഉല്പന്നങ്ങൾ സ്നാക്ക് ഫുഡ്സ്, എക്സ്ട്രാസ് ഫുഡ്സ് മുതലായവ.
- പെട്ടന്ന് പാചകം ചെയ്യാനുള്ള നിർജലീകരിച്ച മരച്ചീനിയും ചേനയും.
- മരച്ചീനി ഇലയിൽ നിന്നും ജൈവകീടനാശിനി.
- ഭക്ഷ്യ, തീറ്റ വ്യവസായങ്ങൾക്ക് വേണ്ടിയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ കിഴങ്ങ് വർഗ്ഗങ്ങളിൽ നിന്നും ഉണ്ടാക്കിയിട്ടുണ്ട്.

വിജ്ഞാന വ്യാപനം

താഴെ പറയുന്ന വ്യാപന പ്രവർത്തനങ്ങൾ ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നു.

- കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക.
- പുതിയ ഇനങ്ങളുടെ പഠനവും വ്യാപനവും ഗവേഷണ കേന്ദ്രത്തെയും ഗ്രാമത്തെയും ബന്ധിപ്പിക്കുന്ന പദ്ധതി
- സാങ്കേതിക ഉപദേശം നൽകുക.
- കൃഷിതോട്ടങ്ങൾ സന്ദർശിക്കുക.
- കർഷകന്റെ കൃഷിയിടത്തിൽ പരീക്ഷണം നടത്തുകയും നൂതന സാങ്കേതിക വിദ്യകൾ തെളിയിച്ചു കാണിക്കുകയും ചെയ്യുക.
- പ്രദർശന മേളകൾ സംഘടിപ്പിക്കുക.
- ഇന്റർനെറ്റ് അധിഷ്ഠിത പാരസ്പര്യ പഠനം. ■

*സോഷ്യൽ സയൻസ് വിഭാഗം മേധാവി
**പ്രിൻസിപ്പൽ സയന്റിസ്റ്റ്
കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രം, തിരുവനന്തപുരം

അഡ്വ: കെ. പുഷ്പരാജൻ ആചാരി

അധികാരവും പ്രയോഗതന്ത്രവും



അയലത്തുകാർക്ക് പരാതിയുള്ളതിനാൽ ലൈസൻസ് നൽകാൻ നിർവാഹമില്ലെന്നറിയിക്കുന്നു,- ചോദ്യം ചെയ്യപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ നോട്ടീസിൽ കാണിച്ചിരുന്ന പ്രസക്തഭാഗം റിവിഷൻ ഹർജിയുടെ വിചാരണവേളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള ട്രൈബ്യൂണൽ പരിശോധിക്കുകയാണ്.

പരാതിയുണ്ടെന്ന കാരണത്താൽ ലൈസൻസ് നിഷേധിക്കാമോ? പരാതിക്കടിസ്ഥാനമായ കാരണങ്ങൾ അന്വേഷിച്ചശേഷം അവ നിലനില്ക്കത്തക്കതാണോയെന്ന് സെക്രട്ടറി കണ്ടെത്തേണ്ടതല്ലേ? ലൈസൻസ് നിഷേധിക്കാൻ മതിയായ കാരണം നിയമാനുസരണം നോട്ടീസിൽ പറയേണ്ടതല്ലേ?,- ട്രൈബ്യൂണൽ ചോദിക്കുകയാണ്? തിങ്ങി നിറഞ്ഞ കോടതി ഹാൾ നിശബ്ദമായി.

സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ലൈസൻസ് പുതുക്കി നൽകാനുള്ള താങ്കളുടെ അപേക്ഷ നിരസിച്ചിരിക്കുന്നു. മറ്റൊരു കേസിൽ സെക്രട്ടറിയുടെ നോട്ടീസ് കോടതിയിൽ ചർച്ച ചെയ്യപ്പെടുകയാണ്, *എന്തുകൊണ്ട് തൃപ്തികരമല്ലെന്ന് പറഞ്ഞില്ല? കാരണം പറഞ്ഞുകൊണ്ട് കാര്യം പറയുകയല്ലേ ചെയ്യേണ്ടിയിരുന്നത്,.* ട്രൈബ്യൂണൽ നിരീക്ഷിക്കുകയാണ്.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഹോട്ടൽ നടത്തിപ്പ് ഉടനടി നിർത്തിവെയ്ക്കാൻ ഉത്തരവാകുന്നു. സെക്രട്ടറിയുടെ മറ്റൊരു നോട്ടീസിലെ ഉത്തരവാണ്. *വ്യാപാരസ്ഥാപനം അടയ്ക്കാൻ ആവശ്യപ്പെടുന്നതിനുമുമ്പ് ലൈസൻസിംഗ് അതോറിറ്റിയുടെ ബോധ്യപ്പെടൽ ഉണ്ടായോ? സ്വതന്ത്രവും നിഷ്പക്ഷവുമായ അർദ്ധ ജുഡീഷ്യൽ മനസ്സ് പ്രയോഗിക്കേണ്ടതല്ലേ?. സർക്കാർ കത്ത് വായിക്കൂ.* ട്രൈബ്യൂണൽ നിയമവശങ്ങളിലേക്ക് ആഴ്ന്നിറങ്ങുകയാണ്. ആ സർക്കാർ കത്ത് വായിക്കപ്പെട്ടു. സർക്കാർ കത്തിൽ അപാകതയൊന്നുമില്ലെന്നും ട്രൈബ്യൂണൽ നിരീക്ഷിച്ചു. ഹോട്ടൽ അടച്ചുപൂട്ടുന്നതിന് നിയമപരമായ നടപടികൾ എടുക്കാൻ നിർദ്ദേശിക്കുന്നു എന്നു മാത്രമേ സർക്കാർ കത്തിൽ പറഞ്ഞിട്ടുള്ളൂ. അതിനാൽ നിർദ്ദേശം മനസ്സിലാക്കാതെയാണ് പഞ്ചായത്ത് സെക്രട്ടറി നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമായി.

മേലധികാരികളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുമ്പോൾ നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ സർക്കാർ കത്തിലെ നിർദ്ദേശം കൊണ്ടുവരുന്നതിനുള്ള ചിട്ടവട്ടങ്ങൾ പഞ്ചായത്ത് സെക്രട്ടറി എടുക്കേണ്ടതുണ്ട്. അതിനായി പഞ്ചായത്ത്

എളുപ്പത്തിലും ചെലവ് കുറഞ്ഞ രീതിയിലും നീതി നടപ്പാക്കേണ്ടുന്ന ഭരണത്തിലെ ഏറ്റവും ചെറിയ ഘടകമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. നീണ്ടു നീണ്ടുപോകുന്ന തർക്കങ്ങൾക്ക് അവസരം നൽകുന്നവിധം നിലപാടുകൾ പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കുന്നവർ എടുക്കുന്നത് ശരിയല്ല. അത് പ്രാദേശിക ഭരണ സിദ്ധാന്തത്തിന്റെ അടിസ്ഥാന ശിലകളെ പിടിച്ചുകുലുക്കാൻ ഇടയാക്കിയേക്കാം. കാര്യക്ഷമതയില്ലാത്ത നടപടിക്രമങ്ങൾ പൊതുജനങ്ങളെ അനാവശ്യമായി കോടതി കയറ്റാൻ കാരണമാക്കുന്നത് അക്ഷന്തവ്യമായ കുറ്റമാണ്.

നേരിട്ടുള്ള അന്വേഷണം നടത്തി സർക്കാർ കത്തിലെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് മഹസ്സർ തയ്യാറാക്കണം. അതിനായി ആവശ്യമായ നോട്ടീസ് സെക്രട്ടറി ബന്ധപ്പെട്ടവർക്കു നൽകിയിരിക്കണം. ബോധ്യപ്പെട്ട കാര്യങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള നോട്ടീസ് മഹസ്സറിന്റെ കോപ്പി ഉൾപ്പെടെ നൽകിക്കൊണ്ട് മറുപടി ആവശ്യപ്പെടണം. ആരോപണം ഓരോന്നും പരാമർശിച്ചുകൊണ്ട് അവയ്ക്കുള്ള ഓരോ മറുപടിയും എന്തുകൊണ്ട് നിലനിൽക്കത്തക്കതല്ലെന്ന് സ്ഥാപിച്ച് അന്തിമ ഉത്തരവ് സെക്രട്ടറി നൽകണം. നടപടികളുടെ അടിസ്ഥാനം സർക്കാർ നിർദ്ദേശമാണെന്നല്ല, മറിച്ച് അന്വേഷണത്തിന്റെ ഫലമാണ് സെക്രട്ടറിയുടെ നടപടികൾക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതെന്നാണ് നോട്ടീസിൽ/ഉത്തരവിൽ പരാമർശിക്കേണ്ടത്. നേർവിചാരണയും നടത്തണം. ബോധ്യപ്പെടൽ സംബന്ധിച്ച് കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ നിലവിലുള്ള റൂളിംഗ് ഇക്കാര്യത്തിൽ പ്രസക്തമാണ്. റവറന്റ് ഫാദർ ആന്റണി Vs ഹെൽത്ത് ഇൻസ്പെക്ടർ ആന്റ് അദേഴ്സ് എന്ന കേസിലെ വിധി എല്ലാവർക്കും ബാധകമാണ്. പ്രസ്തുത കേസിൽ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടിലെ അധികാരം ഉപയോഗിച്ച് പബ്ലിക് ഹെൽത്ത് ആഫീസർ ആരോപണ വിധേയനായ ആൾക്ക് നൽകിയ നോട്ടീസിൽ അതിന്റെ അടിസ്ഥാനം പബ്ലിക് ഹെൽത്ത് ഡയറക്ടറുടെ നിർദ്ദേശമാണെന്നാണ് കാണിച്ചിരുന്നത്. ഇതു കോടതി അംഗീകരിച്ചില്ല. കാരണം ബോധ്യപ്പെടൽ ഹെൽത്ത് ആഫീസറുടെതല്ലെന്നും മേലധികാരിയുടെതാണെന്നും കോടതി കാണുകയുണ്ടായി. അപ്രകാരം ആവശ്യപ്പെടാൻ മേലധികാരികൾക്ക് അധികാരം ഇല്ലാത്തതിനാൽ ഉയർന്ന സ്ഥാനങ്ങളുടെ ആജ്ഞയിൽ ഉത്തരവ് പാസ്സാക്കാൻ പാടില്ലെന്ന് ഹൈക്കോടതി റൂളിംഗ് നൽകി. സ്വാഭാവിക നീതി നിഷേധം പ്രസ്തുത ഉത്തരവിൽ തൻമൂലം ഉണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. അതിനാൽ മേലധികാരികളുടെ നിർദ്ദേശങ്ങൾ നടപടിയാക്കുമ്പോൾ കർമ്മകുശലത കാണിക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ തയ്യാറാകണം. അത്തരം വാക്യങ്ങൾ പ്രയോഗിക്കുമ്പോൾ ശ്രദ്ധയോടെയും മതിയായവിധവും പറഞ്ഞുകൊണ്ടാണ് നോട്ടീസുകളും ഉത്തരവുകളും സെക്രട്ടറി പുറപ്പെടുവിക്കേണ്ടത്. എങ്കിൽമാത്രമേ ജുഡീഷ്യൽ സ്ക്രൂട്ടിനിയെ അതിജീവിക്കുകയുള്ളൂ.

ലൈസൻസ് പുതുക്കുമ്പോൾ ഉടമയുടെ സമ്മതപത്രം

കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് പുതുക്കാനുള്ള താങ്കളുടെ അപേക്ഷ നിരസിച്ചിരിക്കുന്നു. നിരവധി സെക്രട്ടറിമാർ ഇത്തരത്തിൽ നിലപാട് സ്വീകരിച്ചതുകൊണ്ട് അനാവശ്യമായ കേസുകൾ ധാരാളം വരാറുണ്ട്. വ്യാപാരത്തിനുള്ള ലൈസൻസ് പുതുക്കിനൽകാനുള്ള അപേക്ഷ ഇക്കാരണം പറഞ്ഞ് നിരസിക്കാൻ പാടില്ലാത്തതാണ്. മറിയമുത്തു Vs ഡയറക്ടർ ജനറൽ ഓഫ് പോലീസ് എന്ന കേസിൽ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ റൂളിംഗ് 1994 -ലെ കേരള മുൻസിപ്പാലിറ്റി ആക്ട് പരിശോധിച്ച് നൽകിയിട്ടുള്ളതാണ്. മുകളിൽ പറഞ്ഞ വിധമുള്ള റൂളിംഗ് പഞ്ചായത്ത് സെക്രട്ടറിമാർക്കും ബാധകമാണ്. ലൈസൻസിന് ആദ്യം അപേക്ഷിക്കുമ്പോൾ കെട്ടിടയുടമയുടെ സമ്മതപത്രം മതിയാകും. ഓരോ പ്രാവശ്യമുള്ള പുതുക്കലിലും അത് തുടർച്ചയായിട്ടുള്ളതാണെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം ആവശ്യപ്പെടുന്നത് നിയമാനുസൃതമായിരിക്കുകയില്ല.

വ്യാപാര-വ്യവസായ ലൈസൻസുകളും മെഷിനറികൾക്കുള്ള അനുവാദവും

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 , 233 ഉം തമ്മിലുള്ള വേർതിരിവും പരസ്പര പൂരകമായ കാര്യങ്ങളും അവധാനതയോടെ കൈകാര്യം ചെയ്യണം. വ്യാപാര വ്യവസായങ്ങൾക്കുള്ള ലൈസൻസിംഗ് അതോറിറ്റി കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 അനുസരിച്ച് പഞ്ചായത്ത് സെക്രട്ടറിയാണ്. എന്നാൽ വകുപ്പ് 233 അനുസരിച്ച് അനുവാദം നൽകാനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിക്കാണ്. ഈ അനുവാദം എല്ലാകാര്യങ്ങൾക്കും ആവശ്യമില്ല. ശക്തികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് മാത്രമാണ് പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദം ആവശ്യമായിട്ടുള്ളത്. ഇപ്രകാരമുള്ള യന്ത്രസാമഗ്രികളുടെ അനുവാദം കുതിരശക്തികളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്. ഇത്തരം യന്ത്രങ്ങൾ അഞ്ച് കുതിരശക്തി വരെയുള്ളതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദം ആവശ്യമില്ലാത്തതാണ്. എന്നാൽ അത്തരം ഒഴിവാക്കലുകൾ നടത്തി സെക്രട്ടറി ലൈസൻസ് നൽകണമെങ്കിൽ മലിനീകരണം ഉണ്ടാക്കുന്നതല്ല വ്യവസായശാലയെന്ന് കാണിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം അപേക്ഷകക്ഷി ഹാജരാക്കേണ്ടതുണ്ട്. സാക്ഷ്യപത്രം താഴെ പറയുന്ന രണ്ട് സ്ഥാപനങ്ങളിൽ നിന്നും മാത്രമേ സ്വീകാര്യമാവുകയുള്ളൂ.

(എ). ഇൻഡസ്ട്രീസ് വകുപ്പിൽ നിന്ന് ലഭിക്കുന്നത്.

(ബി) പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്ന് ലഭിക്കുന്നത്.

ശക്തികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്ന വ്യവസായ ശാല കെട്ടിടം പണിയുന്നതിന് അനുവാദം നൽകുന്നതിനു മുമ്പ് പഞ്ചായത്ത് കമ്മിറ്റി താഴെ പറയുന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(1) പഞ്ചായത്ത് സെക്രട്ടറിയുടെ പ്രാഥമിക റിപ്പോർട്ട്.

(2) 25 കുതിരശക്തിക്ക് മുകളിലുള്ളതാണെങ്കിൽ ജില്ലാ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ട്.

(3) ഹൈടെൻഷൻ പവറോ കത്താവുന്നതോ പൊട്ടിത്തെറിക്കാവുന്നതോ ആയ ഉപയോഗമോ ഉണ്ടെങ്കിൽ ഫയർ ഡിവിഷണൽ ആഫീസറുടെ റിപ്പോർട്ട്.

(4) നോൺ പൊല്യൂഷൻ സർട്ടിഫിക്കറ്റില്ലെങ്കിൽ എല്ലാകാര്യത്തിലും

റവറന്റ് ഫാദർ ആന്റണി Vs ഹെൽത്ത് ഇൻസ്പെക്ടർ ആന്റ് അദേഴ്സ് എന്ന കേസിലെ വിധി എല്ലാവർക്കും ബാധകമാണ്. പ്രസ്തുത കേസിൽ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടിലെ അധികാരം ഉപയോഗിച്ച് പബ്ലിക് ഹെൽത്ത് ആഫീസർ ആരോപണ വിധേയനായ ആൾക്ക് നൽകിയ നോട്ടീസിൽ അതിന്റെ അടിസ്ഥാനം പബ്ലിക് ഹെൽത്ത് ഡയറക്ടറുടെ നിർദ്ദേശമാണെന്നാണ് കാണിച്ചിരുന്നത്. ഇതു കോടതി അംഗീകരിച്ചില്ല. കാരണം ബോധ്യപ്പെടൽ ഹെൽത്ത് ആഫീസറുടെതല്ലെന്നും മേലധികാരിയുടെതാണെന്നും കോടതി കാണുകയുണ്ടായി. അപ്രകാരം ആവശ്യപ്പെടാൻ മേലധികാരികൾക്ക് അധികാരം ഇല്ലാത്തതിനാൽ ഉയർന്ന സ്ഥാനങ്ങളുടെ ആജ്ഞയിൽ ഉത്തരവ് പാസ്സാക്കാൻ പാടില്ലെന്ന് ഹൈക്കോടതി റൂളിംഗ് നൽകി. സ്വാഭാവിക നീതിനിഷേധം പ്രസ്തുത ഉത്തരവിൽ തൻമൂലം ഉണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

കൺസെന്റ് റ്റു എസ്റ്റാബ്ലിഷ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമാക്കിയിരിക്കണം.

യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് സെക്രട്ടറിയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് സമ്പാദിച്ചിട്ടുള്ളതാണെങ്കിലും, വകുപ്പ് 233 അനുസരിച്ചുള്ള പെർമിറ്റ് ആവശ്യമാണ്. വകുപ്പ് 232 അനുസരിച്ച് ലൈസൻസ് നൽകുന്നതിനുള്ള അധികാരം സെക്രട്ടറിയുടെ സ്വതന്ത്ര അധികാരത്തിൽ ഉൾപെടുന്നവയാണ്. എന്നാൽ അതേ വകുപ്പനുസരിച്ച് പഞ്ചായത്ത് കമ്മിറ്റി ബൈലോ പാസാക്കിയിരിക്കണം. അതിൽ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വ്യാപാരവ്യവസായങ്ങൾ നടത്തണമെങ്കിൽ സർക്കാർ നിരക്കിനു വിധേയമായി ഫീസ് നിശ്ചയിച്ചിരിക്കണം. ഇപ്രകാരമുള്ള ബൈലോ പ്രസിദ്ധപ്പെടുത്തൽ ഉണ്ടായിട്ടില്ലെങ്കിൽ 1996 ലെ കേരള പഞ്ചായത്ത് രാജിലെ അപകടകരവും അസഹ്യവുമായ വ്യാപാര വ്യവസായങ്ങൾക്ക് ലൈസൻസ് നൽകൽ സംബന്ധിച്ച നിയമം പ്രാവർത്തികമാക്കാൻ കഴിയാതെ പോകും.

ജലം, ആസിഡ്, ആൽക്കലി എന്നിവ ഉപയോഗിച്ചും ഊർജ്ജം ഉപയോഗിച്ചും ഷെഡ്യൂൾ Vൽ പറയുന്ന ഐറ്റങ്ങളുടെ ഉത്പാദനം നടത്തുന്ന അവസരത്തിൽ ഖര-ദ്രവ-വാതകം വമിച്ചേക്കാം. അങ്ങനെ മാലിന്യങ്ങൾ ഉണ്ടാകുന്ന സംഗതിയിൽ അത്തരം വ്യാപാരവ്യവസായ സംരംഭത്തിലും ആരോഗ്യവകുപ്പിൽ നിന്നും റിപ്പോർട്ട് വരുത്തി പരിശോധിക്കുവാൻ പഞ്ചായത്തിന് അധികാരമുണ്ട്.

വകുപ്പ് 233 അനുസരിച്ചുള്ള അനുവാദം പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും ലഭിച്ചാൽ മാത്രമേ യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ള വ്യവസായശാലയ്ക്ക് ലൈസൻസ് നൽകുവാൻ സെക്രട്ടറിക്ക് അധികാരം ലഭിക്കുന്നുള്ളു. ഓരോ തവണ ലൈസൻസ് പുതുക്കുമ്പോഴും അനുവാദം നൽകിയതിൽ നിന്നും അധികമായി യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് സെക്രട്ടറി പരിശോധന നടത്തി ഉറപ്പുവരുത്തണം. അനധികൃതമായി അനുവാദത്തിലധികരിച്ച് യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് ഇളക്കിമാറ്റി പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ വകുപ്പ് 236(5) അനുസരിച്ച് സെക്രട്ടറിക്ക് അധികാരമുണ്ട്. ഇതൊക്കെയാണെങ്കിലും ലൈസൻസ് അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം അതിൽ തീർപ്പുകൽപിച്ചിരിക്കണം. അല്ലെങ്കിൽ വകുപ്പ് 236(3) അനുസരിച്ചുള്ള കൽപിത വ്യവസ്ഥകൾ അനുസരിച്ച് ലൈസൻസ് ലഭിച്ചതായി അപേക്ഷകന് കരുതാവുന്നതാണ്.

പെർമിറ്റ് അപേക്ഷ നിരസിക്കൽ

പെർമിറ്റിനുള്ള അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തുമ്പോൾ ആദ്യം ശ്രദ്ധിക്കേണ്ടത് അപേക്ഷ പെർമിറ്റിന് വേണ്ടിയുള്ളതാണോ ക്രമവൽക്കരിക്കേണ്ടിയുള്ളതിനാണോ എന്നാണ്. വ്യക്തമായി മാർക്ക് ചെയ്തിട്ടില്ലെങ്കിൽ പിശകു തിരുത്താൻ തിരികെ നൽകുകയാണ് വേണ്ടത്. അപേക്ഷയിൽ പറയുന്ന കോളങ്ങൾ എല്ലാം പൂർണ്ണമായി പൂരിപ്പിച്ചിട്ടുണ്ടോ എന്നു നോക്കണം. ഒരു കോളവും പൂരിപ്പിക്കാതെ സ്വീകരിക്കുവാൻ പാടില്ല. കെട്ടിടത്തിന്റെ ഉപയോഗം (ഓക്യുപ്പെൻസി) ശരിയായ വിധം രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ശ്രദ്ധിക്കണം. സർവ്വെ നമ്പർ, സ്ഥലവിസ്തീർണ്ണം എന്നിവ പ്ലാനിലും പ്രമാണത്തിലും ഭൂനികുതി രസീതിലും രേഖപ്പെടുത്തിയിട്ടുള്ളതുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നു നോക്കണം. അതുപോലെ കെട്ടിടത്തിന്റെ ഉയരം, വിസ്തീർണ്ണം എന്നിവ ശരിയായും വ്യക്തമായും അപേക്ഷയിലും പ്ലാനിലും ഉണ്ടോയെന്നു നോക്കണം. പ്ലാനിനോടു കൂടി മതിയായ രേഖകൾ ഹാജരാക്കിയിട്ടുണ്ടോയെന്നും ബന്ധപ്പെട്ടവരുടെ ഒപ്പ് അവയിൽ ഉണ്ടോയെന്നും നോക്കണം. ട്രൈബ്യൂണലിൽ ഒരു പെർമിറ്റ് സംബന്ധിച്ച കേസ് വരുമ്പോൾ ഈ വക കാര്യങ്ങൾ കോടതി പരിശോധിക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ചട്ടപ്രകാരമുള്ളതോതിൽ പ്ലാൻ വരച്ചിട്ടില്ലെങ്കിലും സെക്രട്ടറി നൽകിയിട്ടുള്ള പെർമിറ്റ് റദ്ദ് ചെയ്യാൻ മതിയായ കാരണമായി വരും. കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സംഗതിയിൽ അത് ഉണ്ടോയെന്നും അത് നൽകിയിട്ടുള്ളത് ക്ഷമതയുള്ള എൻജിനീയറാണോയെന്നും നോക്കേണ്ടതാണ്. നിലവിലുള്ള കെട്ടിടത്തിനു മുകളിൽ കമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കണമെങ്കിൽ പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, ചട്ടം 130(2) അനുസരിച്ച് നിലവിലുള്ള കെട്ടിടത്തിന് സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്ട്രക്ചറൽ എൻജിനീറിംഗിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി ഉള്ള ഒരു എൻജിനീയറിൽ നിന്നു വേണം സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്.

യന്ത്രസാഗ്രികൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്ന വ്യവസായശാലകൾക്ക് ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനു മുമ്പായി പഞ്ചായത്ത് രാജ് നിയമം വകുപ്പ് 233 അനുസരിച്ചുള്ള പെർമിറ്റ് ഉണ്ടോയെന്ന് നോക്കേണ്ടതാണ്. സെക്രട്ടറി നൽകുന്ന ബിൽഡിംഗ് പെർമിറ്റ് അനുസരിച്ച് ഈ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിച്ചു കഴിഞ്ഞ ശേഷം വകുപ്പ് 233 അനുസരിച്ചുള്ള പെർമിറ്റിന് അപേക്ഷിക്കുന്ന അവസരത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കാം. പഞ്ചായത്ത് കമ്മിറ്റി പൊതുജനാരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് അപേക്ഷ നിരസിക്കുകയാണെങ്കിൽ അപേക്ഷകന്റെ മൂലധനനിക്ഷേപം പാഴാകാൻ ഇടയാകും. ഇത് കടുത്ത നിയമകുരുക്കിന് വഴി വയ്ക്കുന്നതാണ്. അതിനാൽ 233 അനുസരിച്ചുള്ള പെർമിറ്റിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്താൽ മാത്രമേ ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ സ്വീകരിക്കേണ്ടതുള്ളു. നിയമം നിശ്ചയിച്ചിട്ടുള്ള കാരണങ്ങൾ ചൂണ്ടിക്കാണിച്ചാൽ മാത്രമേ അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് നിലനിൽക്കുകയുള്ളു. അവയിൽ മനസ്സിരുത്താതെ എന്തെങ്കിലും കാരണം പറഞ്ഞുകൊണ്ട് അപേക്ഷ നിരസിക്കുന്ന പതിവ് കണ്ടുവരുന്നുണ്ട്. നിരവധി തവണയാണ് ഇപ്രകാരമുള്ള കേസുകളിൽ അപ്പീൽ കക്ഷി വിജയിച്ചിട്ടുള്ളത്. അതിനാൽ താഴെകാണിച്ചിട്ടുള്ള കാരണങ്ങളുടെ ചട്ടക്കൂടിനുള്ളിൽ അപേക്ഷ നിരസിക്കാൻ ആശ്രയിക്കുന്ന കാരണം വരുന്നുണ്ടോയെന്ന് സെക്രട്ടറി നോക്കേണ്ടതാണ്.

1. നിയമം, ചട്ടം, ഉത്തരവ്, പ്രഖ്യാപനം ബൈലകൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കാൻ നിർമ്മാണമോ പെർമിറ്റിന്റെ ഉപയോഗമോ ഇടയാകുമെന്നു കാണുകയാണെങ്കിൽ അപേക്ഷ നിരസിക്കാവുന്നതാണ്. സൈറ്റ് പ്ലാൻ, കെട്ടിട പ്ലാൻ, സെക്ഷൻ, പണിയുടെ വിവരണം എന്നിവയിലുള്ള വിശദാംശങ്ങൾ ലംഘനം ക്ഷണിച്ചുവരുത്തുന്നതാണെങ്കിലും അപേക്ഷ തള്ളപ്പെടും.
2. ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ നൽകാത്ത അപേക്ഷയും നിരസിക്കാവുന്നതാണ്. വിവരങ്ങൾ തയ്യാറാക്കിയിട്ടുള്ളത് ചട്ടങ്ങളിലോ നിയമങ്ങളിലോ നിർദ്ദേശിക്കപ്പെട്ട രീതിയിലല്ലെങ്കിലും അസ്വീകാര്യമായിരിക്കും.
3. രജിസ്റ്റർ ചെയ്യപ്പെട്ട ആർക്കിടെക്ടോ എൻജിനീയറോ ടൗൺപ്ലാനറോ സൂപ്പർവൈസറോ പ്ലാനിലും അപേക്ഷയിലും ഒപ്പു വച്ചിട്ടില്ലെങ്കിൽ അപേക്ഷ തള്ളാവുന്നതാണ്. ഉടമസ്ഥൻ അപേക്ഷയിലും പ്ലാനിലും ഒപ്പുവയ്ക്കാൻ വീഴ്ച വരുത്തിയാലും നിരസിക്കാവുന്നതാണ്.
4. സെക്രട്ടറി ആവശ്യപ്പെടുന്ന വിവരങ്ങളും രേഖകളും സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടില്ലെങ്കിൽ അപേക്ഷ നിരസിക്കാവുന്നതാണ്. എന്നാൽ അപ്രകാരം ആവശ്യപ്പെടുന്നവ ചട്ടത്തിലോ ഉപനിയമത്തിലോ നിഷ്കർഷിച്ചിട്ടുള്ളതായിരിക്കണം.
5. സൈറ്റിലേക്ക് പ്രവേശനം ലഭിക്കത്തക്കവിധം പൊതുവായതോ സ്വകാര്യമായതോ ആയ പ്രവേശന സാദ്ധ്യത ഇല്ലെങ്കിൽ അപേക്ഷ നിരസിക്കാവുന്നതാണ്. റോഡുമായി ബന്ധിപ്പിക്കുന്ന അതേ സൈറ്റിലോ ഏതെങ്കിലും ഭാഗം ഒരുക്കിയിരിക്കുകയും അത് ഉപയോഗത്തിലിരിക്കവേ വില്ക്കുകയോ പാട്ടത്തിനു നൽകുകയോ മറ്റു വിധത്തിൽ കയ്യൊഴിക്കുകയോ ചെയ്യുകയോ ചെയ്താലും അപേക്ഷ നിരസിക്കാവുന്നതാണ്.
6. നിർദ്ദിഷ്ട നിർമ്മാണം സർക്കാരിനോ പഞ്ചായത്തിനോ സ്വന്തമായ ഒരു ഭൂമിയിൻമേലുള്ള കയ്യേറ്റമാകുന്നുവെങ്കിൽ
7. നിർദ്ദിഷ്ട ഭൂമി, ഭൂമി വിലയ്ക്കെടുക്കൽ നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ

ജില്ലാ കളക്ടർ അകിസിഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ മാത്രമേ 7-ൽ പറഞ്ഞ കാരണം പ്രസക്തമാകുന്നുള്ളു.

ലൈസൻസ് റദ്ദ് ചെയ്യൽ

നിലവിലുള്ള ലൈസൻസ് റദ്ദു ചെയ്യേണ്ടി വരുമ്പോൾ നടപടിക്രമങ്ങൾ അവധാനതയോടെ പാലിക്കപ്പെടണം. ഒരാളിന് ലൈസൻസ് നൽകികഴിഞ്ഞാൽ അത് പൊടുന്നനവേ പിൻവലിക്കാനോ റദ്ദു ചെയ്യാനോ കഴിയുകയില്ല. കാരണം അവയിലൂടെ ഒരവകാശം ലൈസൻസ് ലഭിച്ചയാളിന് സിദ്ധിച്ചിട്ടുള്ളതാണെന്ന് മനസ്സിലാക്കണം. അതിൻമേൽ വ്യാപാര-വ്യവസായം ആരംഭിച്ചിട്ടില്ലെന്ന കാരണം പ്രസക്തമല്ല. തൊട്ടറിയാവുന്നതും തൊട്ടറിയാൻ കഴിയാത്തതോ ആയ സംഗതികൾ പലതും അതിൽ ഉൾപ്പെട്ടിട്ടുണ്ടാകണം. ലൈസൻസ് ദായകൻ സെക്രട്ടറിയാണെന്നും അങ്ങനെയുള്ള അധികാരിക്ക് ഏതൊരു സമയത്തും അത് തിരികെ എടുക്കുവാൻ കഴിയുന്നതാണെന്നുമുള്ള ധാരണ അബദ്ധവശാൽ സെക്രട്ടറിമാർ പലരും വച്ചുപുലർത്തുന്നുണ്ട്. ഇത്തരം നടപടിക്രമങ്ങളുടെ ദൂഷ്യംമൂലം ഉത്തരവുകൾ റദ്ദാക്കപ്പെടുന്ന നിരവധി സംഭവങ്ങൾ ട്രൈബ്യൂണൽ വിധികളിലൂടെ കാണാൻ കഴിയുന്നതാണ്.

വ്യാപാരവ്യവസായ ആവശ്യങ്ങൾക്കുള്ള ലൈസൻസ് റദ്ദുചെയ്യണമെങ്കിൽ അതിനുമുമ്പായി ഷോക്കാസ് നോട്ടീസ് നൽകിയിരിക്കണം. മൂന്നു കാരണങ്ങളാണ് ലൈൻസ് റദ്ദു ചെയ്യുവാൻ 1996 ലെ കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം നിഷ്കർഷിക്കുന്നത്. അവ താഴെ പറയും പ്രകാരമാണ്.

- ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുക
- 1955ലെ സിവിൽ റൈറ്റ്സ് ആക്ട് പ്രകാരം ഒരു കോടതി ശിക്ഷിക്കുക
- ലൈസൻസുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തിൽ ലൈൻസി കുറ്റം ചെയ്യുക.

മുകളിൽ പറഞ്ഞ ആരോപണങ്ങൾ ഒന്നാമത്തേതും മൂന്നാമത്തേതും ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന സെക്രട്ടറിക്ക് നോട്ടീസ് കൂടാതെ തന്നെ ഫാക്ടറിയിലോ വർക്ക്ഷോപ്പിലോ ജോലിസ്ഥലത്തോ പ്രവേശിക്കുവാൻ കഴിയും. സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും ഇടയിൽ വ്യവസായശാല പ്രവർത്തിപ്പിക്കുന്ന ഏതൊരു സമയത്തും സെക്രട്ടറിക്ക് പ്രവേശന സ്വാതന്ത്ര്യമുണ്ട്. മാത്രവുമല്ല യന്ത്രസാമഗ്രികൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് അനുമതി ലഭിക്കാനുള്ള അപേക്ഷ പരിശോധിക്കാനും അനുമതിയിൽ കൂടുതൽ യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനും രാത്രിയിലോ പകലോ ഏതു സമയത്തും സെക്രട്ടറിക്ക് അത്തരം സ്ഥാപനങ്ങളിൽ പ്രവേശിക്കുവാൻ അധികാരമുണ്ട്. കൂടാതെ ആവിയോ, ജലശക്തിയോ ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ, മറ്റു യാന്ത്രികശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്നതോ, വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതോ ആയ യന്ത്രങ്ങൾ എന്നിവ സ്ഥാപിച്ചു പ്രവർത്തിക്കുന്ന ഇടങ്ങളിൽ ശബ്ദമോ ചലനമോ സൃഷ്ടിക്കുന്നതുകൊണ്ട് പൊതുശല്യം ഉണ്ടാകുന്നുണ്ടെങ്കിൽ രാത്രിയിലോ പകലോ പ്രവേശനാനുമതി ചട്ടങ്ങളിൽ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ വിധം പ്രവേശിച്ച് നടത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ മഹസ്സർ തയ്യാറാക്കണം. അതിന്റെ അടിസ്ഥാനത്തിൽ അപാകത കണ്ടുപിടിച്ചാൽ 15 ദിവസം അനുവദിച്ചുകൊണ്ടും മറുപടി ആവശ്യപ്പെട്ടുകൊണ്ടും ഷോക്കാസ് നോട്ടീസ് നൽകുകയാണ് ചെയ്യേണ്ടത്. ഇപ്രകാരം നൽകുന്ന നോട്ടീസിൽ സവിസ്തരം ആരോപണങ്ങൾ പ്രതിപാദിച്ചിരിക്കണം. സ്ഥാപനത്തിന്റെ ലൊക്കേഷൻ, ആരോപണങ്ങളുടെ അടിസ്ഥാനം, നിയമത്തിന്റെ ലംഘനം എപ്രകാരമുണ്ടാകുന്നു എന്നിവ അതിൽ ചൂണ്ടിക്കാണിച്ചിരിക്കണം. സാങ്കേതിക വിദഗ്ധരുമായോ അല്ലാതെയോ പഞ്ചായത്ത് നടത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ വിവരണം നോട്ടീസിൽ ഉണ്ടായിരിക്കണം. പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിച്ച വ്യവസ്ഥയോ, മെഡിക്കൽ ആഫീസർ നിഷ്കർഷിച്ച വ്യവസ്ഥയോ ലംഘിച്ചതായോ ഏതെങ്കിലും അധികാരസ്ഥാനങ്ങളുടെ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പാരിസ്ഥിതിക മലിനീകരണം ഉണ്ടായതായോ ആരോപിക്കുകയാണെങ്കിൽ അത് വിശദമാക്കണം. നോട്ടീസിനോടൊപ്പം അടിസ്ഥാന റിപ്പോർട്ടുകളുടെ പകർപ്പോ മഹസ്സറിന്റെ കോപ്പിയോ നൽകുന്നത് നടപടിക്രമങ്ങൾക്ക് ബലം നൽകുന്നതായിരിക്കും. ■

(തുടരും)

ലേഖകൻ റിട്ടയേർഡ് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറാണ്
ഫോൺ : 9447248351

പഞ്ചായത്ത് രാജ്

കെ. വിനോദ് കുമാർ

പ്രൊക്യൂർമെന്റ് മാന്വൽ

ഒരു സാധാരണ സർക്കാർ ഓഫിസിനുമപ്പുറം ബഹുമുഖമായ പ്രവർത്തനങ്ങൾ നടത്തേണ്ടി വരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള കേന്ദ്രീകൃത സ്വഭാവമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വൽ അനുയോജ്യമല്ലെന്ന കണ്ടെത്തലിന്റെ തുടർച്ചയായാണ്, സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യമാക്കലിന് പുതിയ പ്രൊക്യൂർമെന്റ് മാന്വൽ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്

പുതിയ പ്രൊക്യൂർമെന്റ് മാന്വൽ നിലവിൽ വന്നുവെങ്കിലും ധാരാളം സംശയങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിലാണ് ഈ കുറിപ്പ്. ഒരു സാധാരണ സർക്കാർ ഓഫീസിനുമപ്പുറം ബഹുമുഖമായ പ്രവർത്തനങ്ങൾ നടത്തേണ്ടി വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള കേന്ദ്രീകൃത സ്വഭാവമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വൽ അനുയോജ്യമല്ലെന്ന കണ്ടെത്തലിന്റെ തുടർച്ചയായാണ്, സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യമാക്കലിന് പുതിയ പ്രൊക്യൂർമെന്റ് മാന്വൽ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത് (സ.ഉ. (കൈ) 259/2010/ത.സ്വ.ഭ.വ തീയതി 08.011.2010). മാന്വലിന്റെ സവിശേഷതകൾ, മാനേജ്മെന്റ്, നടപടിക്രമങ്ങൾ, പൊതുനിബന്ധനകൾ എന്നിവയാണ് ഈ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സവിശേഷതകൾ

1. പാരിസ്ഥിതിക – സാമ്പത്തിക നഷ്ടോത്തരവാദത്തിലധിഷ്ഠിതമായ കാഴ്ചപ്പാട്.
2. മിതവ്യയമുറപ്പുവരുത്തുന്ന സുതാര്യവും കാര്യക്ഷമവുമായ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ.
3. ഒഴിവാക്കാനാവാത്തതും എന്നാൽ പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്നതുമായ സാമഗ്രികളുടെയും സേവനങ്ങളുടെയും പരമാവധി ഉപയോഗവും സുസ്ഥിര സ്വഭാവവും ഉറപ്പുവരുത്തുന്ന നയം.
4. പ്രൊക്യൂർമെന്റ് നിലവാരം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന രീതികൾ.
5. ജനകീയ മോണിറ്ററിംഗിന് കൂടുതൽ സാധ്യതകൾ തുറന്നു നൽകുന്നതും വ്യക്തിഗതവും കേന്ദ്രീകൃതവുമായ രീതി ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

ആധുനിക കാലം ആവശ്യപ്പെടുന്ന നിരവധി സവിശേഷതകൾ ഉള്ളതാണ് ഈ മാന്വൽ. പണവും മറ്റു രേഖകളും ഉൾപ്പെടെയുള്ള എല്ലാ സാധന സാമഗ്രികളും ബൗദ്ധിക പ്രവർത്തനങ്ങളടക്കമുള്ള വ്യക്തികളുമായും സ്ഥാപനങ്ങളുമായുള്ള സേവന കരാറുകളും പൊതുമരാമത്ത് പ്രവൃത്തികളും ഒക്കെ ഇതിന്റെ പരിധിയിൽ വരും. നേരത്തെ ഇല്ലാതിരുന്ന കൺസൾട്ടൻസി കരാറുകൾ നൽകുന്നതിനുള്ള നടപടിക്രമവും മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാനേജ്മെന്റ് ടീം

പ്രധാനമായും ആറ് വിഭാഗം ആൾക്കാരാണ് പ്രൊക്യൂർമെന്റ് മാനേജ്മെന്റുമായി ബന്ധപ്പെടുന്നത്.

1. വർക്കിങ് ഗ്രൂപ്പുകൾ
2. പ്രൊക്യൂർമെന്റ് ടീം.
3. ഫിനാൻസ് ടീം
4. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി
5. റെക്കോർഡ് കീപ്പർ
6. ഓഡിറ്റ് ടീം

1. വർക്കിങ് ഗ്രൂപ്പുകൾ : പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളിൽ പരമാർശിച്ചിരിക്കുന്ന വർക്കിങ് ഗ്രൂപ്പുകൾ തന്നെയാണിവ. തദ്ദേശഭരണ സ്ഥാപനത്തിലേക്കുള്ള വാങ്ങലുകളുടെയും സേവനങ്ങളുടെയും ആവശ്യകത രൂപപ്പെടുത്തുന്നതിൽ ഇവർ നിർണ്ണായക പങ്ക് വഹിക്കുന്നത്.

2. പ്രൊക്യൂർമെന്റ് ടീം: തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അല്ലെങ്കിൽ സാധന-സേവനങ്ങൾ ലഭ്യമാക്കാൻ നിയുക്തനായ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) (ഇവരെ *പ്രൊക്യൂർമെന്റ് ഓഫീസർ* എന്ന് വിളിക്കുന്നു), നയിക്കുന്ന ക്ലർക്കുമാരും സാങ്കേതിക സഹായികളുമടങ്ങുന്ന ടീമാണിത്. ഈ പ്രൊക്യൂർമെന്റ് ടീം തദ്ദേശഭരണ സ്ഥാപന അധ്യക്ഷ(ൻ) നയിക്കുന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കേണ്ടത്. എല്ലാ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺമാരും, സെക്രട്ടറി, ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ(ൻ), സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് പേർ എന്നിവർ അംഗങ്ങളായുള്ള ഈ കമ്മിറ്റിയുടെ ഉപാധ്യക്ഷ(ൻ) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉപാധ്യക്ഷ(ൻ) തന്നെയാണ്.

3. ഫിനാൻസ് ടീം: സ്ഥാപനത്തിലെ സാമ്പത്തിക വിഭാഗം ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയും.

4. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി: തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജനസംഖ്യ പരിഗണിച്ചുകൊണ്ട് പഞ്ചായത്തുതലത്തിലോ വാർഡുതലത്തിലോ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിക്കണം. പരമാവധി 10 അംഗങ്ങളടങ്ങിയ കമ്മിറ്റിയിൽ പകുതിപേർ വനിതകളായിരിക്കണം. ചെയർപേഴ്സൺ കൂടാതെ 5 പേർ കൂടി ചേർന്നാൽ കമ്മിറ്റിയുടെ കോറമായി. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പരിഗണിക്കുന്ന വിഷയങ്ങളുടെ നടത്തിപ്പുമായി നേരിട്ട് ബന്ധമുള്ളവരായിരിക്കരുത് അംഗങ്ങൾ. കമ്മിറ്റിയിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടത് തദ്ദേശ ഭരണസ്ഥാപനം തന്നെയാണ്.

5. റെക്കോർഡ് കീപ്പർ: റെക്കോർഡുകൾ സൂക്ഷിക്കുന്നതിന് ചുമതലപ്പെട്ടവർ. ടെൻഡർ/ക്വട്ടേഷൻ ഫോറങ്ങൾ നൽകുന്നത് മുതൽ അവസാന നടപടിക്രമം വരെയുള്ള എല്ലാ രേഖകളും കാലാനുസൃതമായി ഫയൽ ചെയ്ത് സൂക്ഷിക്കാൻ ബാധ്യസ്ഥരാണ്.

6. ഓഡിറ്റ് ടീം: തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മറ്റേതൊരു പ്രവർത്തനവും പോലെ പ്രൊക്യൂർമെന്റ് പ്രവർത്തനങ്ങളും അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, പെർഫോമൻസ് ഓഡിറ്റ് വിഭാഗം തുടങ്ങിയ നിയമപരമായ പരിശോധനാ സംവിധാനങ്ങൾക്കും സോഷ്യൽ ഓഡിറ്റ് സംവിധാനത്തിനും വിധേയമാണ്.

നടപടിക്രമങ്ങൾ

പ്രധാനമായും നാല് തരത്തിലുള്ള രീതികളാണ് മാന്വലിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

1. പെറ്റിപർച്ചേസ്: 5000 രൂപവരെയുള്ള പ്രവർത്തനങ്ങൾ. റേറ്റ് കോൺട്രാക്ട് ഉണ്ടെങ്കിൽ ഉപയോഗിക്കണം. അല്ലാത്തപക്ഷം മത്സരാധിഷ്ഠിതമായിരിക്കേണ്ടതില്ല. എങ്കിലും ഓരോ പ്രൊക്യൂർമെന്റിനും പ്രൊക്യൂർമെന്റ് ഓഫീസർ അനുവാദം നൽകിയിരിക്കേണ്ടതും നിശ്ചിത ഗുണനിലവാരവും മിതവ്യയവും ഉറപ്പുവരുത്തേണ്ടതുമാണ്. ഈ രീതിയിൽ നടത്തുന്ന ചെലവിന് വാർഷിക ബജറ്റിലൂടെ ഒരു ഉയർന്ന പരിധി നിശ്ചയിക്കേണ്ടതാണ്.

2. ലോക്കൽ ഷോപ്പിങ്: 5000 രൂപയ്ക്ക് മുകളിൽ വരുന്നതും എന്നാൽ 50000 രൂപയിൽ (ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 25000 രൂപയിൽ) കുറഞ്ഞതുമായ സാധന-സേവനങ്ങളുടെ വാങ്ങലുകൾ. ഇതിനായി ഇനിപ്പറയുന്ന നടപടികൾ സ്വീകരിക്കണം.

1. നിശ്ചിത ഇനം ലഭ്യമാക്കുന്നവരുടെ (Suppliers) പട്ടിക തദ്ദേശ ഭരണസ്ഥാപനം മുൻകൂട്ടി തയ്യാറാക്കണം.
2. ക്വട്ടേഷനുകൾ ലഭിക്കുന്നതിനുള്ള അഭ്യർത്ഥന മേൽപ്പറഞ്ഞവർക്ക് അയച്ചുകൊടുക്കേണ്ടതും നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്.
3. ക്വട്ടേഷനുകൾ ലഭ്യമാക്കുന്നതിന് ഏഴ് ദിവസത്തെ സമയം നൽകണം.

5000 രൂപവരെയുള്ള പ്രവർത്തനങ്ങൾക്ക് പെറ്റി പർച്ചേസ് നടത്താം. റേറ്റ് കോൺട്രാക്ട് ഉണ്ടെങ്കിൽ ഉപയോഗിക്കണം. അല്ലാത്തപക്ഷം മത്സരാധിഷ്ഠിതമായിരിക്കേണ്ടതില്ല. എങ്കിലും ഓരോ പ്രൊക്യൂർമെന്റിനും പ്രൊക്യൂർമെന്റ് ഓഫീസർ അനുവാദം നൽകിയിരിക്കേണ്ടതും നിശ്ചിത ഗുണനിലവാരവും മിതവ്യയവും ഉറപ്പുവരുത്തേണ്ടതുമാണ്.

സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി/കോർപ്പറേഷനുകളിൽ നിന്ന് മരുന്നും, മാവേലി സ്റ്റോർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, നീതി സ്റ്റോർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പോഷകാഹാര ഇനങ്ങളും, സർക്കാർ, തദ്ദേശ ഭരണ സ്ഥാപനം, സർവ്വകലാശാല, സർക്കാർ അംഗീകൃത ഏജൻസി എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് കാർഷിക സാമഗ്രികളും BPCL,IDC,SIDCO എന്നിവയിൽ നിന്ന് ബിറ്റുമെനും നേരിട്ട് വാങ്ങാവുന്നതാണ്.

4. ക്വട്ടേഷനുകൾ നിശ്ചിത ഫോർമാറ്റിൽ രേഖാമൂലം സ്വീകരിക്കണം. എന്നാൽ ടെൻഡർ ഫോർമാറ്റുകൾ വിൽപന നടത്തേണ്ടതില്ല.
5. നേരിട്ട് ബോധ്യമുള്ള സ്രോതസ്സുകളിൽ നിന്ന് തന്നെ കുറഞ്ഞത് 3 ക്വട്ടേഷനുകളെങ്കിലും കിട്ടി എന്നുറപ്പാക്കണം.
6. ഒരു സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും ക്വട്ടേഷൻ സമർപ്പിച്ചവരുടെയും സാന്നിധ്യത്തിൽ പരസ്യമായി വേണം ക്വട്ടേഷൻ തുറക്കുന്നത്.
7. വിശദാംശങ്ങളടങ്ങിയ പർച്ചേസ് ഓർഡർ നൽകേണ്ടതും അതിന്റെ പകർപ്പ് ഏഴ് ദിവസത്തേക്ക് നോട്ടീസ് ബോർഡിലിടുകയും വേണം.

3. ലിമിറ്റഡ് ടെൻഡറിങ്

50000 രൂപ മുതൽ (ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 25000 രൂപ) ഒരുലക്ഷം രൂപ വരെയുള്ള വാങ്ങലുകൾ ഈ ഗണത്തിൽ പെടുന്നു. നടപടിക്രമങ്ങൾ ഇനിപ്പറയുന്നു.

1. ലഭ്യമാക്കേണ്ട സാധന-സേവന-പൊതുമരാമത്ത് പ്രവൃത്തികളുടെ പട്ടികപ്പെടുത്തൽ. സാധന-സേവനങ്ങളുടെ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കൽ, യൂണിറ്റ് വിലകൾ യാഥാർത്ഥ്യബോധത്തോടെ കണക്കാക്കുക തുടങ്ങിയവ.
2. നിശ്ചിത സേവനം ലഭ്യമാക്കുന്ന ഏജൻസികളുടെ പട്ടിക തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കൽ.
3 ക്വട്ടേഷനുകൾ ലഭ്യമാക്കുന്നതിനുള്ള അഭ്യർത്ഥന മേൽപറഞ്ഞവർക്കു അയച്ചുനൽകൽ. (ഏജൻസികൾക്ക് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എസ്റ്റിമേറ്റ് തുകയുടെ അഞ്ചിരട്ടി തുകയുടെ ടേൺഓവർ ഉണ്ടാവുകയും അതിൽ കുറഞ്ഞത് ഒരു ഓർഡറെങ്കിലും എസ്റ്റിമേറ്റ് തുകയുടെ 80 ശതമാനമെങ്കിലുമുള്ളതായിരിക്കുകയും വേണമെന്ന വിവരം കത്തിൽ ഉൾപ്പെടുത്തണം). ക്വട്ടേഷനുകൾ ലഭ്യമാക്കുന്നതിന് കുറഞ്ഞത് 14 ദിവസത്തെ സമയം നൽകണം. ടെൻഡർ ഫോറങ്ങൾ വിൽപ്പന നടത്തേണ്ടതില്ല.
4. കുറഞ്ഞത് 5, എന്നാൽ 8-10 ഏജൻസികളിൽ നിന്നെങ്കിലും പ്രതികരണം ലഭിച്ചു എന്ന് ഉറപ്പാക്കണം.
5. നിശ്ചയിച്ച തീയതിയിലും സമയത്തും ടെൻഡറുകൾ നൽകിയവരുടെയും ഒരു സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിധ്യത്തിൽ പരസ്യമായി വേണം ടെൻഡറുകൾ തുറക്കാൻ.
6. വിശദാംശങ്ങളടങ്ങിയ പർച്ചേസ് ഓർഡർ നൽകേണ്ടതും അതിന്റെ പകർപ്പ് ഏഴ് ദിവസത്തേക്ക് നോട്ടീസ് ബോർഡിലിടുകയും വേണം.

4. ഓപ്പൺ ടെൻഡറിങ്

ഒരു ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന ഗണത്തിൽപെടുന്നവ. മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചുകൊണ്ടായിരിക്കണം ചെയ്യേണ്ടത്.

1. ടെൻഡറുകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം/

Procurement Manual for Local Self Governments

ഒരു നിശ്ചിത സാധന സാമഗ്രി വാങ്ങുന്നതിനോ പ്രവൃത്തി നടത്തുന്നതിനോ മത്സരാധിഷ്ഠിത ടെൻഡറിലൂടെ കരാർ നിലവിലുണ്ടെങ്കിൽ അതേ ഇനത്തിലുള്ള അധിക സാമഗ്രി/ പ്രവൃത്തി ലഭ്യമാക്കുന്നതിന് അതേ സേവന ദാതാവിനെ ഉപയോഗപ്പെടുത്തുന്നതിന് സിംഗിൾ ടെൻഡർ രീതി അവലംബിക്കാം. വീണ്ടും ടെൻഡർ നടത്തുന്നതുകൊണ്ട് നിരക്ക് കുറയാനിടയില്ലാത്ത സാഹചര്യത്തിലും ഇതുകൊണ്ട് യാതൊരുവിധത്തിലുള്ള അഴിമതി സാധ്യതകൾ ഉണ്ടാകില്ലെന്നുള്ള കാര്യ കാരണ സഹിതമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയും തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ രീതി സ്വീകരിക്കാവുന്നത്.

നോട്ടീസ് പ്രചുരപ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും ഒരു മലയാളം പത്രത്തിലും പരസ്യപ്പെടുത്തണം.

2. പരസ്യതീയതി മുതൽ ടെൻഡർ ഫോറങ്ങൾ വാങ്ങുന്നതിനും സമർപ്പിക്കുന്നതിനും 21 ദിവസം സമയം നൽകണം.
3. ഒരു ലക്ഷം രൂപവരെയുള്ള പ്രവർത്തനങ്ങൾക്ക് 200 രൂപ, ഒന്ന് മുതൽ രണ്ട് ലക്ഷം രൂപവരെയുള്ളവയ്ർക്ക് 500 രൂപ, രണ്ട് ലക്ഷത്തിന് മുകളിലുള്ളവയ്ക്ക് 1000 രൂപ എന്നിങ്ങനെയാണ് ടെൻഡർ ഫോറം വില.
4. നിശ്ചയിച്ച തീയതിയിലും സമയത്തും ടെൻഡറുകൾ നൽകിയവരുടെയും ഒരു സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിധ്യത്തിൽ പരസ്യമായി വേണം ടെൻഡറുകൾ തുറക്കാൻ.
5. വിശദാംശങ്ങളടങ്ങിയ പർച്ചേസ് ഓർഡർ നൽകേണ്ടതും അതിന്റെ പകർപ്പ് ഏഴ് ദിവസത്തേക്ക് നോട്ടീസ് ബോർഡിലിടുകയും വേണം.

മേൽപ്പറഞ്ഞവ കൂടാതെ ഇനി പറയുന്ന നടപടിക്രമങ്ങളും പ്രൊക്യൂർമെന്റ് മാന്വൽ നിർദ്ദേശിക്കുന്നുണ്ട്.

1. ഗുണഭോക്തൃസമിതി വഴി

അഞ്ച് ലക്ഷം രൂപ വരെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നിർണ്ണയിക്കപ്പെട്ട നടപടിക്രമങ്ങളിലൂടെ ഗുണഭോക്തൃസമിതി വഴി നടത്താവുന്നതാണ്.

2. സിംഗിൾ ടെൻഡർ

മത്സരാധിഷ്ഠിതമല്ലാതെ കരാറിലേർപ്പെടുന്ന രീതിയാണിത്. ഒരു നിശ്ചിത സാധന സാമഗ്രി വാങ്ങുന്നതിനോ പ്രവൃത്തി നടത്തുന്നതിനോ മത്സരാധിഷ്ഠിത ടെൻഡറിലൂടെ കരാർ നിലവിലുണ്ടെങ്കിൽ അതേ ഇനത്തിലുള്ള അധിക സാമഗ്രി/ പ്രവൃത്തി ലഭ്യമാക്കുന്നതിന് അതേ സേവന ദാതാവിനെ ഉപയോഗപ്പെടുത്തുന്നതിന് സിംഗിൾ ടെൻഡർ രീതി അവലംബിക്കാം. വീണ്ടും ടെൻഡർ നടത്തുന്നതുകൊണ്ട് നിരക്ക് കുറയാനിടയില്ലാത്ത സാഹചര്യത്തിലും ഇതുകൊണ്ട് യാതൊരുവിധത്തിലുള്ള അഴിമതി സാധ്യതകൾ ഉണ്ടാകില്ലെന്നുള്ള കാര്യകാരണ സഹിതമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയും തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ രീതി സ്വീകരിക്കാവുന്നത്. എന്നാൽ ആദ്യ കരാറിൽ തന്നെ ഇതിനുള്ള സാധ്യത ഉൾപ്പെടുത്തേണ്ടതാണ്. വാങ്ങേണ്ടുന്ന സാധനം ഒരു സ്രോതസ്സിൽ നിന്നും മാത്രമാവുക, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വാങ്ങിയിരിക്കുന്ന സാമഗ്രിയുടെ അതേ നിലവാരത്തിലുള്ളത് വീണ്ടും വാങ്ങേണ്ടി വരിക (ഇപ്രകാരമൊരു ആവശ്യകത സമർത്ഥിച്ചുകൊണ്ടും പക്ഷപാതപരമായ സമീപനങ്ങൾ എങ്ങനെ ഒഴിവാക്കപ്പെടുന്നുവെന്നും വ്യക്തമാക്കിക്കൊണ്ടുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ കുറിപ്പും അതിന് തദ്ദേശ ഭരണസ്ഥാപനത്തിന്റെ മുൻകൂർ അനുവാദവും ഉണ്ടെങ്കിൽ), പ്രകൃതി ദുരന്ത നിവാരണ ആവശ്യകത തുടങ്ങിയ സാഹചര്യങ്ങളിലും സിംഗിൾ ടെൻഡർ ആകാം.

3. റേറ്റ് കോൺട്രാക്ട്

നിശ്ചിത ഇനങ്ങൾ (സാധന-സേവന-പ്രവൃത്തികൾ) നിശ്ചിത നിരക്കിൽ, നിശ്ചിത കാലത്തേക്ക് ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നിശ്ചയിച്ചിട്ടുള്ള കരാറാണിത്. ഇപ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും DGS & D(GoI), കേരള സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കോർപ്പറേഷനുകളും ഏജൻസികളും തുടങ്ങിയവ പട്ടികപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ പ്രസ്തുത നിർദ്ദേശങ്ങൾ-കരാർ-വിജ്ഞാപന നിബന്ധനകൾക്ക് വിധേയമായി നേരിട്ട് വാങ്ങാം. എന്നാൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഒറ്റ കരാർ അനുവാദം ഇപ്രകാരം പാടില്ല.

പൊതു നിബന്ധനകൾ

1. നിശ്ചിത മാതൃകയിൽ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിരിക്കുകയും ബജറ്റ് പ്രൊവിഷൻ ഉണ്ടായിരിക്കുകയും വേണം. സാമഗ്രികൾ വാർഷികാവശ്യം കണക്കിലെടുത്ത് ഒരുമിച്ചു വാങ്ങാൻ നടപടി സ്വീകരിക്കണം. സപ്ലയേർസിന് നൽകുന്ന കത്തിൽ/വർക്ക് ഓർഡറിൽ സ്പെസിഫിക്കേഷനുകൾ കൃത്യമായി ഉൾപ്പെടുത്തിയിരിക്കണം.
2. പരസ്യത്തിൽ ബ്രാൻഡ് നാമങ്ങൾ, കാറ്റലോഗ് നമ്പറുകൾ തുടങ്ങിയവ ഉൾപ്പെടുത്തരുത്. എന്നാൽ സ്പെസിഫിക്കേഷൻ വ്യക്തമായി നൽകാനാവാത്ത പക്ഷം 'ഇന്ന കമ്പനിയുടെ ഇന്ന ഉൽപ്പന്നം അല്ലെങ്കിൽ തത്തുല്യമായത്' എന്ന് ചേർക്കാവുന്നതാണ്.
3. സാധന-സേവനങ്ങൾ നിശ്ചിത സ്ഥലത്ത് എത്തിച്ച് ഇൻസ്റ്റലേഷൻ നടത്തി കമ്മീഷൻ ചെയ്യുന്നതുവരെയുള്ള ചെലവുകളും എല്ലാ നികുതി ബാധ്യതകളും അതത് പോലെ ടെണ്ടറിൽ ഉൾപ്പെടുത്തണം.
4. കുടുംബശ്രീ യൂണിറ്റുകൾക്കും അതതു തദ്ദേശഭരണസ്ഥാപനത്തിന്റെ വികസന പദ്ധതികളുടെ ഭാഗമായി സ്ഥാപിച്ച യൂണിറ്റുകൾക്കും അവർ നിർമ്മിക്കുന്ന സാധന സാമഗ്രികൾക്ക് 10 % വില മുൻഗണന (Price preference) നൽകാവുന്നതാണ്. ഇവയല്ലാതെ വില മുൻഗണന മറ്റാർക്കും നൽകാവുന്നതല്ല.
5. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി/കോർപ്പറേഷനുകളിൽ നിന്ന് മരുന്നും, മാവേലി സ്റ്റോർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, നീതി സ്റ്റോർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പോഷകാഹാര ഇനങ്ങളും, സർക്കാർ, തദ്ദേശ ഭരണ സ്ഥാപനം, സർവ്വകലാശാല, സർക്കാർ അംഗീകൃത ഏജൻസി എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് കാർഷിക സാമഗ്രികളും BPCL,IDC,SIDCO എന്നിവയിൽ നിന്ന് ബിറ്റുമെനും നേരിട്ട് വാങ്ങാവുന്നതാണ്.
6. പരസ്യ ചെലവ് കുറയ്ക്കുന്നതിനായി പത്രപരസ്യങ്ങൾ കഴിയുന്നതും ഒരുമിച്ച് ചേർത്ത് നൽകണം.
7. 7,14,21 ദിവസ സമയം കണക്കാക്കുന്നത് യഥാർത്ഥത്തിൽ പരസ്യം പ്രസിദ്ധീകരിച്ച തീയതി മുതലാണ്.
8. ടെക്നിക്കൽ, കമേർസ്യൽ എന്നിങ്ങനെ രണ്ടു കവറുകൾ ഒരു ടെൻഡറിനായി ആവശ്യമില്ല. ഒരു കവറിൽ തന്നെ നിശ്ചിത ഫോർമാറ്റിൽ ആയിരിക്കണം ടെൻഡറുകൾ സമർപ്പിക്കേണ്ടത്. എന്നാൽ പത്ത് ലക്ഷത്തിനു മുകളിലുള്ള ടെൻഡറുകൾക്ക് രണ്ട് തട്ട് നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.
9. ടെൻഡറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം തന്നെ ഒറ്റ സ്ഥലത്ത് വെച്ച് ടെൻഡറുകൾ തുറക്കേണ്ടതാണ്. വൈകി ലഭിക്കുന്നവ തുറക്കാതെ മടക്കേണ്ടതാണ്.
10. ടെൻഡർ വിവരങ്ങൾ ടെൻഡർ തുറക്കുന്ന സമയത്ത് തന്നെ വായിക്കണം. പിൻവലിക്കൽ/ഭേദഗതി നോട്ടീസുകൾ അതതു ടെൻഡർ തുറക്കുന്നതിനൊപ്പം തന്നെ വായിക്കേണ്ടതാണ്. എല്ലാ വിവരങ്ങളും അപ്പോൾ തന്നെ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതും ഹാജരായവരുടെ ഒപ്പ് വാങ്ങേണ്ടതുമാണ്. ടെൻഡർ കവറുകൾ മറ്റ് രേഖകളോടൊപ്പം ഒരുമിച്ചുവെയ്ക്കണം.
11. ഒരു ടെൻഡറും തുറക്കുന്ന സമയത്ത് ഒരു കാരണവശാലും നിരസിക്കരുത്.
12. സാമ്പിൾ ആവശ്യമുള്ള സംഗതികളിൽ ടെൻഡറിനോടൊപ്പം തന്നെ അത് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്. അങ്ങനെ ചെയ്യാത്ത ടെൻഡറുകൾ നിരസിക്കേണ്ടി വരുന്നതാണ്. ഏതു കാരണത്താലും കരാർ നിരസിക്കപ്പെടുന്ന സാഹചര്യങ്ങളിൽ, നിരസന തീയതി മുതൽ 30 ദിവസത്തിനകം ആവശ്യപ്പെട്ടാൽ അവരുടെ ചെലവിൽ സാമ്പിളുകൾ തിരിച്ചു നൽകേണ്ടതാണ്.
13. ഒപ്പിടാത്തവ, സെക്യൂരിറ്റി തുക അളവിലും നിശ്ചിതകാലത്തേക്കും ഇല്ലാത്തവ, ഗുണനിലവാര നിബന്ധനകൾ പാലിക്കാത്തവ, ആവശ്യപ്പെട്ട എല്ലാ സാധന-സേവനങ്ങൾക്കും വില രേഖപ്പെടുത്താത്തവ (അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ), കരാർ എറ്റെടുത്തു നടത്താൻ നിശ്ചയിച്ച ശേഷി കൈവരിച്ചിട്ടില്ലാത്തവ എന്നീ സാഹചര്യങ്ങളിൽ ടെൻഡറുകൾ നിരസിക്കാവുന്നതാണ്. നിർണ്ണയിക്കപ്പെട്ട നിബന്ധനകൾക്ക് വിധേയമായി ഏതു ടെൻഡറും തദ്ദേശഭരണസ്ഥാപനത്തിന് നിരസിക്കാവുന്നതാണ്. നടപടി ക്രമങ്ങൾ തൃപ്തികരമായി പൂർത്തീകരിച്ചതും ക്വാട്ട് ചെയ്ത തുക അനുവദനീയവുമാണെങ്കിൽ ഒരു ടെൻഡറെ ലഭിച്ചുള്ളുവെങ്കിലും സ്വീകരിക്കാവുന്നതാണ്.
14. ടെൻഡർ സെക്യൂരിറ്റി, റിട്ടൻഷൻ തുക, ലിക്വിഡേറ്റഡ് ഡാമേജസ് തുടങ്ങിയവ ബാധകമാകുന്ന പക്ഷം, ടെൻഡർ രേഖകളിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.
15. മൂന്ന് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങളുടെ സാന്നിധ്യത്തിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ആളുമായി കൂടുതൽ മെച്ചപ്പെട്ട കരാറിലെത്തിച്ചേരാനായി നടത്തുന്നതൊഴികെ നെഗോഷ്യേഷൻ അനുവദനീയമല്ല. ടെൻഡറുകളുടെ കാലാവധി ക്വട്ടേഷനുകളുടെ കാര്യത്തിൽ 30 ദിവസവും ടെൻഡറുകളുടെ കാര്യത്തിൽ 90 ദിവസവുമാണ്.
16. പരാതി പരിഹാര നടപടികൾ രേഖപ്പെടുത്തുന്നതിനായി നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ വച്ചുപോരേണ്ടതാണ്.

കൺസൽട്ടൻസി സേവന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഈ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ മാന്വലിന്റെ അനുബന്ധം രണ്ട് ആയി ലഭ്യമാണ്. അനബന്ധം 1ൽ പ്രൊക്യൂർമെന്റ് ബാധകമായിട്ടുള്ള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങളും നൽകിയിട്ടുണ്ട്. ലോകബാങ്ക് ധനസഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾക്ക് മാന്വലിലെ ചില നിർദ്ദേശങ്ങളെ പരിമിതപ്പെടുത്തുന്ന നിബന്ധനകൾ ഉണ്ടെന്നത് പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. ■

ലേഖകൻ പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയാണ്,
നിലവിൽ അക്ഷയ കാസർഗോഡ് അസിസ്റ്റന്റ് ജില്ലാ കോർഡിനേറ്ററാണ്.
ഫോൺ: 9446017388

ഒപ്പിടാത്തവ, സെക്യൂരിറ്റി തുക അളവിലും നിശ്ചിതകാലത്തേക്കും ഇല്ലാത്തവ, ഗുണനിലവാര നിബന്ധനകൾ പാലിക്കാത്തവ, ആവശ്യപ്പെട്ട എല്ലാ സാധന-സേവനങ്ങൾക്കും വില രേഖപ്പെടുത്താത്തവ (അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ), കരാർ എറ്റെടുത്തു നടത്താൻ നിശ്ചയിച്ച ശേഷി കൈവരിച്ചിട്ടില്ലാത്തവ എന്നീ സാഹചര്യങ്ങളിൽ ടെൻഡറുകൾ നിരസിക്കാവുന്നതാണ്. നിർണ്ണയിക്കപ്പെട്ട നിബന്ധനകൾക്ക് വിധേയമായി ഏതു ടെൻഡറും തദ്ദേശഭരണസ്ഥാപനത്തിന് നിരസിക്കാവുന്നതാണ്. നടപടിക്രമങ്ങൾ തൃപ്തികരമായി പൂർത്തീകരിച്ചതും ക്വാട്ട് ചെയ്ത തുക അനുവദനീയവുമാണെങ്കിൽ ഒരു ടെൻഡറെ ലഭിച്ചുള്ളുവെങ്കിലും സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്ത് രാജ്

ഇടിമിന്നൽ

ഡോ. പി.കെ. പ്രദീപ് കുമാർ

എന്താണ് ഇടിമിന്നലെന്നതും എപ്പോഴാണ് അത് അപകടകാരിയാകുന്നതുമെന്നൊക്കെയുള്ള വിവരങ്ങൾ പലർക്കും അജ്ഞാതമാണ്. മുൻകരുതലുകളെടുക്കുകയാണെങ്കിൽ അപകടങ്ങളുടെ എണ്ണവും തീവ്രതയും കുറയ്ക്കാൻ പറ്റുമെന്നത് ഒരു യാഥാർത്ഥ്യമാണ്.

ഇടിമിന്നലേറ്റ് മരണപ്പെടുന്നതും അപകടം സംഭവിക്കുന്നതുമായ വാർത്തകൾ ഇന്ന് ഒരപൂർവ്വ വാർത്തയല്ലാതായി മാറിയിരിക്കുകയാണ്. കേരളത്തിൽ മാർച്ചു മുതൽ മെയ് വരെയുള്ള മാസങ്ങളിലെയും തുലാവർഷ മാസങ്ങളിലെയും മിക്ക ദിവസങ്ങളിലും ഇത്തരം വാർത്തകൾ പത്രത്താളുകളിൽ ഇടം പിടിക്കാറുണ്ട്. ഈയടുത്ത കാലത്ത് കേരളത്തിൽ ഇടിമിന്നലേറ്റുള്ള അപകടങ്ങൾ കൂടി വരുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്താണ് ഇടിമിന്നലെന്നതും എപ്പോഴാണ് അത് അപകടകാരിയാകുന്നതുമെന്നൊക്കെയുള്ള വിവരങ്ങൾ പലർക്കും അജ്ഞാതമാണ്. മുൻകരുതലുകളെടുക്കുകയാണെങ്കിൽ അപകടങ്ങളുടെ എണ്ണവും തീവ്രതയും കുറയ്ക്കാൻ പറ്റുമെന്നത് ഒരു യാഥാർത്ഥ്യമാണ്.

മേഘങ്ങൾക്കുള്ളിലാണ് ഇടിമിന്നൽ ഉണ്ടാകുന്നത് എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നാൽ എല്ലാത്തരം മേഘങ്ങളിലും ഇടിമിന്നൽ ഉണ്ടാകില്ല. മിന്നലിനെക്കുറിച്ചും ഇടിയെക്കുറിച്ചുമൊക്കെ കൂടുതൽ മനസ്സിലാക്കുന്നതിനു മുൻപ് ആകാശത്തു കാണുന്ന മേഘങ്ങളെ കുറിച്ചു ചില കാര്യങ്ങൾ അറിയുന്നതു നല്ലതായിരിക്കും. ഭൂമിയുടെ ആകാശത്ത് കാണുന്ന മേഘങ്ങളെ പ്രധാനമായും നാല് (4) വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഭൂമിയുടെ സമുദ്രനിരപ്പിൽ നിന്നും ഏകദേശം ഏഴു കിലോമീറ്റർ ഉയരത്തിനു മുകളിൽ കാണുന്ന മേഘങ്ങളെ ഉയർന്ന തലത്തിലുള്ള മേഘങ്ങൾ എന്നും, സമുദ്രനിരപ്പിൽ നിന്നും ഏകദേശം രണ്ടുകിലോമീറ്റർ മുതൽ ഏഴ് കിലോമീറ്റർ വരെ ഉയരത്തിലുള്ള മേഘങ്ങളെ മദ്ധ്യതലത്തിലുള്ള മേഘങ്ങൾ എന്നുമാണ് പറയുന്നത്. രണ്ടായിരം മീറ്ററിന് അഥവാ രണ്ടു കിലോമീറ്ററിന് ഉള്ളിലുള്ള മേഘങ്ങൾ താഴ്ന്ന തലത്തിലുള്ള മേഘങ്ങൾ ആണ്. ചില മേഘങ്ങൾ താഴെ തലത്തിൽ നിന്നും തുടങ്ങി നേർക്കുതന്നെ രൂപം പ്രാപിച്ചു വളരെ ഉയർന്ന തലത്തിൽ എത്തുന്നു. ഇപ്രകാരമുള്ള മേഘങ്ങളെ കുത്തനെ രൂപം പ്രാപിക്കുന്ന മേഘങ്ങൾ എന്നാണു പറയാറുള്ളത്.

മുകളിൽ സൂചിപ്പിച്ച ഓരോ വിഭാഗത്തിലുള്ള മേഘങ്ങൾക്ക് വിവിധ രൂപങ്ങളും സ്വഭാവങ്ങളുമാണ് ഉള്ളത്. ഉയർന്ന തലത്തിലുള്ള മേഘങ്ങൾക്കു മൂന്നു രൂപങ്ങളുണ്ട്. അതിലൊന്നാണു 'സിറസ്'. നല്ലവണ്ണം വെട്ടിത്തിളങ്ങുന്നതും പക്ഷിത്തൂവൽ പോലെ അവിടവിടെയായി ചിതറികിടക്കുന്നതുമായ മേഘങ്ങളാണിവ. തീരെ കനംകുറഞ്ഞ ഈ മേഘത്തിൽ വളരെ സൂക്ഷ്മമായ ഐസ് കണികകൾ മാത്രമെ ഉണ്ടാകുകയുള്ളൂ. മഴയായി മാറാൻ മാത്രമുള്ള ജലാംശം സിറസ് മേഘത്തിലില്ലാത്തതിനാൽ, ഇത് ഒരിക്കലും മഴയായി മാറില്ല. ഉയർന്ന തലത്തിലുള്ള മേഘങ്ങളിലെ വേറൊരു രൂപമാണ് സിറോകുമുലസ്. ആകാശത്ത് വളരെ ഉയരത്തിൽ നല്ല വെളുത്ത മേഘങ്ങൾ ചെറിയ ചെറിയ കൂട്ടങ്ങളായി നിൽക്കുന്നത് കാണാം. അവയാണ് സിറോകുമുലസ് മേഘങ്ങൾ. ഈ മേഘത്തിലും വളരെ സൂക്ഷ്മമായ ഐസ് കണികകൾ മാത്രമേയുള്ളൂ. ആകാശത്ത് ഇതേ ഉയരത്തിൽ നല്ല വെളുത്ത പാൽപ്പാട പോലെ പരന്നുകിടക്കുന്ന മേഘങ്ങളാണ് സിറോസ്ട്രാറ്റസ്. തീരെ കനം കുറഞ്ഞ ഈ മേഘത്തിലും വളരെ സൂക്ഷ്മമായ ഹിമകണികകൾ മാത്രമേയുള്ളൂ. ആയതിനാൽ ഇതിൽനിന്നും മഴ ലഭിക്കില്ല. ചുരുക്കിപ്പറഞ്ഞാൽ ഉയർന്ന തലത്തിലുള്ള മേഘങ്ങളിൽ നിന്നും മഴ ഉണ്ടാകുന്നതേയില്ല.

മദ്ധ്യതല മേഘങ്ങളിലെ പ്രധാന ഉപവിഭാഗങ്ങളാണ് ആൾട്ടോ കുമുലസും ആൾട്ടോ സ്ട്രാറ്റസും. ആകാശത്ത് ഭൂതലത്തിൽ നിന്നും രണ്ടു കിലോമീറ്ററിന്റെയും ഏഴു കിലോമീറ്ററിന്റെയും ഇടയിലുള്ള ഉയരത്തിൽ ചെമ്മരിയാടിന്റെ പുറംപോലെ ചെറിയ ചെറിയ ഉരുളകളായി കാണുന്ന മേഘങ്ങളാണ് ആൾട്ടോ കുമുലസ്. ഈ മേഘകൂട്ടങ്ങളിൽ നല്ല വെളുത്തതും ചാരനിറത്തോടുകൂടിയതുമായ മേഘങ്ങൾ ഉണ്ടാകും. ഇതേ ഉയരത്തിൽ പരന്നുകിടക്കുന്ന മേഘങ്ങളാണ് ആൾട്ടോ സ്ട്രാറ്റസ്. വെള്ളയും ചാരനിറവും കൂടിക്കലർന്ന ഈ മേഘങ്ങൾ കനംകുറഞ്ഞവയാണ്. സൂര്യനും ചന്ദ്രനുമെല്ലാം ഈ മേഘങ്ങൾക്കുള്ളിൽ കൂടി തിളങ്ങുന്ന ബിംബമായി കാണാം. തീരെ ശക്തി കുറഞ്ഞതും കനം കുറഞ്ഞതുമായ മഴ ചില അവസരത്തിൽ മദ്ധ്യതല മേഘങ്ങളിൽ നിന്നും ഉണ്ടാകാറുണ്ട്.

ആകാശത്ത് ഭൂതലത്തിൽ നിന്നും രണ്ടുകിലോമീറ്ററിന്റെ താഴെയുള്ള, താഴ്ന്ന തലത്തിലുള്ള മേഘങ്ങളിലെ മൂന്ന് പ്രധാന ഉപവിഭാഗങ്ങളാണ് സ്ട്രാടോ കുമുലസ്, സ്ട്രാറ്റസ്, നിംബോ സ്ട്രാറ്റസ്. വെള്ളയും ചാരനിറവും ഇടകലർന്ന ചെറിയ ചെറിയ ഉരുളകളോ റോളുകളോ ആയ മേഘങ്ങളാണ് സ്ട്രാടോ കുമുലസ്. ചില സന്ദർഭങ്ങളിൽ ഈ ചെറുകൂട്ടങ്ങൾ അന്യോന്യം കൂട്ടി യോജിച്ച് വലിയ വിശാലമായ മേഘമായി മാറും. ഇത്തരം സന്ദർഭങ്ങളിൽ വളരെകുറഞ്ഞ സമയം നീണ്ടുനിൽക്കുന്ന കനമുള്ള മഴത്തുള്ളികൾ ഈ മേഘത്തിൽ നിന്നും താഴേക്ക് വീഴാറുണ്ട്. ആകാശത്ത് താഴെ തലത്തിൽ ഭൂമിയുടെ ഉപരിതലത്തെ തൊടാത്തവിധം മഞ്ഞുപോലെ പരന്നുകിടക്കുന്ന മേഘമാണ് സ്ട്രാറ്റസ്. ഈ മേഘം എല്ലായിടത്തും ഒരുപോലെയായിരിക്കും. ഈ മേഘത്തിൽ നിന്നും ചില സന്ദർഭങ്ങളിൽ സമയദൈർഘ്യം കുറഞ്ഞ ചാറൽ മഴയാണുണ്ടാകാറുള്ളത്. ശക്തിയുള്ളതും സമയദൈർഘ്യം കൂടുതലുള്ളതുമായ മഴ തരുന്ന മേഘമാണ് നിംബോസ്ട്രാറ്റസ്. ഒരു പ്രത്യേക രൂപമില്ലാതെ, ആകാശത്ത് നല്ല കട്ടിയിൽ പരന്നുകിടക്കുന്ന ഈ മേഘങ്ങൾ നല്ല കടുംചാരനിറത്തിലായിരിക്കും ഉണ്ടാകുക. തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് കേരളക്കരയിൽ ഈ മേഘങ്ങൾ വളരെയേറെ ഉണ്ടായിരിക്കും.

വളരെ അടുത്തുള്ള ആകാശത്ത് ഇടിയും മിന്നലും ഉണ്ടാകുമ്പോൾ പുറത്തിറങ്ങാതിരിക്കുന്നതാണ് ഉത്തമം. ഇലക്ട്രിക് കറന്റ് മേഘത്തിൽ നിന്നും ഭൂമിയുടെ പ്രതലത്തിലേക്ക് പ്രവഹിക്കുവാൻ സാധ്യതയുള്ളതിനാലാണ് ഇപ്രകാരം പറയുന്നത്. ഇത്തരം കറന്റ് എപ്പോഴാണ് ഉണ്ടാകുക എന്ന് പ്രവചിക്കുവാൻ പ്രയാസമാണ്. ഏതു സമയത്തും ഇതു സംഭവിച്ചേക്കാം.

അന്തരീക്ഷത്തിന്റെ താഴെ തലത്തിൽ നിന്നും രൂപം പ്രാപിച്ച് കുത്തനെ മോലോട്ടുയരുന്ന മേഘങ്ങളാണ് കുത്തനെ രൂപം പ്രാപിക്കുന്ന മേഘങ്ങൾ. ഇതിന്റെ രണ്ട് ഉപവിഭാഗങ്ങളാണ് കുമലസ് മേഘവും, കുമുലോ നിംബസ് മേഘവും. അടിഭാഗം പരന്ന് പഞ്ഞിക്കെട്ടുകൾ

പോലെ മുകളിലേക്കുയർന്ന് നല്ല കട്ടിയുള്ളതും വെളുത്തതുമായ മേഘമാണ് കുമുലസ് മേഘം. കാണാൻ ഭംഗിയുള്ള മേഘങ്ങളിൽ ഒന്നാണിത്. വെവ്വേറെയായി നിൽക്കുന്ന ഈ മേഘങ്ങൾ കാറ്റിന്റെ ഗതിക്കനുസരിച്ച് തമ്മിൽ തമ്മിൽ കൂടിച്ചേരാനും ഇല്ലാതാകാനും സാധ്യതയുണ്ട്. വെറും കുമുലസ് മേഘങ്ങളിൽ നിന്ന് മഴത്തുള്ളികൾ അപൂർവ്വമായേ ഉണ്ടാകുകയുള്ളൂ. ഒന്നോ രണ്ടോ മീറ്റർ മുതൽ രണ്ടായിരം മീറ്റർവരെ കനമുള്ള കുമുലസ് മേഘങ്ങൾ ഉണ്ടാകും.

ഇതിനേക്കാൾ ഉയരത്തിൽ പോകുന്ന മേഘങ്ങളാണ് കുമുലോനിംബസ് മേഘങ്ങൾ. ഈ മേഘങ്ങളുടെയും അടിഭാഗം പരന്നിട്ടായിരിക്കും. ഒരു കൊടുമുടിപോലെ ഉയർന്ന് പത്ത് കിലോമീറ്ററോളം അതായത് പതിനായിരം മീറ്ററോളം ഉയരത്തിൽ ഇത് വളർന്ന് വലുതാകും. ചില സന്ദർഭങ്ങളിൽ ഈ മേഘങ്ങൾക്ക് പന്ത്രണ്ട് കിലോമീറ്ററിൽ കൂടുതൽ ഉയരം വെയ്ക്കും. പൂർണ്ണ വളർച്ചയെത്തിയ കുമുലോ നിംബസ് മേഘങ്ങളുടെ അടിഭാഗത്തിന്റെ വ്യാസം പത്ത് കിലോമീറ്ററോളം ഉണ്ടായിരിക്കും. ഈ മേഘങ്ങളിൽ നിന്നും നമുക്ക് നല്ല ശക്തിയുള്ള മഴയും ലഭിക്കും. അതേസമയം ചിലപ്പോൾ അപകടകാരിയുമാണ്. എന്തെന്നാൽ കുമുലോനിംബസ് മേഘത്തിൽ നിന്ന് മാത്രമാണ് ഇടിയും മിന്നലും ഉണ്ടാകുന്നത്.

ഒരു സ്ഥലത്തെ അന്തരീക്ഷവായുവിന് സമീപസ്ഥലത്തെ അന്തരീക്ഷവായുവിനെക്കാൾ ചൂട് കൂടുകയും ഭൂമിയുടെ ഉപരിതലത്തിന് സമാന്തരമായി കാറ്റ് ഇല്ലാതായിരിക്കുകയും ചെയ്യുമ്പോൾ ചൂട് പിടിച്ച വായു ആകാശത്തേക്ക് ഉയരുന്നു. അല്ലെങ്കിൽ ഒരു പ്രദേശത്തെ ചൂടുപിടിച്ച വായുവിലേക്ക് സമീപപ്രദേശത്തുനിന്നും പെട്ടെന്ന് തണുത്തവായു കടന്നുവന്നാൽ ചൂടുപിടിച്ച വായു ഉടൻതന്നെ മുകളിലോട്ട് ഉയരുന്നു. ഇങ്ങനെ മുകളിലോട്ടുയരുന്ന

കുത്തനെയുള്ള മേഘങ്ങൾ രൂപപ്പെടുന്ന അവസരങ്ങളിലൊക്കെ ഇടിമിന്നലുണ്ടാകാൻ സാധ്യതയേറെയാണ്. തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ തുടക്കത്തിലും തുലാവർഷ കാലങ്ങളിലും ഇടിമിന്നലുണ്ടാകാറുണ്ട്. പ്രേത–പിശാചുകൾ മൂലമാണ് ഇടിമിന്നലുണ്ടാകുന്നതെന്നും അവയിൽനിന്നും രക്ഷനേടാൻ പൂജാദികർമ്മങ്ങൾ ചെയ്യണമെന്നൊക്കെയുള്ള അബദ്ധധാരണ ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നതായി പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. ഭൂമിയിൽ സംഭവിക്കുന്ന പ്രതിഭാസങ്ങൾക്ക് പിന്നിൽ ശാസ്ത്രസത്യമുണ്ടെന്ന് മനസ്സിലാകുമ്പോൾ അത്തരം അബദ്ധധാരണകളും അന്ധവിശ്വാസങ്ങളും താനെ മാറിക്കൊള്ളും.

മേഘങ്ങൾ

സിറസ് – CIRRUS
സിറോ കുമുലസ് – CIRROCUMULUS
സിറോ സ്ട്രാറ്റസ് – CIRROSTRATUS
ആൾട്ടോ കുമുലസ് – ALTOCUMULUS
ആൾട്ടോ സ്ട്രാറ്റസ് – ALTOSTRATUS
സ്ട്രാടോ കുമുലസ് – STRATO CUMULUS
സ്ട്രാറ്റസ് – STRATUS
നിംബോ സ്ട്രാറ്റസ്– NIMBO STRATUS
കുമുലസ്– CUMULUS
കുമുലോ നിംബസ് – CUMULO NIMBUS

വായുവിൽ ഈർപ്പമുണ്ടായാൽ അത് ഘനീഭവിച്ച് മേഘമായി മാറുന്നു. ഘനീഭവം നടക്കുമ്പോൾ ലേറ്റന്റ് ഹീറ്റ് അതായത് സംഘനന ഊർജ്ജം ഉണ്ടാകുകയും മുകളിലേക്കുയരുന്ന വായുവിന്റെ ചൂട് വീണ്ടും വർദ്ധിക്കുകയും ചെയ്യുന്നു. വായുവിന്റെ ചൂട് വർദ്ധിക്കുമ്പോൾ വികാസം മൂലം വായുവിന്റെ സാന്ദ്രത കുറയുകയും വീണ്ടും മുകളിലോട്ടുയരാൻ സഹായകരമാകുകയും ചെയ്യുന്നു. ഇപ്രകാരം മുകളിലോട്ട് പ്രവഹിക്കുന്ന വായുവിന് ഒരു മണിക്കൂറിൽ 100 കിലോമീറ്റർ വരെ വേഗത കൈവരുന്നു. താഴെ ഭൂതലത്തിൽ നിന്നും പൊങ്ങിവരുന്ന ഈർപ്പമുള്ള വായു കുത്തനെ മുകളിലോട്ട് ഉയർന്ന് അതിലെ ഈർപ്പം സംഘനിച്ച് വലിയ ഉയരമുള്ള പഞ്ഞിക്കെട്ട് പോലുള്ള മേഘമായി മാറുകയും ചെയ്യുന്നു. പൂർണ്ണ വളർച്ചയെത്തുന്നതോടൊപ്പം കുമുലോനിംബസ് മേഘങ്ങളിൽ നിന്നും ഇടിയും മിന്നലും ഉണ്ടാകുകയും ഒപ്പം ശക്തിയായ വായുപ്രവാഹവും മഴയും ഭൂമിയുടെ ഉപരിതലത്തിലേക്ക് പതിക്കുകയും ചെയ്യുന്നു.

ഒരു കുമുലോ നിംബസ് മേഘം വളർന്ന് വലുതായി വരുമ്പോൾ മേഘത്തിന്റെ അടിഭാഗത്തുനിന്നും മേഘത്തിനുള്ളിൽ മുകളിലേക്ക് വളരെ ശക്തിയേറിയ വായുപ്രവാഹം ഉണ്ടാകുന്നുണ്ട്. മേഘത്തിലെ ഓരോ ജലകണികകൾക്കുള്ളിലുള്ള താപവ്യത്യാസംമൂലവും ശക്തിയായ പ്രവാഹത്താലുള്ള ഘർഷണം മൂലവും ചില ജലകണികകളിൽ നിന്നും പോസിറ്റീവ് ചാർജ്ജുള്ള ഒരു 'എച്ച്' അയോൺ വിഘടിക്കുകയും വായു പ്രവാഹത്തോടൊപ്പം മേഘത്തിനുള്ളിൽ മുകളിലേക്കുയരുകയും ചെയ്യുന്നു, വെള്ളത്തിന്റെ രാസഘടന എച്ച്ടുഒ (H_2O) ആണല്ലോ. ഇതിൽ നിന്നും പോസിറ്റീവ് ചാർജുള്ള ഒരു 'എച്ച് (H) അയോൺ പുറത്തേക്ക് പോയാൽ നെഗറ്റീവ് ചാർജ്ജുള്ള ഒഎച്ച് (OH) അയോൺ മേഘത്തിനുള്ളിൽ അടിഭാഗത്തുതന്നെയുണ്ടാകും. അപൂ

ഇടിമിന്നലുണ്ടാകുമ്പോൾ ടെലിഫോൺ ചെയ്യാൻ പാടില്ല എന്നു പറയാറുണ്ട്. ഇതിനും കാരണമുണ്ട്. ചില സന്ദർഭങ്ങളിൽ ടെലിഫോൺ കേബിളിൽക്കൂടിയും ഇടിമിന്നലിലെ ഇലക്ട്രിക് പ്രവാഹം നടന്നേക്കും. അങ്ങിനെയാകുമ്പോൾ അതും അപകടകാരിതന്നെ.

ർവ്വം ചില സന്ദർഭങ്ങളിൽ ഇതിൽ ചെറിയൊരു ഭാഗം ശക്തിയായ വായുപ്രവാഹത്താൽ മുകളിലോട്ട് പോയേക്കാം. അതുപോലെതന്നെ പോസിറ്റീവ് ചാർജ്ജുള്ള 'എച്ച്' അയോൺ അപൂർവ്വം ചില സന്ദർഭങ്ങളിൽ മേഘത്തിന്റെ അടിഭാഗത്തും കണ്ടേക്കാം. എന്തെന്നാൽ വലിയ മേഘത്തിന്റെ ഉള്ളിൽ തന്നെ ചില സന്ദർഭങ്ങളിൽ വായു താഴേക്കും മുകളിലേക്കും വിവിധ വേഗതകളിൽ കറങ്ങുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ചതുപ്രകാരം പല ജല കണികകളിൽ നിന്നും പോസിറ്റീവ് ചാർജ്ജുള്ള 'എച്ച്' അയോണുകൾ വിഘടിക്കുകയും മേഘത്തിന്റെ, കുമുലോ നിംബസ് മേഘത്തിന്റെ മുകൾ ഭാഗത്തേക്ക് നീക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ അനേകശതം പോസിറ്റീവ് അയോണുകൾ മേഘത്തിനുള്ളിൽ മുകൾഭാഗത്തും നെഗറ്റീവ് ചാർജ്ജുള്ള അയോണുകൾ മേഘത്തിനുള്ളിൽ അടിഭാഗത്തും കേന്ദ്രീകരിക്കപ്പെടും. ഇപ്രകാരം പോസിറ്റീവും നെഗറ്റീവും ചാർജ്ജുകൾ വിവിധ തലത്തിൽ കേന്ദ്രീകരിക്കപ്പെട്ടാൽ മേഘം ഒരു വൈദ്യുത സ്രോതസ്സായി മാറും. പൂർണ്ണ വളർച്ചയെത്തിയ ഒരു കുമുലോനിംബസ് മേഘത്തിനുള്ളിലെ വൈദ്യുത പൊട്ടൻഷ്യൽ മൂവായിരം വോൾട്ട് (3000V) മുതൽ അമ്പതിനായിരം വോൾട്ട് (50000V) വരെ എത്തുന്നു. ചിലപ്പോൾ ഇതിൽ കൂടുതൽ വോൾട്ട് ഉണ്ടാകും. പോസിറ്റീവ് ചാർജ്ജുള്ള അയോണുകളും നെഗറ്റീവ് ചാർജ്ജുള്ള അയോണുകളും അവയുടെ സാന്ദ്രതയും അകലത്തിനും അനുസരിച്ച് തമ്മിൽ തമ്മിൽ ആകർഷിക്കപ്പെടുന്നു. ഈ ആകർഷണത്തിൽ ഉണ്ടാകുന്ന സ്ഫുലിംഗം അഥവാ തീപ്പൊരിയാണ് മിന്നൽ.

മേഘത്തിനുള്ളിൽ മിന്നലുണ്ടാകുമ്പോൾ മിന്നലിന്റെ സഞ്ചാരപഥത്തിലെ വായുവിന്റെ താപം വളരെ പെട്ടെന്ന് ഉയർന്ന് ഇരുപതിനായിരം മുതൽ മുപ്പതിനായിരം ഡിഗ്രി സെന്റിഗ്രേഡ് വരെ ഉയരുന്നു. വളരെ പെട്ടെന്നുള്ള താപവർദ്ധന പ്രകാരം മിന്നലിന്റെ സഞ്ചാരപഥത്തിലെ വായു വളരെ പെട്ടെന്ന് വികസിക്കുകയും വശങ്ങളിലേക്ക് അതേ വേഗത്തിൽ തള്ളപ്പെടുകയും ചെയ്യുന്നു. പെട്ടെന്നുള്ള വായുവിന്റെ വികാസവും തള്ളലും ശബ്ദതരംഗങ്ങളെ ഉണ്ടാക്കുകയും അത് ഇടിയായി നമ്മൾ കേൾക്കുകയും ചെയ്യുന്നു. നല്ലവണ്ണം തണുത്ത പളുങ്ക് ഗ്ലാസിലേക്ക് വളരെ പെട്ടെന്ന് ചൂടുവെള്ളം ഒഴിച്ചാൽ ഗ്ലാസ് പൊട്ടിച്ചിതറുന്നതുപോലുള്ള പ്രക്രിയയാണ് ഇടി മേഘത്തിനുള്ളിലും നടക്കുന്നത്.

അയോണുകൾ ആകർഷിക്കുമ്പോഴുള്ള സ്പാർക്ക് അഥവാ സ്ഫുലിംഗമാണ് വെളിച്ചമായി കാണുന്നത്. ചില മിന്നലിന്റെ സ്ഫുലിംഗം മേഘത്തിനുള്ളിൽ പുറത്തേക്ക് കാണാത്ത വിധമായിരിക്കും. ചെറിയ വെളിച്ചം മാത്രമേ പുറത്തേക്കുണ്ടാകുകയുള്ളൂ. ഈ മിന്നലിനെ ഷീറ്റ് ലൈറ്റ്നിങ്ങ് എന്നു പറയുന്നു. സ്ഫുലിംഗം വ്യക്തമായി കാണുന്ന മിന്നലിനെ ഫോർക്ക് ലൈറ്റ്നിങ്ങ് എന്നാണ് പറയുന്നത്. ഇത്തരം സ്ഫുലിംഗങ്ങൾ ഒരു മേഘത്തിനുള്ളിൽ തന്നെയോ രണ്ട് മേഘങ്ങൾ തമ്മിലോ അതുമല്ലെങ്കിൽ മേഘവും ഭൂമിയുടെ ഉപരിതലവും തമ്മിലോ ആയിരിക്കും.

ഇടിമിന്നലുള്ള ഒരു കുമുലോ നിംബസ് മേഘത്തിനുള്ളിൽ ആരെങ്കിലുമോ എന്തെങ്കിലുമോ അകപ്പെട്ടാൽ ഷോക്കടിച്ചും തീപൊള്ളിയും നശിച്ചുപോകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അത്രയ്ക്ക് ഇലക്ട്രിക് കറന്റും താപവും മിന്നലുണ്ടാകുമ്പോൾ ഉണ്ടാകുന്നുണ്ട്.

ഇടിമിന്നലുള്ള ഒരു കുമുലോ നിംബസ് മേഘത്തിനുള്ളിൽ ആരെങ്കിലുമോ എന്തെങ്കിലുമോ അകപ്പെട്ടാൽ ഷോക്കടിച്ചും തീപൊള്ളിയും നശിച്ചുപോകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അത്രയ്ക്ക് ഇലക്ട്രിക് കറന്റും താപവും മിന്നലുണ്ടാകുമ്പോൾ ഉണ്ടാകുന്നുണ്ട്. വിമാനങ്ങൾ ഇത്തരം മേഘങ്ങളിൽ അകപ്പെടാതിരിക്കാൻ പ്രത്യേക മുൻകരുതലുകൾ എടുക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ കുമുലോ നിംബസ് മേഘത്തിന്റെ അടിഭാഗത്ത് കേന്ദ്രീകരിക്കുന്ന നെഗറ്റീവ് ചാർജ്ജുകളെ ആകർഷിക്കാൻ തക്കവണ്ണം ഭൂമിയുടെ ഉപരിതലത്തിൽ പോസിറ്റീവ് ചാർജ്ജുള്ള അയോണുകൾ ഉത്തേജിതമാകുന്നു. ഒരു ഘട്ടത്തിൽ അതായത് ആവശ്യം വേണ്ട പൊട്ടൻഷ്യൽ വന്നാൽ മേഘത്തിലുള്ള നെഗറ്റീവ് ചാർജ്ജുകൾ ഭൂമിയുടെ ഉപരിതലത്തിലേക്ക് പ്രവഹിക്കുന്നു. അതായത് ഉയർന്ന വോൾട്ടേജുള്ള ഇലക്ട്രിക് കറന്റും ഭൂമിയുടെ പ്രതലത്തിലേക്ക് എത്തുന്നു. ഇത്തരം ഇലക്ട്രിക് കറന്റിന്റെ പ്രവാഹ ദിശയിൽ ആരെങ്കിലും ഉണ്ടെങ്കിൽ അവരിൽക്കൂടി കറന്റ് പ്രവഹിക്കും. ഇതുമൂലം മരണം വരെ സംഭവിക്കും. മരങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽ മേഘത്തിൽ നിന്നും ഭൂമിയുടെ പ്രതലത്തിലേക്കുള്ള ഇലക്ട്രിക് കറന്റ് മരത്തിൽകൂടി പ്രവഹിച്ചുകൊള്ളും. ഉണങ്ങാത്ത മരം നല്ലൊരു ഇലക്ട്രിക് കണ്ടക്ടറായതു

മിക്ക കെട്ടിടങ്ങളുടെ മുകളിലും ലൈറ്റ്നിങ്ങ് അറസ്റ്റർ ഘടിപ്പിക്കുന്നത് ഇന്ന് ഒരു പതിവു കാഴ്ചയാണ്. മുള്ളുപോലുള്ള ചെമ്പുകമ്പികളും, ചെമ്പു പട്ടകളോ വയറുകളോ ഉപയോഗിച്ചുണ്ടാക്കുന്ന ഒരു സംവിധാനമാണിത്. കെട്ടിടങ്ങളുടെ മുകളിലുള്ള മുള്ളുപോലുള്ള ചെമ്പുകമ്പികൾ ചെമ്പുപട്ടകളോ തടിയുള്ള ചെമ്പുകമ്പികളോകൊണ്ട് ഭൂമിയുടെ പ്രതലവുമയി ബന്ധിപ്പിച്ചിട്ടുണ്ടാകും. വലിയ ഉയരമുള്ള കെട്ടിടങ്ങളുടെ മുകളിൽ രൂപപ്പെടുന്ന ഇടിമിന്നലിൽ നിന്നുമുണ്ടാകുന്ന ഇലക്ട്രിക് ചാർജ്ജ് വളരെവേഗം ഈ കോപ്പർകമ്പികളിൽ കൂടി ഭൂമിയുടെ പ്രതലത്തിലെത്തുന്നതിനാൽ കെട്ടിടത്തിനോ അതിലെ ആളുകൾക്കോ, ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കോ കേടുപാടുകൾ സംഭവിക്കുകയില്ല.

കൊണ്ടാണിത്. ഒരു സ്ഥലത്ത് ഇടിമിന്നലുള്ളപ്പോൾ മരത്തിനരികിൽ പോയി നിൽക്കുന്നത് സുരക്ഷിതമല്ല എന്ന് പറയാനുള്ള കാരണം ഇതാണ്. ഇലക്ട്രിക് സ്പാർക്ക് മൂലം ചുറ്റുമുള്ള വായു ചൂടുപിടിക്കുന്നതുകൊണ്ടാണ് ഇടിമിന്നലുണ്ടാകുമ്പോൾ ചിലർക്ക് തീപൊള്ളലേൽക്കുന്നത്.

കുമുലോ നിംബസ് മേഘത്തിനുള്ളിൽ മിന്നലും ഇടിയും ഒരുമിച്ച് ഉണ്ടാകുന്നുണ്ടെങ്കിലും മിന്നലാണ് നാം ആദ്യം കാണുന്നത്. ഇതിനു കാരണം പ്രകാശവേഗത ശബ്ദവേഗതയേക്കാൾ എത്രയോ മടങ്ങ് അധികമായതിനാലാണ്. പ്രകാശവേഗത ഒരു മണിക്കൂറിൽ ഏകദേശം 108 കോടി കിലോമീറ്ററാണ്. എന്നാൽ ശബ്ദവേഗത മണിക്കൂറിൽ ഏകദേശം 1200 കിലോമീറ്റർ മാത്രമെയുള്ളൂ. അതായത് പ്രകാശം ഒരു മണിക്കൂറിൽ ഏകദേശം നൂറ്റിഎട്ട്കോടി കിലോമീറ്റർ സഞ്ചരിക്കുമ്പോൾ ശബ്ദം ഏകദേശം ആയിരത്തി ഇരുന്നൂറ് കിലോമീറ്റർ മാത്രമെ സഞ്ചരിക്കുന്നുള്ളൂ. ഈ വേഗവ്യത്യാസമാണ് ഇടിമിന്നലിൽ നമുക്കനുഭവപ്പെടുന്നത്. മിന്നലിൽ നിന്നുള്ള പ്രകാശം ആദ്യം നമ്മുടെ കണ്ണിൽ എത്തുന്നു. അതിനുശേഷം സാവധാനം മാത്രമെ ശബ്ദം നമ്മുടെ കാതുകളിൽ എത്തുന്നുള്ളൂ. ചിലപ്പോൾ മിന്നലും ഇടിയും ഏകദേശം ഒരേ സമയത്തു തന്നെ അനുഭവപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഇടിമേഘം നമ്മുടെ വാസസ്ഥലത്തിന്റെ തൊട്ടടുത്ത് തന്നെയുണ്ടെന്നാണ് അനുമാനിക്കേണ്ടത്.

വളരെ അടുത്തുള്ള ആകാശത്ത് ഇടിയും മിന്നലും ഉണ്ടാകുമ്പോൾ പുറത്തിറങ്ങാതിരിക്കുന്നതാണ് ഉത്തമം. ഇലക്ട്രിക് കറന്റ് മേഘത്തിൽ നിന്നും ഭൂമിയുടെ പ്രതലത്തിലേക്ക് പ്രവഹിക്കുവാൻ സാധ്യതയുള്ളതിനാലാണ് ഇപ്രകാരം പറയുന്നത്. ഇത്തരം കറന്റ് എപ്പോഴാണ് ഉണ്ടാകുക എന്ന് പ്രവചിക്കുവാൻ പ്രയാസമാണ്. ഏതു സമയത്തും ഇതു സംഭവിച്ചേക്കാം. ഇടിമിന്നലുണ്ടാകുമ്പോൾ ടി.വി. അടക്കമുള്ള വിലപിടിച്ച ഇലക്ട്രിക് ഉപകരണങ്ങളുടെ സ്വിച്ചുകൾ ഓഫാക്കുന്നത് ഉത്തമമാണ്. അതീവ തീവ്രതയുള്ള ഇലക്ട്രിക് പ്രവാഹം വല്ലതും ഇലക്ട്രിക് വയറുകളിൽക്കൂടി ഈ സമയത്തു നടക്കുകയാണെങ്കിൽ ഉപകരണങ്ങൾക്കു കേടുപറ്റാതിരിക്കാനാണിത്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇടിമിന്നലുണ്ടാകുന്ന സമയത്ത് ടെലിവിഷൻ ആന്റിനയുടെയും കേബിളിന്റേയും കണക്ഷനുകൾ വലിച്ചൂരാൻ ശ്രമിക്കരുത്. ഇത് അപകടത്തെ വിളിച്ചു വരുത്തുകയാവും ചെയ്യുക. ടെലിവിഷൻ ആന്റിനയുടെയും കേബിളിന്റേയും കണക്ഷനുകൾ വലിച്ചൂരുന്നത് അത്ര എളുപ്പമല്ല.

ഇടിമിന്നലുണ്ടാകുമ്പോൾ ടി.വി. അടക്കമുള്ള വിലപിടിച്ച ഇലക്ട്രിക് ഉപകരണങ്ങളുടെ സ്വിച്ചുകൾ ഓഫാക്കുന്നത് ഉത്തമമാണ്. അതീവ തീവ്രതയുള്ള ഇലക്ട്രിക് പ്രവാഹം വല്ലതും ഇലക്ട്രിക് വയറുകളിൽക്കൂടി ഈ സമയത്തു നടക്കുകയാണെങ്കിൽ ഉപകരണങ്ങൾക്കു കേടുപറ്റാതിരിക്കാനാണിത്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇടിമിന്നലുണ്ടാകുന്ന സമയത്ത് ടെലിവിഷൻ ആന്റിനയുടെയും കേബിളിന്റേയും കണക്ഷനുകൾ വലിച്ചൂരാൻ ശ്രമിക്കരുത്. ഇത് അപകടത്തെ വിളിച്ചു വരുത്തുകയാവും ചെയ്യുക.

പോരാത്തതിനു നമ്മുടെ വിരലും അതിലെ ലോഹഭാഗങ്ങളും തമ്മിൽ നേരിട്ടു സ്പർശനവും ഉണ്ടാകും. വല്ല വിധത്തിലും ഇലക്ട്രിക് കറന്റ് ആന്റിനയിൽ കൂടിയും കേബിളിൽകൂടിയും പ്രവഹിക്കുകയാണെങ്കിൽ അതിൽ നിന്നും ഷോക്കടിച്ചാൽ മരണം നിശ്ചയമായും സംഭവിക്കും.

ഇടിമിന്നലുണ്ടാകുമ്പോൾ ടെലിഫോൺ ചെയ്യാൻ പാടില്ല എന്നു പറയാറുണ്ട്. ഇതിനും കാരണമുണ്ട്. ചില സന്ദർഭങ്ങളിൽ ടെലിഫോൺ ടേബിളിൽക്കൂടിയും ഇടിമിന്നലിലെ ഇലക്ട്രിക് പ്രവാഹം നടന്നേക്കും. അങ്ങിനെയാകുമ്പോൾ അതും അപകടകാരി തന്നെ.

മിക്ക കെട്ടിടങ്ങളുടെ മുകളിലും ലൈറ്റ്നിങ്ങ് അറസ്റ്റർ ഘടിപ്പിക്കുന്നത് ഇന്ന് ഒരു പതിവു കാഴ്ചയാണ്. മുള്ളുപോലുള്ള ചെമ്പുകമ്പികളും, ചെമ്പുപട്ടകളോ വയറുകളോ ഉപയോഗിച്ചുണ്ടാക്കുന്ന ഒരു സംവിധാനമാണിത്. കെട്ടിടങ്ങളുടെ മുകളിലുള്ള മുള്ളുപോലുള്ള ചെമ്പുകമ്പികൾ ചെമ്പുപട്ടകളോ തടിയുള്ള ചെമ്പുകമ്പികളോകൊണ്ട് ഭൂമിയുടെ പ്രതലവുമയി ബന്ധിപ്പിച്ചിട്ടുണ്ടാകും. വലിയ ഉയരമുള്ള കെട്ടിടങ്ങളുടെ മുകളിൽ രൂപപ്പെടുന്ന ഇടിമിന്നലിൽ നിന്നുമുണ്ടാകുന്ന ഇലക്ട്രിക് ചാർജ്ജ് വളരെവേഗം ഈ കോപ്പർകമ്പികളിൽ കൂടി ഭൂമിയുടെ പ്രതലത്തിലെത്തുന്നതിനാൽ കെട്ടിടത്തിനോ അതിലെ ആളുകൾക്കോ, ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കോ കേടുപാടുകൾ സംഭവിക്കുകയില്ല. ലൈറ്റ്നിങ്ങ് അറസ്റ്റർ ഘടിപ്പിക്കുന്നത് ശരിയായ വിധത്തിലായിരിക്കണമെന്ന് മാത്രം. ചെമ്പ് നല്ലൊരു ഇലക്ട്രിക് കണ്ടക്ടറാണ്. ഇതിൽക്കൂടി ഇലക്ട്രിക് പ്രവാഹം വളരെവേഗം നടക്കും. തുരുമ്പു പിടിച്ച് പെട്ടെന്ന് കേടാകുകയില്ല. അതിനാലാണ് ലൈറ്റ്നിങ്ങ് അറസ്റ്റർ ചെമ്പ് (കോപ്പർ) കൊണ്ട് ഉണ്ടാക്കുന്നത്.

ഉയരംകുറഞ്ഞ കെട്ടിടങ്ങളുടെ സമീപമുള്ള ഉയരമുള്ള മരങ്ങൾ ചിലപ്പോൾ ലൈറ്റ്നിങ്ങ് അറസ്റ്ററുടെ ജോലിയെടുത്തുകൊള്ളും. ഉണങ്ങാത്ത മരങ്ങൾ നല്ല ഇലക്ട്രിക് കണ്ടക്ടറാണ്. മരങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിലെ ഉയരം കുറഞ്ഞ കെട്ടിടങ്ങൾക്കും അതിലെ ജീവജാലങ്ങൾക്കും ഇടിമിന്നലിൽ നിന്നുള്ള അപകട സാധ്യത കുറവായിരിക്കും. യാതൊരു തത്വദീക്ഷയുമില്ലാതെ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഇത്തരത്തിലുള്ള അപകടങ്ങളെയും ക്ഷണിച്ചുവരുത്തുകയാണെന്ന് സാരം. എല്ലാ ഇടിമിന്നലിൽ നിന്നും ഇലക്ട്രിക് കറന്റ് ഭൂമിയുടെ പ്രതലത്തിലേക്ക് പ്രവഹിക്കുകയില്ല. വളരെ അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമെ ഇതുണ്ടാകുകയുള്ളൂ. എല്ലാ ഇടിമിന്നലും അപകടകാരിയാണെന്ന് തെറ്റിദ്ധരിക്കരുത്. നമ്മുടെ അന്തരീക്ഷത്തിലുണ്ടാകുന്ന ഇടിമിന്നലിന്റെ മൊത്തം കണക്കെടുത്താൽ വിരലിലെണ്ണാവുന്ന ചിലത് മാത്രമെ ഭൂമിയിലെ ജീവജാലങ്ങൾക്ക് അപകടകാരിയാകുന്നുള്ളൂ. മിന്നലിന്റെ കാഠിന്യമനുസരിച്ച് മരങ്ങൾക്ക് പ്രതിരോധശക്തി കുറവാണെങ്കിൽ അത്തരം മരങ്ങൾ ഉണങ്ങിപ്പോകാൻ സാധ്യതയുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്രകാരം തെങ്ങുകളും മറ്റുചില മരങ്ങളും ഉണങ്ങിപ്പോയിട്ടുണ്ട്.

ഏപ്രിൽ, മെയ് മാസങ്ങളിലാണ് നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ഇടിമിന്നൽ ഉണ്ടാകുന്നത്. കുത്തനെയുള്ള മേഘങ്ങൾ രൂപപ്പെടുന്ന അവസരങ്ങളിലൊക്കെ ഇടിമിന്നലുണ്ടാകാൻ സാധ്യതയേറെയാണ്. തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ തുടക്കത്തിലും തുലാവർഷ കാലങ്ങളിലും ഇടിമിന്നലുണ്ടാകാറുണ്ട്. പ്രേത-പിശാചുകൾ മൂലമാണ് ഇടിമിന്നലുണ്ടാകുന്നതെന്നും അവയിൽനിന്നും രക്ഷനേടാൻ പൂജാദി കർമ്മങ്ങൾ ചെയ്യണമെന്നൊക്കെയുള്ള അബദ്ധധാരണ ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നതായി പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. ഭൂമിയിൽ സംഭവിക്കുന്ന പ്രതിഭാസങ്ങൾക്ക് പിന്നിൽ ശാസ്ത്രസത്യമുണ്ടെന്ന് മനസ്സിലാകുമ്പോൾ അത്തരം അബദ്ധധാരണകളും അന്ധവിശ്വാസങ്ങളും താനെ മാറിക്കൊള്ളും.■

ലേഖകൻ കോഴിക്കോട്
കേന്ദ്ര ജലവിഭവ വികസന പരിപാലന
കേന്ദ്രത്തിൽ ശാസ്ത്രജ്ഞനാണ്.
email: woodnilpradeep@yahoo.co.in
Phone: 9495478359

പേജ് 16ൽ നിന്നും **ശാസ്ത്രീയ കൃഷിരീതികൾ**

കൂവ

തെങ്ങ്, കമുക്, വാഴ, റബർ എന്നീ വിളകൾക്കിടയിൽ ഇടവിളയായി കൂവ കൃഷി ചെയ്തു വരുന്നു.

മേയ് അവസാന വാരത്തിലോ, ജൂൺ ആദ്യമോ മഴയുടെ ആരംഭത്തോടെ കൂവ കൃഷിയിറക്കാം. കിഴങ്ങു കഷ്ണങ്ങളാണ് നടാൻ ഉത്തമം. ഉദ്ദേശം 6–7 സെന്റീമീറ്റർ നീളത്തിൽ 2–4 മുകുളങ്ങളുള്ള 20–25 ഗ്രാം തൂക്കം വരുന്ന കഷ്ണങ്ങളാണ് നടാൻ ഉപയോഗിക്കുന്നത്. കിളിർപ്പുകളാണ് ഉപയോഗിക്കുന്നതെങ്കിൽ കിഴങ്ങുകൾ വിളവെടുക്കുന്ന സമയത്തുതന്നെ കിളിർപ്പുകൾ മാറ്റി ഞാറ്റടിയിൽ 30–40 സെന്റീമീറ്റർ അകലത്തിൽ നടണം. ഈ കിളിർപ്പുകളിൽ നിന്നുണ്ടാകുന്ന പുതിയ ചെടികളെ പിഴുതെടുത്ത് തണ്ടും വേരും അടങ്ങുന്ന 10 സെന്റീമീറ്റർ നീളത്തിലുള്ള ഭാഗം മാത്രം നിർത്തി ബാക്കി മുറിച്ചു കളഞ്ഞ് പ്രധാന കൃഷിയിടത്തിൽ നടാനായി ഉപയോഗിക്കണം.

മഴയ്ക്കു മുമ്പായി നിലം നന്നായി ഉഴുതോ, കിളച്ചോ പരുവപ്പെടുത്തി ആവശ്യാനുസരണം നീളത്തിൽ ഒരു മീറ്റർ വീതിയിൽ 15–20 സെന്റീമീറ്റർ പൊക്കത്തിൽ 50 സെന്റീമീറ്റർ അകലത്തിൽ വാരങ്ങൾ എടുക്കണം. ഇതിൽ 20–25 ഗ്രാം തൂക്കം വരുന്ന കിഴങ്ങു കഷ്ണങ്ങൾ 15–30 സെന്റീമീറ്റർ അകലത്തിൽ നടുക. ഉദ്ദേശം 5 ടൺ വിത്തു കിഴങ്ങ് ഒരു ഹെക്ടർ സ്ഥലം നടുന്നതിനായി വേണ്ടിവരും. നട്ട ഉടൻ കരിയിലയോ, പച്ചിലയോ, തെങ്ങോലയോ കൊണ്ട് പുതയിടുന്നത് 60–65 ശതമാനം വരെ വിളവു വർദ്ധിപ്പിക്കാൻ സഹായിക്കുന്നു എന്നു പരീക്ഷണ ഫലങ്ങൾ തെളിയിക്കുന്നു. ഉദ്ദേശം 15–20 ദിവസം കൊണ്ടും കിഴങ്ങു പൊടിക്കുന്നു.

നടുന്ന സമയത്തു ഹെക്ടറിന് 10 ടൺ ചാണകമോ, കമ്പോസ്റ്റോ ഇടണം. ഹെക്ടറിന് 50 കിലോഗ്രാം പാക്യജനകം, 25 കിലോഗ്രാം ഭാവഹം, 75 കിലോഗ്രാം ക്ഷാരം എന്നിവ കിട്ടത്തക്ക വിധത്തിൽ രാസ വളങ്ങൾ ചേർക്കണം. ഇതിൽ ഭാവഹം (125 കിലോഗ്രാം രാജ് ഫോസ്) നടുന്ന സമയത്തു മുഴുവനായി നൽകുക. പകുതി വീതം പാക്യജനകവും (55 കിലോഗ്രാം യൂറിയ) ക്ഷാരവും (63 കിലോഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) നട്ട് ഒരു മാസം കഴിഞ്ഞും, ബാക്കിയുള്ള പാക്യജനകവും (55 കിലോഗ്രാം യൂറിയ), ക്ഷാരവും (63 കിലോഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) ഒരു മാസം കൂടി കഴിഞ്ഞും നൽകുക. ഈ രണ്ടു സന്ദർഭങ്ങളിലും കളകൾ മാറ്റി ഇട കിളച്ച് മണ്ണണച്ചു കൊടുക്കണം.

ഉദ്ദേശം 10–11 മാസം കൊണ്ട് കൂവ വിളവെടുക്കാം. ഏകദേശം 20–25 ടൺ കിഴങ്ങ് ഒരു ഹെക്ടറിൽ നിന്ന് ലഭിക്കുന്നതാണ്. കിഴങ്ങുകളിൽ ഉദ്ദേശം 16–18% അന്നജം അടങ്ങിയിട്ടുണ്ട്.

മേയ് അവസാന വാരത്തിലോ, ജൂൺ ആദ്യമോ മഴയുടെ ആരംഭത്തോടെ കൂവ കൃഷിയിറക്കാം. കിഴങ്ങു കഷ്ണങ്ങളാണ് നടാൻ ഉത്തമം. ഉദ്ദേശം 6 – 7 സെന്റീമീറ്റർ നീളത്തിൽ 2 – 4 മുകുളങ്ങളുള്ള 20 – 25 ഗ്രാം തൂക്കം വരുന്ന കഷ്ണങ്ങളാണ് നടാൻ ഉപയോഗിക്കുന്നത്.

കൂർക്ക

ജൂലായ് മുതൽ ഒക്ടോബർ വരെ കൂർക്ക നടാൻ പറ്റിയ സമയമാണ്. നടുന്നതിനു ഒന്നര മാസം മുമ്പ് ഞാറ്റടി തയ്യാറാക്കുക. ഒരു ഹെക്ടർ സ്ഥലത്തേക്ക് ആവശ്യമായ നടീൻ വസ്തുക്കൾ ലഭിക്കുന്നതിന് ഏകദേശം 500 ചതുരശ്രമീറ്റർ സ്ഥലം ഞാറ്റടിയായി വേണം. ഒരു ചതുരശ്രമീറ്ററിന് ഒരു കിലോഗ്രാം എന്നതോതിൽ കാലി വളം ഇടുക. 60X45 സെന്റീമീറ്റർ അകലത്തിൽ വാരങ്ങളോ, കൂനകളോ എടുക്കുക. കിഴങ്ങുകളോ, വള്ളി തലപ്പുകളോ നട്ട് ഞാറ്റടി തയ്യാറാക്കാം. 500 ചതുരശ്രമീറ്റർ സ്ഥലത്തേക്ക് നല്ല ആരോഗ്യമുള്ള 15–20 ഗ്രാം തൂക്കം വരുന്ന 75–100 കിലോഗ്രാം കിഴങ്ങുകൾ ഉദ്ദേശം വേണ്ടിവരും. നട്ടു മൂന്നാഴ്ച കഴിയുമ്പോൾ 5 കിലോഗ്രാം യൂറിയ ഇട്ടാൽ വള്ളികൾ പുഷ്ടിയോടെ വളരുന്നു. നട്ട് 45 ദിവസം കഴുയുമ്പോൾ 10–15 സെന്റീമീറ്റർ നീളത്തിൽ വേരുകളില്ലാത്ത വള്ളികൾ തലപ്പത്തുനിന്നു മുറിച്ചെടുക്കുക. പ്രധാന കൃഷിയിടം 15–20 സെന്റീമീറ്റർ താഴ്ചയിൽ ഉഴുതോ,കിളച്ചോ പരുവപ്പെടുത്തിയ ശേഷം അതിൽ 45 സെന്റീമീറ്റർ അകലത്തിൽ വള്ളികൾ ലംബമായോ കിടത്തിയോ 4–5 സെന്റീമീറ്റർ താഴ്ചയിൽ തലപ്പത്തുള്ള മുകുളങ്ങൾ പുറത്തു കാണത്തക്ക രീതിയിൽ നടണം. ഹെക്ടറിന് 10 ടൺ ചാണകം 30 കിലോഗ്രാം പാക്യജനകം, 60 കിലോഗ്രാം ഭാവഹം, 50 കിലോഗ്രാം ക്ഷാരം എന്നിവ കിട്ടത്തക്ക വിധത്തിൽ രാസവളങ്ങൾ നടുന്ന സമയത്തു വിതറുക. (65 കിലോഗ്രാം യൂറിയ, 300 കിലോഗ്രാം രാജ് ഫോസ്, 83 കിലോഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) നട്ട് 45 ദിവസം കഴിഞ്ഞ് 30 കിലോഗ്രാം പാക്യ ജനകവും 50 കിലോഗ്രാം ക്ഷാരവും ഇടുക (65 കിലോഗ്രാം യൂറിയ, 83 കിലോഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) മേൽ വളപ്രയോഗത്തോടൊപ്പം തന്നെ ഇട കിളച്ച് മണ്ണു നനച്ചു കൊടുക്കയും വേണം.

മധുരകിഴങ്ങ് ഇനമായ ശ്രീ ഭദ്ര ഒരു കെണി വിളയായി കൂർക്കയ്ക്ക് മുമ്പായി മേയ്-ജൂൺ മാസങ്ങളിൽ നട്ടാൽ നിമാവിരശല്യം കുറയ്ക്കാൻ സാധിക്കും. നട്ട് 4–5 മാസത്തിനു ശേഷം വള്ളികൾ ഉണങ്ങി തുടങ്ങുമ്പോൾ വിളവെടുപ്പു നടത്താം. ഒരു ഹെക്ടർ കൂർക്കയിൽ നിന്ന് 50,000 രൂപയോളം അറ്റാദായം ലഭിക്കുന്നതാണ്.■

ലേഖകർ തിരുവനന്തപുരം കിഴങ്ങുവർഗ്ഗ ഗവേഷണകേന്ദ്രത്തിൽ ശാസ്ത്രജ്ഞരാണ്.

നവമാനവികതയുടെ ശബ്ദം
പേജ് 9ൽ നിന്ന്

യഥാർഥ വികേന്ദ്രീകരണം

ഗ്രാമീണസമ്പദ്ഘടനയുടെ പുനരുദ്ധാരണത്തിലൂടെ മാത്രമേ ഈ ഉയർത്തെഴുന്നേൽപ് സാധ്യമാവൂയെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു. ഗാന്ധിയൻ സങ്കൽപത്തിലുള്ള ഗ്രാമീണ സമ്പദ്ഘടനയുടെ മുഖമുദ്ര വികേന്ദ്രീകരണമാണ്. സാമ്പത്തിക ശാസ്ത്രത്തിൽ വികേന്ദ്രീകൃത മേഖല എന്നാൽ ഗ്രാമങ്ങളിൽ നിലനിൽക്കുന്ന കുടിൽ വ്യവസായങ്ങൾ എന്നത്രെ. വ്യവസായങ്ങൾ ഗ്രാമങ്ങളിൽ ചിതറിക്കിടക്കുന്നതുകൊണ്ട് വികേന്ദ്രീകരണമാവുന്നില്ല. അതിന്റെ കാഴ്ചപ്പാടിലും പ്രവർത്തനശൈലിയിലും സമഗ്രതയിലുമാണ് വികേന്ദ്രീകരണത്തിന്റെ ആത്മാവ് കുടികൊള്ളുന്നത്. മൂർത്തമായ ഒരു ലക്ഷ്യത്തിലേക്ക് ഒരേ മനസ്സോടെ വിവിധ ഘടകങ്ങൾ അവയുടെ കർത്തവ്യങ്ങൾ സ്വയമേവ നിറവേറ്റി മുന്നേറുമ്പോൾ മാത്രമേ ഗാന്ധിയൻ സങ്കല്പത്തിലുള്ള വികേന്ദ്രീകരണം യാഥാർഥ്യമാവുകയുള്ളൂ.

ഗാന്ധിജി പറഞ്ഞു: "രണ്ടുതരത്തിലുള്ള ചിന്താഗതികളാണ് ഇന്ന് ലോകത്തുള്ളത്. ഒന്ന് ലോകത്തെ നഗരങ്ങളായി വിഭജിക്കാനുള്ള ശ്രമം; മറ്റൊന്ന് ഗ്രാമങ്ങളായും. ഗ്രാമ,നഗര സംസ്കാരങ്ങൾ തീർത്തും വിഭിന്നങ്ങളാണ്. ഒന്ന് കരകൗശലങ്ങളെ പ്രതിനിധാനം ചെയ്യുന്നു. മറ്റൊന്ന് വൻകിട വ്യവസായങ്ങളേയും. നാം മുൻഗണന നൽകേണ്ടത് ഇതിൽ ആദ്യത്തേതിനാണ്. കാരണം അത് ഭാരതത്തിന്റെ ആത്മാവുമായി ലയിച്ചുചേർന്നതാണ്. നമ്മുടെ സാമ്പത്തിക വളർച്ചയുടെ വേരുകൾ ഇപ്പോഴും ലക്ഷോപലക്ഷം വരുന്ന ഗ്രാമങ്ങളിലാണ്; അപൂർവം ചില നഗരങ്ങളിലല്ല. അതുകൊണ്ടുതന്നെ സാമ്പത്തിക ശക്തിയുടെ വികേന്ദ്രീകരണം ഗ്രാമങ്ങൾ അടിസ്ഥാനമാക്കിയാവണം. അതാവട്ടെ ഒരോ ഗ്രാമത്തേയും സ്വയംപര്യാപ്തതയിലേക്ക് നയിക്കാനുതകുന്നതും".

വികേന്ദ്രീകരണം എന്ന ഗാന്ധിയൻ സ്വപ്നം കേവലം സാമ്പത്തികാടിസ്ഥാനത്തിലുള്ളതല്ല. അത് സമൂഹജീവിതത്തിന്റെ മുഖമുദ്രയാണ്. അത് സാധ്യമാകണമെങ്കിൽ ഉൽപാദന, വിതരണരംഗങ്ങളിൽ മാത്രമല്ല, രാഷ്ട്ര ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വികേന്ദ്രീകരണം അനിവാര്യമാണ്. കാരണം, അദ്ദേഹത്തിന്റെ സമൂഹസങ്കൽപം സമഗ്രമായിരുന്നു. എല്ലാം പരസ്പരാശ്രിതം. ഒരു പ്രശ്നത്തേയും വേറിട്ടുകാണാൻ അദ്ദേഹം തയ്യാറായില്ല.

ചൂഷണത്തിന്റെ വൈദേശിക മുഖം

ഓരോ ഗ്രാമവും അവയ്ക്കാവശ്യമായതെല്ലാം അവിടെത്തന്നെ ഉത്പാദിപ്പിക്കണമെന്ന് ഗാന്ധിജി നിർദേശിച്ചു. ബ്രിട്ടീഷുകാർ വരുന്നതിനു മുമ്പ് അങ്ങനെയൊരു സുവർണകാലം ഭാരതത്തിനവകാശപ്പെടാനുണ്ട്. ഓരോ ഗ്രാമത്തിലും ഒട്ടേറെ കുടിൽ വ്യവസായങ്ങളുണ്ടായിരുന്നു. ഗ്രാമീണരുടെ ആവശ്യങ്ങൾ നിർവഹിക്കാൻ അവ പര്യാപ്തവുമായിരുന്നു. ബ്രിട്ടീഷുകാരുടെ വരവോടെ സ്ഥിതി മാറി. അവർ രണ്ടുതരത്തിൽ നമ്മെ ചൂഷണം ചെയ്തു. നമ്മുടെ ഗ്രാമങ്ങളിൽ നിന്ന് അസംസ്കൃതവസ്തുക്കൾ തട്ടിയെടുത്ത് അവർ സ്വന്തം രാജ്യത്തേക്ക് കയറ്റി അയച്ചു. പകരം അവിടെ നിന്നുള്ള ഉത്പന്നങ്ങൾ അവിടെ കൂമ്പാരം കൂട്ടി. ഇത് നമ്മുടെ ഗ്രാമ സമ്പദ്‌വ്യവസ്ഥയെ അപ്പാടെ അട്ടിമറിച്ചു. അടിമത്തത്തിന്റെ ശാശ്വത രൂപമാവും ഇതെന്ന് കണ്ട ഗാന്ധിജി വികേന്ദ്രീകൃത ഗ്രാമവ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പരിശ്രമിച്ചു. അങ്ങനെ സ്വയംപര്യാപ്തതയിലൂടെ ഗ്രാമസമ്പദ്ഘടന ശക്തിപ്പെടുത്താനും. സ്വദേശി മനോഭാവമായിരുന്നു ആ പ്രയത്നങ്ങളുടെയെല്ലാം ആന്തരസത്ത.

ബദൽവികസനത്തിന്റെ മന്ത്രാക്ഷരികൾ

തൊഴിലില്ലായ്മ, സമ്പദ്ശക്തിയുടെ കേന്ദ്രീകരണം, അന്യവത്കരണം, ചൂഷണം, തുടങ്ങിയ കാതലായ പ്രശ്നങ്ങൾക്ക് ട്രസ്റ്റീഷിപ്പിലൂടെ പരിഹാരം കാണാനാകുമെന്ന് ഗാന്ധിജി സമർത്ഥിച്ചു. അതിന്റെ പ്രായോഗികതയെപ്പറ്റി ഇ.എഫ്. ഷുമാക്കർ, ജെ.സി. കുമരപ്പ, ഹെൻഡേഴ്സൻ, കാപ്ര തുടങ്ങിയ സാമ്പത്തികശാസ്ത്രജ്ഞർക്ക് തെല്ലും സംശയമുണ്ടായിരുന്നില്ല. പുതിയൊരു ലോകക്രമം കെട്ടിപ്പടുക്കാൻ ഗാന്ധിജിയുടെ ഈ കാഴ്ചപ്പാടുകൾ ഉപകരിക്കുമെന്ന് അവർ ഏകസ്വരത്തിൽ അഭിപ്രായപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവർ രൂപകൽപ്പനചെയ്ത ഇന്റർമീഡിയറ്റ് ടെക്നോളജി, സോഫ്റ്റ്ടെക്നോളജി, ടെക്നോളജി വിത്ത് എ ഹ്യൂമൻഫേസ് (മനുഷ്യത്വമുഖമുള്ള സാങ്കേതികവിദ്യ), എന്നിവ ഇന്ന് ബദൽവികസനത്തിന്റെ മന്ത്രാക്ഷരികളായി മാറിയിരിക്കുന്നു.

ഗാന്ധിജി തന്റെ വികസനസങ്കൽപങ്ങളിൽ ഊന്നൽ നൽകിയത് പ്രധാനമായും മൂന്ന് കാര്യങ്ങൾക്കാണ്: ഒന്ന്: ജീവിക്കാൻ അത്യാവശ്യമുള്ളതിൽ കവിഞ്ഞതൊക്കെ സമൂഹത്തിനായി സ്വയം സമർപ്പിക്കാനുള്ള മനോഭാവം, രണ്ട്: നിർബന്ധമായ കായികാധ്വാനം, മൂന്ന്: സാമൂഹികാധിഷ്ഠിത (നവീന) വിദ്യാഭ്യാസം.

ചൂഷകനും ചൂഷിതരുമില്ലാത്ത, സാമൂഹിക നീതിയും സമ്പത്തിന്റെ നീതിപൂർവമായ വിതരണവും ലക്ഷ്യമാക്കുന്ന ഈ സങ്കൽപങ്ങൾ ഒരു നവമാനവികതയുടെ പ്രകടനപത്രികയായി പുതിയൊരു ലോകം സ്വപ്നം കാണുന്ന, ചിന്തിക്കുന്ന സമൂഹം ഇന്ന് ഉയർത്തിക്കാട്ടുന്നു. നവസമൂഹരചനയ്ക്കായുള്ള അന്വേഷണപരീക്ഷണങ്ങൾക്ക് മാർഗ്ഗരേഖയായി അനുദിനം അവ മാറിക്കൊണ്ടിരിക്കുന്നു. നാം എന്നാണ് അതിന്റെ പൊരുൾ തിരയുക? ■

കെ. രാജഗോപാലൻ മാസ്റ്റർ

വികസനത്തിലേക്ക് കുതിക്കുന്ന കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ പന്ത്രണ്ട് ബ്ലോക്ക് പഞ്ചായത്തുകളിൽ വിസ്തൃതിയിലും ജനസംഖ്യയിലും ഒന്നാമതാണ് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്. ഇക്കഴിഞ്ഞ വാർഡ് വിഭജനത്തിൽ കോടഞ്ചേരി പഞ്ചായത്ത് കൊടുവള്ളി ബ്ലോക്കിലേക്ക് മാറ്റപ്പെട്ടുവെങ്കിലും ഇപ്പോഴും ഒൻപത് ഗ്രാമപഞ്ചായത്തുകൾ അടങ്ങിയ ബ്ലോക്ക് പഞ്ചായത്താണിത്.

ഭരണസമിതികളുടെ കാര്യത്തിൽ കേരളം പരക്കെ അറിയപ്പെട്ടിരുന്ന കാലുമാറ്റങ്ങളും അവിശ്വാസങ്ങളും നടന്നൊരു ബ്ലോക്ക് പഞ്ചായത്തായിരുന്നു ഇത്.

എന്നാൽ ഇക്കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ഇരുമുന്നണികളും ഒൻപത് വീതം തുല്യസീറ്റുകൾ നേടിയപ്പോൾ പ്രസിഡന്റ് സ്ഥാനം നറുക്കെടുപ്പിൽ ഇടതുമുന്നണിക്കും വൈസ് പ്രസിഡന്റ് സ്ഥാനം വലത് മുന്നണിക്കും ലഭിച്ചു. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഭരണമുന്നണി ഒത്തൊരുമയിലേക്ക് നീങ്ങി. പിന്നീട് നടന്ന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരുടെ തെരഞ്ഞെടുപ്പ് സമവായത്തിൽ കലാശിച്ചു.

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സന്ദർശിച്ച പി.ടി.എ. റഹീം എം.എൽ.എയുമായി ഭരണസമിതി ചർച്ച നടത്തുന്നു.

അവിടുന്നങ്ങോട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ശുക്രദശ തെളിഞ്ഞു എന്നു തന്നെ പറയാം. യാതൊരു അഭിപ്രായവ്യത്യാസവുമില്ലാതെ ഭരണസമിതി ഒറ്റക്കെട്ടായി നീങ്ങുന്നു. ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ട എം.എൽ.എ മാരെയും എം.പി.മാരെയും ഉൾപ്പെടുത്തി വികസന മാർഗ്ഗരേഖകൾ തയ്യാറാക്കി.

ഭരണസമിതിയും സ്റ്റാഫ് കൗൺസിലും ചേർന്ന് നടത്തിയ ഓണാഘോഷ പരിപാടികൾ.

പതിനെട്ട് കോടി രൂപയുടെ വികസന പദ്ധതികൾക്ക് വളരെവേഗത്തിൽ ഡി.പി.സി. അംഗീകാരം കിട്ടി. തൊഴിലുറപ്പ് പദ്ധതിയിലും ഐ.സി.ഡി.എസ്സ് മേഖലയിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു.

കുന്ദമംഗലത്ത് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കണമെന്ന ശുപാർശയ്ക്ക് സർക്കാരിന്റെ അംഗീകാരം ലഭിച്ചു.

മുടങ്ങിക്കിടന്നിരുന്ന വിവിധ പദ്ധതികൾ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളെയും ട്രേഡ് യൂണിയൻ നേതാക്കളെയും ഒന്നിച്ചിരുത്തി ചർച്ചചെയ്ത് പ്രശ്നങ്ങൾ പരിഹരിച്ച് പ്രവർത്തികൾ പുരോഗമിക്കുന്നു.

പൈക്ക മത്സരങ്ങൾ, ഐ.ആർ. ഡി.പി. മേള എന്നിവയിൽ കുന്ദമംഗലം ബ്ലോക്കിന് മികച്ച പങ്കാളിത്തമായിരുന്നു. കോഴിക്കോട് ജില്ലയിലെ പന്ത്രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ മാറ്റുരച്ച ഐ.ആർ.ഡി.പി മേളയിൽ വിറ്റുവരവിൽ ഒന്നാം സ്ഥാനം കുന്ദമംഗലം ബ്ലോക്കിന് ലഭിച്ചു.

ബ്ലോക്ക് പഞ്ചായത്തിലെയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെയും ജീവനക്കാരെ ഒറ്റക്കെട്ടായി സഹകരിപ്പിക്കാൻ കഴിയുന്നു എന്നത് ഭരണസമിതിയുടെ വിജയമാണ്. ■

ലേഖകൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനാണ്

പഞ്ചായത്ത് രാജ്

വീണാറാണി. ആർ

കരനെൽകൃഷിക്ക് കിനാനൂർ മാതൃക

കാസറഗോഡ് ജില്ലയിൽ നീലേശ്വരം ബ്ലോക്കിലെ ഒരു മലയോര പ്രദേശമാണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്. ആകെ വിസ്തീർണ്ണത്തിന്റെ മൂന്നിലൊന്നു ഭാഗവും ചെങ്കൽപ്പാറ നിറഞ്ഞ പ്രദേശം. ഏകദേശം 50 ഹെക്ടർ വയലിലാണ് കിനാനൂർ കരിന്തളം പഞ്ചായത്തിൽ ഒന്നാംവിള നെൽ കൃഷിയെടുക്കുന്നത്. രണ്ടും മൂന്നും വിളകൾ പച്ചക്കറി കൃഷിക്കു വഴിമാറി കൊടുക്കുന്നതാണ് ഇവിടത്തെ രീതി.

ഭക്ഷ്യസുരക്ഷാ രംഗത്ത് മുന്നേറുക എന്ന ലക്ഷ്യത്തോടെയാണ് ഈ വർഷത്തെ പദ്ധതികൾ തെരഞ്ഞെടുത്തത്. നെൽവയലുകളുടെ വിസ്തൃതി കൂടാനുള്ള സാധ്യത തീരെയില്ലാത്തതിനാൽ കരനെൽകൃഷിക്കു മുൻതൂക്കം നൽകി. പുനം കൃഷിയുടെ സാധ്യതകൾ പൊടിതട്ടിയെടുത്തു. റബ്ബറിന്റെ വളർച്ചയിൽ വിസ്മൃതിയിലാണ്ട പുനം കൃഷി പുതുമയോടെ നടപ്പാക്കാനായതാണ് കര നെൽകൃഷിയുടെ വിജയത്തിന് വിത്തുപാകിയത്. കിനാനൂർ കരിന്തളം പഞ്ചായത്തിലെ 200 ഏക്കർ സ്ഥലത്താണ് പുതുതായി കരനെൽകൃഷി ചെയ്തു വിജയിപ്പിച്ചത്.

പദ്ധതി നടപ്പാക്കുന്നതിനായി കർഷകരുടെയും സ്വാശ്രയസംഘങ്ങളുടെയും കുടുംബശ്രീകളുടെയും ജനശ്രീ ഗ്രൂപ്പുകളുടെയും യോഗമാണ് ആദ്യം വിളിച്ചുകൂട്ടിയത്. കർഷകരുടെ കൃഷിയിടത്തിൽ മാത്രമല്ല സ്ക്കൂളുകളിലും സർക്കാർ സ്ഥാപനങ്ങളിലും കരനെൽകൃഷിക്കായി സ്ഥലം നീക്കിവെച്ചു. കാടു വെട്ടിത്തെളിച്ചു നിലം കരിച്ചാണ് കരനെൽകൃഷിക്ക് ഒരുക്കം കൂട്ടിയത്. പുനം കൃഷിയുടെ സ്മരണകൾ ഉണർത്തിക്കൊണ്ട് നിലം നന്നായി കിളച്ചൊരുക്കി. ടില്ലറും ട്രാക്ടറും തന്നെ നിലമൊരുക്കുന്നതിനു വേണ്ടിവന്നു. കരനെൽകൃഷിയായതിനാൽ പൊടിവിതയാണ് പ്രധാനമായും അവലംബിച്ചത്. ചില സംഘങ്ങൾ വിത്തും ജൈവവളവും പ്രത്യേക അനുപാതത്തിൽ ചേർത്തു നുരിയിട്ടു. അടിവളമായി ചാണകവളവും മറ്റു ജൈവവളങ്ങളുമാണ് ചേർത്തത്. പുനം കൃഷിയിലെ പ്രധാന ആയുധമായ പരുവ ഒരു വ്യാഴവട്ടത്തിനുശേഷം മണ്ണു തൊട്ടതു കരനെൽകൃഷിയിലാണെന്നു പറയാം. വിത്ത് വാലിയതിനുശേഷം പരുവ കൊണ്ട് കൊത്തി ചേർത്ത രീതിയിലാണ് വിതച്ചത്. വെള്ളം കെട്ടിനിർത്താൻ പറ്റുന്ന പറമ്പുകളിൽ ഒറ്റ ഞാർ കൃഷിരീതി വിജയം കണ്ടു.

ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി കരനെൽകൃഷിക്കുള്ള വിത്ത് സൗജന്യമായാണ് നൽകിയത്. കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് ഏജൻസിയിൽ നിന്നും ആറര ടൺ 'ആതിര' നെൽവിത്താണ് കരനെൽകൃഷിക്കായി എത്തിയത്. കീടരോഗ പ്രതിരോധശേഷിയും വളർച്ചയും ചിനപ്പും കൂടുതലുള്ളത് കരനെൽകൃഷിയിൽ ആതിരയ്ക്കാണെന്ന് അനുഭവത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ചാഞ്ഞു വീഴുന്ന സ്വഭാവം ആതിരയ്ക്കില്ലായെന്നു തന്നെ പറയാം. പടന്നക്കാട് കാർഷിക കോളേജിന്റെ സഹകരണത്തോടെ നടത്തിയ ഫീൽഡ് ട്രയലിൽ 'വൈശാഖും' 'സ്വർണ്ണപ്രഭയും' കരനെൽകൃഷിയിലെ നാളെയുടെ താരങ്ങളാണെന്ന് ഓർമ്മിപ്പിച്ചു.

കളകളാണ് കരനെൽകൃഷിയിലെ പ്രധാന ശത്രുക്കൾ. ഒന്നാം കളയെടുപ്പിനു ശേഷം രാസവളം വിതറി. നെല്ല് വിരിഞ്ഞപ്പോഴേക്കും മഴ കുറഞ്ഞതും പിന്നീടുണ്ടായ കോരിച്ചൊരിയുന്ന മഴയും പൊതുവേ പരിഭ്രാന്തിയുണ്ടാക്കി. യഥാസമയം സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃഷിഭവൻ ഉദ്യോഗസ്ഥർ കരനെൽകൃഷിയിടം സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകി. കതിരുവന്നതിനു ശേഷം അനുകൂല കാലാവസ്ഥ കിട്ടിയതിനാൽ നല്ല വിളവാണ് ലഭിച്ചത്. കൃഷി വകുപ്പിന്റെ ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം ഏക്കറിന് 2000/- രൂപ നിരക്കിലുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് വിതരണം ചെയ്തത് തീർത്തും അനുഗ്രഹമായി.

ഇന്ത്യയിൽ 9 കോടി ടൺ അരിയാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്. അടുത്ത 10 വർഷത്തിനുള്ളിൽ ഉൽപ്പാദനം 12 കോടി ടണ്ണാക്കുവാൻ നമുക്ക് സാധിച്ചില്ലെങ്കിൽ അടുത്ത പട്ടിണി മരണം 2020-ൽ സംഭവിക്കുമെന്ന് സാമ്പത്തിക പ്രസിദ്ധീകരണങ്ങൾ പ്രവചിച്ചു കഴിഞ്ഞു. നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം വിപരീതദിശയിലായിരിക്കെയാണ് ഈ ഉൽപ്പാദന വളർച്ചയിലേക്ക് നാം എത്തിച്ചേരേണ്ടത് എന്ന് ഓർക്കണം. ഈ സാഹചര്യത്തിൽ 25 വർഷത്തിനുമേൽ പ്രായമായ തെങ്ങിൻ തോട്ടങ്ങളിലും 3 വർഷം വരെ പ്രായമായ റബ്ബർ തോട്ടങ്ങളിലും നെൽകൃഷി ഇടവിളകളാക്കിയേ പറ്റൂ.

പഞ്ചായത്ത് ഭരണസമിതിയുടെയും കാസറഗോഡ് ജില്ലയിലെ കൃഷിവകുപ്പിലെ മേലുദ്യോഗസ്ഥരുടെയും സഹകരണവും കിനാനൂർ കരിന്തളം കൃഷിഭവൻ ഉദ്യോഗസ്ഥരുടെ ഇച്ഛാശക്തിയും കൊണ്ടുമാണ് ഒട്ടേറെ പ്രതിബന്ധങ്ങൾ നേരിടേണ്ടി വന്നിട്ടും ഇങ്ങനെയൊരു പദ്ധതി ഏറ്റെടുത്ത് വിജയിപ്പിക്കുവാൻ സാധിച്ചത്. ■

ലേഖിക കൃഷി ഓഫീസറാണ്
email : veena4raghavan@gmail.com

മുരളീധരൻ തഴക്കര

പരമ്പര - 28

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

ഒരു നാടിന്റെ സ്വത്വവും അസ്തിത്വവും തീരുമാനിക്കുന്നതിൽ സസ്യലതാദികൾക്ക് വലിയ പങ്കുണ്ട്. കാശ്മീരിന്റെ തിരിച്ചറിയൽ രേഖയിലെ അടയാളം കുങ്കുമപ്പുവാകുന്നത് അതുകൊണ്ടാണ്. കേരളത്തെയും നമുക്ക് പൂക്കളുടെ നന്മകൊണ്ട് തിരിച്ചറിയാവുന്നതാണ്. പണ്ടൊക്കെ നാം കേരളത്തെ പൂക്കളുടെ നാട് എന്ന നിലയിൽ കണ്ടിരുന്നു. നാട്ടുപുവുകളുടെ വലിയൊരു നിര നമുക്കുണ്ടായിരുന്നു. അവയുടെ ഇനവും തരവും പേരും നമുക്കറിയാമായിരുന്നു. അവയിലൂടെ നാം തിരിച്ചറിഞ്ഞത് ഇവിടത്തെ പ്രകൃതിയേയും കാലാവസ്ഥയേയും മണ്ണിന്റെ സ്വഭാവത്തെയുമായിരുന്നു. പൂവുകൾ ഭൂമി നമുക്ക് നൽകിയ സൗന്ദര്യത്തിന്റെ സാരസാഗ്രഹം മാത്രമായിരുന്നില്ല, ജനനം മുതൽ മരണം വരെ നമ്മുടെ ജീവിതത്തോടൊപ്പം ആചാരങ്ങളിലൂടെ അനുഷ്ഠാനങ്ങളിലൂടെ ഉത്സവങ്ങളിലൂടെ പിന്തുടർന്ന് പോകുന്ന യാഥാർത്ഥ്യം കൂടിയായിരുന്നു. ഇവിടെ പൂക്കളുമായി ബന്ധപ്പെട്ട് പ്രചാരത്തിലുള്ള ചില പദങ്ങൾ സമാഹരിക്കുകയാണ്. ചിലത് പ്രചാരലോപം വന്നവയാണ്- പൂക്കളെ തൊട്ടുപോയാൽ ഇനിയുമെത്രയോ വാക്കുകൾ കണ്ടെത്താൻ കഴിയും. അതിലേക്കുള്ള ചൂണ്ടുപലകയാകട്ടെ ഈ വാക്കുകൾ.

നാട്ടുപൂക്കൾ

നാട്ടുപൂക്കൾ എന്ന പ്രയോഗത്തിലൂടെ തന്നെ ഒരു കാര്യം ബോധ്യമാകും. കാട്ടുപൂക്കളും, വൈദേശിക ഇനങ്ങളും ഉണ്ടാകുമെന്നത് തീർച്ച. ശംഖുപുഷ്പം, നിത്യകല്ല്യാണി, നാലുമണിപ്പൂവ്, പത്തുമണിപ്പുവ്, ചെത്തി, നന്ത്യാർവട്ടം, അരിപ്പൂവ്, ചെമ്പരത്തി, കോളാമ്പി, കൊങ്ങിണി, തുമ്പ, എണ്ണക്കാടൻ തുടങ്ങി എണ്ണമറ്റ ഇനം നാട്ടുപൂക്കൾ ഇവിടെ സമൃദ്ധമായി ഉണ്ടായിരുന്നു. ഓണത്തിന് പൂക്കളമിടാൻ തൊടിയിലും വയൽവരമ്പിലും മലമ്പുരയിടങ്ങളിലും വളർന്നിരുന്ന ഈ നാട്ടുപൂക്കളാണ് ഉപയോഗിച്ചു വന്നിരുന്നത്.

പൂകൃഷി

വിലകൊടുത്ത് പൂക്കൾ വാങ്ങി ഉപയോഗിക്കുന്ന ഒരു രീതി വ്യാപകമായതോടെ വാണിജ്യ പ്രാധാന്യമുള്ള പൂചെടികൾ നട്ടുവളർത്തി അവയുടെ പൂക്കൾ വിൽപ്പന നടത്തുന്നത് ആദായകരമായ ഒരു സംരംഭമായിരിക്കുന്നു. ഓർക്കിഡ്, ആന്തൂറിയം, ഹെലിക്കോണിയ, ട്യൂബ് റോസ്സ്, ജമന്തി, അരളി, മുല്ല, പിച്ചി തുടങ്ങിയുള്ള പൂക്കൾ കൃഷി ചെയ്ത് രാജ്യത്തിനകത്തും പുറത്തും കച്ചവടം നടത്തുന്ന ബിസ്സിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർ ധാരാളമുണ്ട്. 'പൂവിറ്റ കടയിൽ പുല്ല് വില്ക്കരുത്' എന്നാണല്ലോ പഴമൊഴി.

പൂക്കളം

ഓണമെത്തിയാൽ അത്തം മുതൽ പത്ത് ദിവസവും മുറ്റത്ത് കളമൊരുക്കി പൂക്കളങ്ങൾ ഇട്ടിരുന്നു. പൂക്കളങ്ങൾ ഒരുക്കിയാണ് നാം ഓണത്തപ്പനെ വരവേറ്റിരുന്നത്. പണം കൊടുത്ത് പൂക്കൾ കടയിൽ നിന്നും വാങ്ങിയായിരുന്നില്ല പൂക്കളങ്ങളിട്ടിരുന്നത്. തൊടികളായ തൊടികളിലൊക്കെ അലഞ്ഞ് നടന്ന് നാട്ടുപൂക്കൾ ശേഖരിച്ച് ആ പൂക്കൾ കൊണ്ടായിരിന്നു പൂക്കളമിട്ടിരുന്നത്. ക്രിത്രിമ ചായങ്ങളും നിറം പിടിപ്പിച്ച ഉപ്പു പരലും മറ്റും കൊണ്ട് പൂക്കളമൊരുക്കുന്ന നിലയിലേക്ക് നാം മാറിയിരിക്കുന്നു. പൂക്കള മൽസരങ്ങളും മറ്റും നടക്കുമ്പോൾ ആയിരക്കണക്കിന് രൂപയുടെ പൂക്കളാണ് നാം വിപണിയിൽ നിന്നും വാങ്ങുന്നത്.

പൂവാടി

"ഞങ്ങളുടെ സ്കൂളിന്റെ മുറ്റവും പരിസരവും ഒരു പൂവാടിയാക്കി മാറ്റുവാൻ കഴിഞ്ഞു" എന്ന് അദ്ധ്യാപകർ അഭിമാനത്തോടെ പറയാറില്ലേ? നാനാതരം ചെടികളാലും പൂക്കളാലും മനോഹരമാക്കി മാറ്റിയിരിക്കുന്ന സ്ഥലത്തെയാണ് പൂവാടി എന്നു സാധാരണ പറയുക.

പൂച്ചെണ്ട്

സ്വീകരണങ്ങളിലും സമ്മേളനവേദികളിലും അതിഥികളെ ആദരവോടെ സ്വീകരിക്കുന്നത് പൂച്ചെണ്ട് നൽകിയാണ്. വൈവിധ്യമാർന്ന പൂക്കളും ഇലകളും ഉപയോഗിച്ചുണ്ടാക്കുന്ന പൂച്ചെണ്ടുകൾക്ക് നല്ല വിലയുമാണ്. പല വലിപ്പത്തിലും പൂച്ചെണ്ടുകൾ തയ്യാറാക്കുന്നത് ഒരു കരവിരുതാണ്.

തോവാള

തമിഴ്നാട്ടിലെ ഈ പ്രദേശം പൂക്കച്ചവടത്തിന്റെ ഈറ്റില്ലമാണ്. നാനാജാതി പൂക്കൾ ടൺ കണക്കിനു വന്നു നിറയുന്ന തോവാളയിലെ പൂചന്ത അതിരാവിലെ മൂന്നര നാലുമണി മുതൽ തന്നെ സജീവമാകും. നിത്യേന ലക്ഷ കണക്കിന് രൂപയുടെ പൂക്കച്ചവടം നടക്കുന്ന തോവാളയിൽ നിന്നുള്ള പൂക്കളാണ് തെക്കൻ കേരളത്തിൽ കൂടുതലായി എത്തുന്നത്. പൂക്കൾ നിറച്ച നൂറുകണക്കിന് വാഹനങ്ങൾ അതിർത്തി കടന്ന് നിത്യേന കേരളത്തിലെത്തുന്നു.

പൂമരങ്ങൾ

വള്ളികളായി പടർന്നു വളരുന്നവയും കുറ്റിച്ചെടികളായി വളരുന്നവയുമായ പൂച്ചെടികൾ ധാരാളമുള്ളപ്പോൾ വൃക്ഷങ്ങളായി വളരുന്നവയുമുണ്ട്. ഇലഞ്ഞി, അശോകം, പാല, ചെമ്പകം തുടങ്ങിയവയെല്ലാം പൂമരങ്ങളാണ്. ഇലഞ്ഞിയും ചെമ്പകവും പാലയുമൊക്കെ പൂത്തു കഴിഞ്ഞാൽ അതിന്റെ ഹൃദ്യമായ സുഗന്ധം അകലങ്ങളിലുമെത്തും.

പൂമാല

പൂമാലകൾ അഥവാ പുഷ്പഹാരങ്ങൾക്ക് ആവശ്യമേറെയാണ്. തലയിൽ ചൂടുവാനുള്ള മുല്ലമാലയോ പിച്ചിമാലയോ തുടങ്ങി ക്ഷേത്രത്തിലേക്കാവശ്യമായ പല വലുപ്പത്തിലുള്ള മാലകളും വിവാഹത്തിനും സ്വീകരണത്തിനുമുള്ള മാലകളും തുടങ്ങി വിശിഷ്ട വ്യക്തികളെ സ്വീകരിക്കാനൊരുക്കുന്ന പടുകൂറ്റൻ പൂമാലകൾ വരെയുണ്ട്. ശബരിമല മണ്ഡല-മകരവിളക്കു കാലത്ത് മാത്രം കോടിക്കണക്കിന് രൂപയുടെ പൂമാലകളാണ് വിറ്റഴിയുന്നത്. 'കുരങ്ങന്റെ കൈയിൽ പൂമാല കിട്ടിയതുപ്പോലെന്നത്' പറഞ്ഞു പതിഞ്ഞ ഒരു ചൊല്ലാണെന്ന കാര്യവും ഇവിടെ ഓർക്കാം.

പൂച്ചട്ടി

വീടുകളുടെയും ഓഫീസുകളുടെയും മറ്റും മുന്നിൽ പൂന്തോട്ടമൊരുക്കുമ്പോൾ പലവലിപ്പത്തിലുള്ള മൺചട്ടികളിൽ പോട്ടിംഗ് മിശ്രിതം നിറച്ചാണ് ചെടികൾ നട്ടുവളർത്തുന്നത്. ഈ മൺചട്ടികളെ പൂചട്ടികൾ എന്നാണ് പറയുന്നത്. വരാന്തകളിലും കോറിഡോറുകളിലും മറ്റും തൂക്കിയിട്ട് ചെടികൾ വളർത്താവുന്ന പൂചട്ടികളുമുണ്ട്.

ദശപുഷ്പം

പത്തിനം പ്രാമാണികതയുള്ള നാട്ടുപൂവുകളാണ് ദശപുഷ്പങ്ങൾ. പൂവാംകുറുന്തൽ, മുയൽ ചെവി, കറുക, കൈയ്യോന്നി, നിലപ്പന, വിഷ്ണുക്രാന്തി, ചെറുള, ഉഴിഞ്ഞ, തിരുതാളി, മുക്കുറ്റി എന്നിവയാണ് ദശപുഷ്പങ്ങൾ. ആചാര-അനുഷ്ഠാന പ്രാധാന്യമേറെയുള്ള 'തിരുവാതിരയ്ക്ക്' തുടിച്ചു കുളികഴിഞ്ഞു തരുണിമാർ ദശപുഷ്പം ചൂടുന്ന ചടങ്ങുണ്ട്. കർക്കിടകമാസത്തിൽ ഔഷധകഞ്ഞി തയ്യാറാക്കുമ്പോഴും അതിന്റെ പ്രധാന ചേരുവകളിൽ ഒന്ന് ദശപുഷ്പങ്ങൾ ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീരാണ്.

ചെമ്പരത്തിതാളി

പൂച്ചെടിയായ ചെമ്പരത്തിയുടെ ഇലയും പൂവും നന്നായി ചതച്ചെടുത്തു അതിന്റെ കൊഴുത്ത സത്തെടുക്കുന്നതാണ് 'താളി'യായി ഉപയോഗിക്കുന്നത്. പഴയകാലത്ത് സ്ത്രീകൾ തലമുടിയിലെ അഴുക്ക് കളയുന്നതിന് ചെമ്പരത്തി താളിയാണ് ഉപയോഗിച്ചു പോന്നിരുന്നത്. ഇന്ന് വിപണിയിൽ കിട്ടുന്ന വില കൂടിയ മുന്തിയ തരം ഷാമ്പുവിനെക്കാളും മെച്ചപ്പെട്ടതായിരുന്നു പ്രകൃതിദത്തമായ ഈ ജൈവതാളി. മുടിക്ക് അഴകും ആരോഗ്യവും പ്രദാനം ചെയ്യുവാനുള്ള കഴിവും ഇതിനുണ്ടായിരുന്നു.

നന്ത്യാർവട്ടം

തൂവെള്ളപൂക്കളുണ്ടാകുന്ന ഔഷധമേന്മയുള്ള ഒരു പൂവാണിത്. മനോഹരമായ ഈ പൂക്കൾ മാല കെട്ടുന്നതിനും നല്ലതാണ്. നേത്രസംബന്ധമായ അസുഖങ്ങൾക്ക് ഒരു കൈകണ്ട ഔഷധമാണിത്. ഇവ പറിച്ച് വെള്ളത്തിലിട്ട് അടുത്ത ദിവസം രാവിലെ ഈ വെള്ളം കൊണ്ട് കണ്ണുകഴുകുന്നത് പല നേത്ര രോഗങ്ങൾക്കും ഫലവത്തായ ഒരു ചികിത്സയാണ്. ചെങ്കണ്ണ് വരുമ്പോൾ നാം അനുവർത്തിച്ചു പോരുന്ന ഒരു അമ്മൂമ്മ വൈദ്യ ചികിത്സയായിരുന്നു ഇത്. ■

(തുടരും)

ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്
ഫോൺ: 9447220197

ഒക്ടോബർ 2011

ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 22

റോയ് ചാക്കോ ഇളമണ്ണൂർ

കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള ചെലവ് ഈ നഗരത്തിലെ സാധാരണക്കാർക്കെല്ലാവർക്കും താങ്ങാവുന്നതിലധികമാണ്. ഭൂരിഭാഗം കുട്ടികളും സ്വകാര്യസ്കൂളുകളിലാണ് പഠിക്കുന്നത്. മലയാളികൾ പ്രത്യേകിച്ചും കുട്ടികളെ സ്വകാര്യ സ്കൂളുകളിൽ വിട്ടുപഠിപ്പിക്കുവാൻ താൽപര്യം കാട്ടുന്നു. തങ്ങൾ താമസിക്കുന്ന സ്ഥലവും മക്കൾ പഠിക്കുന്ന സ്കൂളും പലരും ഒരു സ്റ്റാറ്റസ് സിംബലായി കാണുന്നു. "മക്കൾ ഏതു സ്കൂളിലാണു പഠിക്കുന്നത്?" എന്ന ചോദ്യം ഡൽഹിയിലെ മലയാളികൾക്കിടയിൽ എപ്പോഴും ഉണ്ടാകും. അതിനു ലഭിക്കുന്ന മറുപടി അവരുടെ അന്തസ്സിനെ അളക്കാനുള്ള മാനദണ്ഡമാണെന്നുള്ള ഒരവസ്ഥ അവിടെ നിർഭാഗ്യവശാൽ നിലനിൽക്കുന്നുണ്ട്. മക്കൾ പഠിക്കുന്ന സ്കൂൾ അവിടെ മലയാളികളുടെ ഇടയിൽ ഒരു ചർച്ചാവിഷയം തന്നെയാണ്. താങ്ങാവുന്നതിലും വലിയ ഫീസാണ് മിക്കവാറും പബ്ലിക് സ്കൂളുകളിൽ. ഡൽഹിയിൽ പബ്ലിക് സ്കൂളുകൾ എന്നുവച്ചാൽ സ്വകാര്യ സ്കൂളുകൾ എന്നാണർത്ഥം. ഏഴാം ക്ലാസ്സിൽ ഒരു കുട്ടി നല്ലൊരു പബ്ലിക് സ്കൂളിൽ കൊടുക്കുന്ന ഫീസ് എത്രയാണെന്നറിയുക- അയ്യായിരം രൂപ. കൂടാതെ ബസ്സ് ഫീസ് ഇനത്തിൽ ആയിരം രൂപയും നൽകണം. മിക്കവാറും ഇടത്തരം പബ്ലിക് സ്കൂളുകളിലെല്ലാം മൂവായിരത്തി അഞ്ഞൂറിനും അയ്യായിരത്തിനും ഇടയിലായിരിക്കും ഒരു മാസത്തെ ഫീസ്. അതായത് ഒരു യു.പി സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് വേണ്ടി ഒരു വർഷം രക്ഷകർത്താക്കൾ ചിലവഴിക്കേണ്ടത് മുക്കാൽ ലക്ഷത്തോളം രൂപയാണ്. കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലും ഗവൺമെന്റ് സ്കൂളുകളിലും ഒരു യു.പി സ്കൂൾ വിദ്യാർത്ഥിക്ക് പഠിക്കാൻ ഒരു വർഷം വെറും 20 രൂപ മാത്രമാണ് രേഖാമൂലം പിരിക്കുന്നത്. പി.റ്റി.എ ഫണ്ട്, കമ്പ്യൂട്ടർ ഫീസ്, ബസ്സ് ഫീസ്സ് എന്നീ ഇനങ്ങളിലായി ഒരു വർഷം പരമാവധി രണ്ടായിരം രൂപകൂടി മാത്രമെ കേരളത്തിലെ ഒരു ഗവൺമെന്റ്/എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥിക്ക് ചെലവഴിക്കേണ്ടിവരുന്നുള്ളൂ. കമ്പ്യൂട്ടർ ഫീസ് പിരിച്ചുകൂട എന്നതാണ് നിയമം. കേരളത്തിലെ സ്വകാര്യ പബ്ലിക് സ്കൂളുകളിൽ ഫീസ് ഉണ്ട്. ഒരു മാസം ആയിരം രൂപ വരെ ഫീസ് നൽകി കേരളത്തിൽ പഠിക്കുന്ന കുട്ടികളും നിരവധി. ഇന്ത്യയിലെ നഗരങ്ങളിൽ ചില പ്ലേ സ്കൂളിൽ പോലും മാസം 3000 രൂപ ഈടാക്കുന്നുണ്ട്. എന്നാൽ ഫീസൊന്നും കൊടുക്കാതെ പഠിക്കാതെ ഗവൺമെന്റ് സ്കൂളുകളും ഇവിടെ ധാരാളമുണ്ട്. അവിടെ എല്ലാം നിറയെ കുട്ടികളുമുണ്ട്. എന്നാൽ തങ്ങളുടെ മക്കളെ അവിടെ വിട്ടു പഠിപ്പിക്കാൻ ഒരു മലയാളിക്കും താൽപര്യമില്ല. എത്ര കഷ്ടപ്പെട്ടായാലും ഏതെങ്കിലുമൊരു പബ്ലിക് സ്കൂളിൽ ചേർത്ത് പഠിപ്പിക്കാനാണ് മലയാളികൾ ആഗ്രഹിക്കുന്നത്. ഈ നഗരത്തിലെ പണക്കാരുടെ മക്കൾക്ക് പഠിക്കാനായും നിരവധി സ്കൂളുകളുണ്ട്. ഉദാഹരണമായി ജി.ഡി. ഗോയങ്ക സ്കൂളിൽ ഒരുമാസം ഇരുപതിനായിരത്തോളം രൂപയാണ് ഫീസ്. സൗകര്യങ്ങളിൽ ഉന്നതനിലവാരമാണ് ഈ സ്കൂൾ പുലർത്തുന്നത്. ക്ലാസ് റൂമുകളെല്ലാം എയർകണ്ടീഷൻ ചെയ്തവയാണ്. കുട്ടികളെ കൊണ്ടുപോകുന്നതും എ.സി ബസ്സുകളിൽമാത്രം. അങ്ങനെ പോകുന്നു, ഇത്തരം സ്കൂളുകളിലെ സൗകര്യങ്ങൾ.

ഡൽഹിയിലെ മിക്കവാറും എല്ലാ സ്കൂളുകളിലെയും പ്രവർത്തനം അതിരാവിലെ ആരംഭിക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്. രാവിലെ ആറരയ്ക്കും ഏഴുമണിക്കും ഒക്കെ സ്കൂൾ ആരംഭിച്ച് ഉച്ച ഒരു മണിയോടെ അവസാനിക്കും. അതായത് ഡൽഹിയിലെ വിദ്യാർത്ഥികൾക്ക് എല്ലാം ഉച്ചയോടെ വീട്ടിലെത്താം. ഈ വൻനഗരത്തിലെ ട്രാഫിക്ക് കൂടി പരിഗണിച്ചുകൊണ്ടാണ് ഈയൊരു സമയക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. രാവിലെ ഓഫീസ് ടൈമിനു മുൻപുതന്നെ രൂക്ഷമായ ഗതാഗത കുരുക്കിൽപെടാതെ കുട്ടികൾക്ക് വാഹനങ്ങളിൽ സ്കൂളിൽ എത്താൻ സാധിക്കുന്നു. അതുപോലെ ഓഫീസും ഫാക്ടറികളുമൊക്കെ വിടുന്ന സമയത്തിനു മുൻപു തന്നെ ഗതാഗത കുരുക്കിൽ പെടാതെ സ്കൂൾ കുട്ടികൾ അവരവരുടെ വീടുകളിൽ എത്തുകയും ചെയ്യുന്നു. എന്നാൽ മാതാപിതാക്കൾ ഉദ്യോഗസ്ഥരാണെങ്കിൽ കൊച്ചുകുട്ടികളെ ക്രഷിൽ എത്തിക്കേണ്ടി വരുന്നു(വീട്ടിൽ മറ്റാരുമില്ലെങ്കിൽ). അങ്ങനെ അതിനായി ഒരുമാസം ആയിരത്തോളം രൂപ വേറെ ചെലവും ഉണ്ടാകുന്നു. സ്കൂളിൽ നിന്ന് ഇത്തരം കുട്ടികളെ നേരിട്ട് ക്രഷിൽ ബസിലെത്തിച്ചു കൊള്ളും. ചുരുക്കം ചില പബ്ലിക്ക് സ്കൂളുകളിൽ അധ്യയന വർഷത്തിന്റെ ഏതു സമയത്തു ചെന്നാലും അഡ്മിഷൻ നൽകും. അപ്രകാരം ചെയ്യുന്ന ഒരു പബ്ലിക്ക് സ്കൂളിൽ അഡ്മിഷൻ ഫീസ് നാൽപതിനായിരം രൂപയാണെന്നും പ്രതിമാസം ഫീസ് അയ്യായിരം രൂപയാണെന്നും അറിയുന്നു. സ്കൂളുകളുടെ പേരുകൾക്ക് ഒരു പൊലിമ ഉണ്ടാകുവാൻ ഏതെങ്കിലുമൊരു പേരിനൊപ്പം ഇന്റർനാഷണൽ സ്കൂൾ എന്നു ചേർത്താണ് സ്കൂളിനു പേരിടുന്നത്. ചില പബ്ലിക്ക് സ്കൂളുകളിൽ പാചകം മുതൽ കുതിര സവാരിക്ക് വരെ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നുമുണ്ട്.

'കേരള സ്കൂളുകൾ' എന്നറിയപ്പെടുന്ന ഡൽഹിയിലെ നാലു സ്കൂളുകൾ നടത്തുന്നത് ഒരു സൊസൈറ്റിയാണ്. കേരള എഡ്യുക്കേഷൻ സൊസൈറ്റി എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നു. മലയാളികളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു. എട്ടാം ക്ലാസ് വരെ മലയാളം നിർബന്ധമായും പഠിക്കണമെന്ന നിയമമുണ്ട്. ഡൽഹി സംസ്ഥാന ഗവൺമെന്റിന്റെ എയിഡ് ലഭിക്കുന്ന സ്കൂളുകളാണിവ (എയ്ഡഡ് സ്കൂളുകൾ). സി.ബി.എസ്.സി സിലബസാണ്. ഡൽഹിയിലെ മലയാളികൾ അവരുടെ കുട്ടികളെ കേരള സ്കൂളിൽ വിട്ടു പഠിപ്പിക്കുന്നതിന് മുൻപ് വലിയ പ്രാധാന്യമാണ് നൽകിവന്നിരുന്നത്. 10 വർഷമായി ആ സമീപനത്തിൽ മാറ്റം വന്നിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വന്നു താമസിക്കുന്നവരാണ് ഡൽഹി ജനത. അതിനാൽ 'ഡൽഹിക്കാർ'എന്ന് പ്രത്യേകമായി അഭിമാനം കൊള്ളുന്നവർ, അങ്ങനെ പറഞ്ഞു നടക്കുന്നവർ ഇവിടില്ല. എല്ലാ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്കും എളുപ്പം ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പറ്റി വിവരം നൽകുന്നതിനായി സ്വകാര്യ പ്രസിദ്ധീകരണങ്ങൾ, ഡയറക്ടറികൾ അച്ചടിച്ചു വിൽക്കുന്നുണ്ട്. 'ഡൽഹിയിലെ സ്കൂളുകൾ' 'ഡൽഹിയിലെ പ്രശസ്തമായ സ്ഥാപനങ്ങൾ' 'ഡൽഹിയിലെ പോസ്റ്റ് ഗ്രാജ്വറ്റ് കോളേജുകൾ' മുതലായ പുസ്തകങ്ങൾ ഉദാഹരണം. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചും പ്രവേശന രീതിയെ കുറിച്ചും ഓരോ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകളെ കുറിച്ചുമെല്ലാം ഈ പുസ്തകങ്ങളിൽ വിശദമായി കൊടുത്തിട്ടുണ്ട്. ഡൽഹിയെ പല മേഖലകളായി തിരിച്ച് ഓരോ മേഖലയിലുമുള്ള കേന്ദ്രീയ വിദ്യാലയങ്ങൾ, പബ്ലിക് സ്കൂളുകൾ, ഗവൺമെന്റ് ബോയ്സ് സ്കൂളുകൾ, ഗവൺമെന്റ് ഗേൾസ് സ്കൂളുകൾ എന്നിവയുടെയെല്ലാം വിവരങ്ങൾ ഈ ഡയറക്ടറികളിൽ കൊടുത്തിട്ടുണ്ട്. ഡൽഹിയിൽ മുപ്പതിലേറെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉണ്ടെന്നറിയുക. അങ്ങനെയാകുമ്പോൾ ഈ നഗരത്തിൽ നൂറുകണക്കിന് സ്കൂളുകളുണ്ടെന്ന് മനസിലാക്കാമല്ലോ. ഒരു മാനേജ്മെന്റിന്റെ തന്നെ നിരവധി സ്കൂളുകൾ ഈ നഗരത്തിന്റെ പലഭാഗത്തുമായി ഉണ്ടാകും. ഉദാഹരണമായി അൻപതോളം ടി.എ.വി (ഒരു സ്വകാര്യ പബ്ലിക് സ്കൂളുകൾ) സ്കൂളുകൾ ഡൽഹിയിലുണ്ട്.

മക്കൾ പഠിക്കുന്ന സ്കൂളിന്റെ പേരിൽ അഭിമാനം കൊള്ളുന്നതു പോലെ, താമസിക്കുന്ന സ്ഥലത്തിന്റെ പേരിലും മലയാളികൾ ദുരഭിമാനം കൊള്ളാറുണ്ട്. ചില പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സമൂഹത്തിൽ വലിയ 'ഗ്ലാമർ' ഇല്ല എന്നാണ് അവരവരുടെയിടയിലെ പറച്ചിൽ. ചില സ്ഥലങ്ങളെ അവിടുത്തെ മലയാളികൾ തന്നെ 'വിലയില്ലാത്ത സ്ഥലമായി' വിലയിടുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്ന് കരുതുമത്രേ. ഒന്നും രണ്ടും മുറികളുള്ള (1 കിടപ്പുമുറി,1 ചെറിയ ഹാൾ, ചെറിയ അടുക്കള, ഇടുങ്ങിയ കക്കൂസ്) 'ജനത ഫ്ളാറ്റുകൾ' സ്വാഭാവികമായും ഇടത്തരക്കാർക്കു വേണ്ടിയുള്ളതാണ്. അവയ്ക്കു തന്നെ 20 ലക്ഷത്തോളം രൂപ വില വരുന്നു. ഇത്തരം ഫ്ളാറ്റുകൾ മാത്രമുള്ള പ്രത്യേക സ്ഥലങ്ങളുണ്ട്. അതുപോലെ വലിയ പോഷ് മേഖലകളും നിരവധി. ഉദാഹരണമായി അന്തർദേശീയ വിമാനത്താവളത്തിന് നാലു കിലോമീറ്റർ മാത്രം അകലെയുള്ള 'ദ്വാരക' എന്ന സ്ഥലം ഏഷ്യ ഭൂഖണ്ഡത്തിലെ തന്നെ ഒരു പോഷ് ഏര്യയാണ്. പണക്കാർ മാത്രം വസിക്കുന്ന മേഖല. ഇവിടെ രണ്ടു മുറിയുള്ള ഒരു ഫ്ളാറ്റിന് ഏറ്റവും കുറഞ്ഞ വില 60 ലക്ഷം രൂപയാണ്. ഇതേ ഫ്ളാറ്റ് മറ്റൊരു സാധാരണ സ്ഥലത്താണെങ്കിൽ അതിന്റെ പകുതി വിലയെ വരുകയുള്ളൂ. വസന്ത് വിഹാർ, വസന്ത് കുഞ്ജ് എന്നീ സ്ഥലങ്ങളൊക്കെ ഡൽഹിയിലെ പോഷ് മേഖലകളാണ്. ഇതു പോലെ നിരവധി ആഢംബര റെസിഡൻഷ്യൽ ഏര്യകൾ ഈ നഗരത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. അവിടങ്ങളിലെത്തുന്നവർക്ക് ആ വ്യത്യാസം തിരിച്ചറിയുവാനും സാധിക്കും. മാർക്കറ്റിൽ 5 കോടിയും 10 കോടിയുമൊക്കെ വില വരുന്ന വീടുകൾ മാത്രം ഇവിടങ്ങളിൽ അടുപ്പിച്ചടുപ്പിച്ച് കാണാം. വീടിന്റെ വിസ്തൃതി രണ്ടാം നിലയും മൂന്നാം നിലയും ഒക്കെ പണിഞ്ഞാകും പ്രദർശിപ്പിക്കുക. കാരണം, എത്ര പോഷ് വീടായാലും പത്തോ പതിനഞ്ചോ സെന്റ് വസ്തു ആയിരിക്കാം ഒരു പ്ലോട്ടിൽ ഉണ്ടാകുക. രണ്ടോ മൂന്നോ വലിയ വിലയുള്ള കാറുകൾ പാർക്കു ചെയ്യാനുള്ള സൗകര്യം കൂടി വീടിന്റെ പോർച്ചിൽ ഇല്ലാത്തതിനാൽ കാറുകൾ റോഡിലായിരിക്കും കിടക്കുക. ഇത്തരം സ്വകാര്യ റോഡുകൾക്ക് പ്രത്യേക ഗേറ്റും വാച്ച്മാനും ഒക്കെ ഉണ്ടാകും. വീതിയുള്ളൊരു സ്വകാര്യ റോഡ്, റോഡിനിരുവശവും അൻപതോളം വലിയ വീടുകൾ, റോഡിന്റെ ഇരുവശവും വലിയ വിലയുള്ള കാറുകൾ നിരനിരയായ് കിടക്കുന്ന കാഴ്ച, ഈ റോഡിലേക്ക് പ്രവേശിക്കുന്നിടത്ത് വലിയൊരു ഗേറ്റ്, ഗേറ്റിന്റെ സമീപം യൂണിഫോം ധരിച്ച സ്വകാര്യ സെക്യൂരിറ്റി ജീവനക്കാരൻ, ആ ജീവനക്കാരന് മഴനനയാതെയും വെയില് കൊള്ളാതെയും കയറി നിൽക്കാനുള്ള ബങ്ക്-ഈ ചിത്രമാണ് കോടീശ്വരന്മാരുടെ വാസസ്ഥലങ്ങളിലെ പതിവുകാഴ്ച. സിംഹം പോലെയുള്ള പട്ടികളെ പിടിച്ചുകൊണ്ട് രാത്രികാലങ്ങളിൽ ഇവിടുത്തെ താമസക്കാർ റോഡുകളിലൂടെ നടക്കുന്നത് കാണാം. സമീപമുള്ള ചെറിയ പാർക്കുകളിലും ഒരുപക്ഷേ പട്ടിയുമായി നടക്കാൻ വന്നേക്കാം. നായ്ക്കും നായയുടെ ഉടമസ്ഥനും ഇതൊരു എക്സർസൈസ് കൂടിയാണ്. ■

(തുടരും...)

ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്.
ഫോൺ: 9495969923

വാർത്തകളും വിശേഷങ്ങളും

മരാമത്ത് പ്രവൃത്തികൾ: പുതുക്കിയ ഷെഡ്യൂൾ നിരക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി

പൊതുമരാമത്തു വകുപ്പിന്റെ 3.09.2011 ലെ സ.ഉ.(സാധാ) നം 1151/2011/പി.ഡബ്ലിയു.ഡി നംപർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച ഷെഡ്യൂൾ നിരക്ക് 3.09.2011 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി ഉത്തരവായി. 2010-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം ടെൻഡർ ചെയ്യുന്ന സിവിൽ പ്രവൃത്തികൾക്ക് പരമാവധി 15% വരെയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പരമാവധി 10% വരെയും ടെൻഡർ എക്സ്സസ് അനുവദിക്കുന്നതാണ്. ഇപ്രകാരം വരുന്ന അധിക തുകയ്ക്കുള്ള എസ്റ്റിമേറ്റ് പുതുക്കി പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയും ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരവും വാങ്ങിയിരിക്കേണ്ടതാണ്. ഈ അംഗീകാരങ്ങൾ ലഭ്യമായ പ്രവൃത്തികൾക്ക് മാത്രമേ മുഴുവൻ തുകയും നൽകാൻ പാടുള്ളൂ. ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമായിട്ടുള്ളതും സാങ്കേതിക അനുമതി നൽകിയിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, ആവശ്യമെങ്കിൽ, പുതുക്കിയ നിരക്കിൽ നൽകാവുന്നതാണ്. കരാർ ഉടമ്പടി ഒപ്പുവെച്ച പ്രവൃത്തികൾക്ക് മേൽ പ്രകാരമുള്ള വർദ്ധനവ് നൽകുന്നതല്ല. പുതുക്കിയ നിരക്ക് പ്രകാരം ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് ടെണ്ടർ എക്സ്സസ് നൽകുന്നതല്ല. എം.എൽ.എ, എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട്, വെള്ളപ്പൊക്ക/വരൾച്ചാ ദുരിതാശ്വാസ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾക്ക്, ആവശ്യമെങ്കിൽ, പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്. പുതുക്കിയ നിരക്ക് വർദ്ധന നടപ്പിലാക്കുമ്പോൾ/ടെൻഡർ എക്സ്സസ് അനുവദിക്കുമ്പോൾ വരുന്ന അധിക ഭാരം മൂലം ചില പദ്ധതികൾ മുഴുവനായോ ഭാഗികമായോ നടപ്പിലാക്കുവാൻ കഴിയില്ല. അതിനാൽ അധികതുക ഈ വർഷം ഈ മേഖലയ്ക്ക് നീക്കി വെച്ചതിൽ മിച്ചമുള്ള തുകയോ, തനത് ഫണ്ടോ ഉപയോഗിച്ച് പൂർത്തിയാക്കാവുന്നതാണ്. ഈ രണ്ടിൽ നിന്നും തുക ലഭ്യമാകുന്നില്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രവൃത്തിയായി അംഗീകാരം വാങ്ങിച്ച് തുക അനുവദിക്കാവുന്നതാണ്. ഗുണഭോക്തൃ സമിതികൾ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും മേൽ നിർദ്ദേശങ്ങൾ ബാധകമാണ്. (സ.ഉ (സാധാ.) നം 2284/2011/തസ്വഭവ തീയതി, 1.10.2011)

കുടുംബശ്രീയുടെ ധനവിനിയോഗം പരിശോധിക്കുന്ന ചുമതല ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്

കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷൻ ഓഫീസുകളിലെ ധനവിനിയോഗം പരിശോധിക്കുന്ന ചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തിന് നൽകി ഉത്തരവായി. (സ.ഉ.(എം.എസ്) നം. 236/2011/തസ്വഭവ, തീയതി 28/9/11)

റോഡ് പുനരുദ്ധാരണ പദ്ധതി – അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി സർക്കാർ അനുമതിയോടെ 2011-12 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഡി.പി.സി.യുടെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ (TAG) അംഗീകാരം നിർബന്ധമായും വാങ്ങേണ്ടതാണ്. ഇപ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതും 2011-12 വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപടികൾ ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതുമാണ്. (സ.ഉ.(ആർ.ടി.)നം. 2237/2011/ത.സ്വ.ഭ.വ, തീയതി 27.09.2011).

തെരുവുവിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) ടെൻഡറിംഗിലൂടെ നടപ്പിലാക്കാം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ പരിധിയിലുള്ള തെരുവുവിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കി കൊണ്ട് ടെൻഡറിംഗ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക് നൽകാവുന്നതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം. 3055/ഡിഎ3/2011/തസ്വഭവ. തീയതി 15.09.2011).

തെരഞ്ഞെടുപ്പിൽ മത്സരിച്ച അംഗൻവാടി ജീവനക്കാർക്ക് പുനർ നിയമനം

അംഗൻവാടിയിലെ ജോലി രാജിവച്ച് 2011ലെ തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിച്ച മുഴുവൻ അംഗൻവാടി ജീവനക്കാർക്കും പുനർനിയമനം നൽകാൻ ഉത്തരവായി. തെരഞ്ഞെടുപ്പിൽ മത്സരിച്ച് പരാജയപ്പെട്ട 46 അംഗൻവാടി വർക്കർമാർക്കും 24 ഹെൽപ്പർമാർക്കും അവർ ജോലി ചെയ്തിരുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തെ അംഗൻവാടികളിൽ നിയമനം നൽകും. നിലവിൽ അവിടെ ഒഴിവില്ലെങ്കിൽ സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകും. ബാക്കിയുള്ളവർക്ക് തുടർന്നുണ്ടാകുന്ന ഒഴിവിൽ നിയമനം നൽകും. തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചവർക്ക് അവരുടെ അംഗത്വ കാലാവധി തീരുന്ന മുറയ്ക്ക് നിയമനം നൽകും.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033